# പതിനഞ്ചാം കേരള നിയമസഭ

# പതിനൊന്നാം സമ്മേളനം

2024 ജൂൺ 27, വ്യാഴം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--350]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| കൃഷി വകുപ്പ് മന്ത്രി | : 3517 മുതൽ 3603 വരെ |
| ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി | : 3604 മുതൽ 3690 വരെ |
| ഗതാഗത വകുപ്പ് മന്ത്രി | : 3691 മുതൽ 3765 വരെ |
| ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി | : 3766 മുതൽ 3821 വരെ |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി | : 3822 മുതൽ 3866 വരെ |

## വിദ്യാലയങ്ങളിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

3517 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ കൃഷിയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും വിദ്യാലയങ്ങളിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കൃഷി വകുപ്പ് മുഖേന എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി ഏതെല്ലാം സ്കൂളുകളിൽ കൃഷി ആരംഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

## കൃഷിക്കാരുടെ വരുമാനം വർദ്ധിപ്പിക്കൽ

3518 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷക പ്രശ്നങ്ങൾ മനസിലാക്കി സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

## കൃഷി നാശമുണ്ടായവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് നടപടി

3519 **ശ്രീ. സണ്ണി ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങളുടെ ശല്യം മൂലം സംസ്ഥാനത്തെ മലയോര കർഷകരിൽ വലിയൊരു വിഭാഗം കൃഷി ഉപേക്ഷിക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഈ പ്രതിസന്ധി ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) കൃഷിയിടങ്ങളിലെ വന്യജീവി ആക്രമണം ഒഴിവാക്കുന്നതിന് മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര തുക വകുപ്പിന് അനുവദിച്ചിട്ടുണ്ടെന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നുമുള്ള വിവരം ഇനം തിരിച്ച് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(സി) മേൽപ്പറഞ്ഞ കാലയളവിൽ ഓരോ സാമ്പത്തിക വർഷവും വന്യജീവി ആക്രമണത്തിൽ കൃഷി നാശമുണ്ടായവർക്ക് നഷ്ടപരിഹാരമായി എത്ര തുക വിതരണം ചെയ്തിട്ടുണ്ടെന്നും ഇനിയും നഷ്ടപരിഹാരം വിതരണം ചെയ്യാനുള്ള എത്ര അപേക്ഷകൾ ഉണ്ടെന്നും സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

## കുട്ടനാട്ടിൽ കൃഷി ഉപേക്ഷിക്കുന്ന കർഷകർ

3520 **ശ്രീ. റോജി എം. ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ തുടർച്ചയായി വെള്ളപ്പൊക്ക ഭീഷണി നിമിത്തം കർഷകർ കൃഷി ഉപേക്ഷിക്കുന്നത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാറിന്റെ കാലം മുതൽ നാളിതുവരെ ഇത്തരത്തിൽ എത്ര കർഷകർ കൃഷി ഉപേക്ഷിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; കുട്ടനാട് മേഖലയിൽ എത്ര ഹെക്ടർ കൃഷിയിടങ്ങൾ നിലവിൽ കൃഷി ചെയ്യാതെ കിടക്കുന്നുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(സി) കാർഷികവൃത്തി ഉപേക്ഷിച്ച എത്ര പേരെ കുട്ടനാട്ടിൽ തിരികെ കൃഷിയിലേക്ക് കൊണ്ടുവരാൻ ഈ കാലഘട്ടത്തിൽ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) മുൻ സർക്കാരിന്റെ കാലം മുതൽ ഓരോ സാമ്പത്തിക വർഷവും കൃഷിയോടൊപ്പം കുട്ടനാട്ടിലെ കാർഷിക മേഖലയിലെ മറ്റ് പ്രവർത്തനങ്ങൾക്കായി നാളിതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും എത്ര തുക വിനിയോഗിച്ചിട്ടുണ്ടെന്നും ഏതൊക്കെ ഇനത്തിലാണ് വിനിയോഗിച്ചതെന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ?

## കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവും വിപണനവും.

3521 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവിനും വിപണനത്തിനും കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾക്ക് ഫലപ്രദമായി ഇടപെടാൻ കഴിയുന്നില്ല

എന്നത് വസ്തുതാപരമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) കാർഷികോൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവിനും വിപണനത്തിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നറിയിക്കുമോ;

(സി) സംസ്ഥാനത്ത് അഗ്രോ ബിസിനസ്സ് കമ്പനി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

**<u>കാർഷിക മേഖലയിലെ പൊതു മേഖലാ സ്ഥാപനങ്ങളുടെ വിപുലീകരണം</u>**

3522 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. എൻ. കെ. അക്ബർ**
**ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി പ്രത്യേക പഠനങ്ങൾ നടത്തിയിട്ടുണ്ടോ;

(ബി) ഇതിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദാംശം നൽകാമോ;

(സി) പ്രസ്തുത സ്ഥാപനങ്ങൾ വിപുലീകരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്നറിയിക്കാമോ; വിശദാംശം ലഭ്യമാക്കുമോ?

**<u>കാർഷിക ഉല്പന്നങ്ങൾക്ക് വിശാലമായ വിപണി ഉറപ്പാക്കാൻ നടപടി</u>**

3523 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. പ്രമോദ് നാരായൺ**
**ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷിക ഉല്പന്നങ്ങൾക്ക് വിശാലമായ വിപണി ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) തായ്‌ലൻഡ് മാതൃകയിൽ, സീസണലായി ലഭ്യമാകുന്ന കാർഷിക ഉല്പന്നങ്ങൾ ഉണക്കി സൂക്ഷിച്ച്, വർഷം മുഴുവൻ ഉപയോഗിക്കത്തക്ക വിധത്തിൽ മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; പ്രസ്തുത വിഷയത്തിന്മേൽ പഠനം നടത്താമോയെന്ന് വ്യക്തമാക്കുമോ;

(സി) ഒരു നിശ്ചിത പ്രദേശത്ത് സുലഭമായ ഉല്പന്നങ്ങൾ ദുർലഭമായ പ്രദേശങ്ങളിൽ എത്തിച്ച് അവയ്ക്ക് വിശാലമായ വിപണന സാധ്യത കണ്ടെത്തുവാൻ നടപടി സ്വീകരിക്കാമോ;

(ഡി) ഗ്രാമീണ കർഷകരിൽ നിന്ന് ശേഖരിക്കുന്ന ഉല്പന്നങ്ങൾ വിദൂര വിപണന കേന്ദ്രങ്ങളിലെത്തിക്കുന്നതിനായി പെരിഷബിൾ കാർഗോ സിസ്റ്റം തടസ്സരഹിതമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

**<u>കൃഷിയ്ക്ക് ജലസേചന സൗകര്യങ്ങളുടെ കുറവ്</u>**

3524 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷിയിടങ്ങളിലെ ജലസേചന സൗകര്യങ്ങളുടെ കുറവ് മൂലം കർഷകർ കൃഷി ഉപേക്ഷിക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഇപ്രകാരം എത്ര കർഷകർ കൃഷി ഉപേക്ഷിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) കാർഷികവൃത്തിക്ക് ആവശ്യമായ ജലലഭ്യത ഉറപ്പാക്കുന്നതിന് മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും എത്ര തുക വിനിയോഗിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം വർഷം തിരിച്ച് ലഭ്യമാക്കാമോ?

## മണലൂർ മണ്ഡലത്തിലെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി

3525 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിൽ കൃഷി വകുപ്പിന്റെ കീഴിൽ ചെയ്ത പ്രവൃത്തികൾ സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം നിലവിൽ ഏതെങ്കിലും പ്രവൃത്തികൾ പുരോഗമിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

## പിറവം മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ

3526 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം കാർഷിക മേഖലയിൽ പിറവം മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിവച്ച തുക എത്രയാണ്; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഈ സാമ്പത്തിക വർഷം ഏതെല്ലാം പ്രവൃത്തികൾക്കാണ് അംഗീകാരം നൽകാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

## കൃഷി വകുപ്പ് വിതരണം ചെയ്യുന്ന ഫല വൃക്ഷതൈകൾ

3527 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷിവകുപ്പ് 2020 മുതൽ നാളിതുവരെ എത്ര ഫലവൃക്ഷതൈകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ടെന്ന വിവരം വർഷം, ജില്ല എന്നിവ തിരിച്ച് ലഭ്യമാക്കുമോ; ഇതിന് വേണ്ടി പ്രതിവർഷം എത്ര രൂപ ചെലവ് വരുന്നുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇവ നൽകിയ ഇനത്തിൽ എത്ര രൂപ ഗുണഭോക്താക്കളിൽ നിന്നും ലഭിച്ചിട്ടുണ്ടെന്ന്

ജില്ല, വർഷം തിരിച്ച് കണക്കുകൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത കാലയളവിൽ സ്വകാര്യ നഴ്സറികൾ, സംരംഭകർ എന്നിവരിൽ നിന്നും ഫലവൃക്ഷ തൈകൾ വാങ്ങിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്ന തൈകൾ കൃഷി ഭവനുകൾ മുഖേന അർഹതപ്പെട്ടവർക്ക് നൽകുന്നുണ്ടെന്നും, അവ യഥാസമയം നട്ടുവെന്ന് ഉറപ്പ് വരുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

**<u>വാല്യൂ ആഡഡ് അഗ്രികൾച്ചർ മിഷന്റെയും ജൈവ കാർഷിക മിഷന്റെയും പ്രവർത്തനങ്ങൾ</u>**

3528 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാല്യൂ ആഡഡ് അഗ്രികൾച്ചർ മിഷന്റെയും ജൈവ കാർഷിക മിഷന്റെയും പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) കൃഷിക്കാരുടെ വരുമാനത്തിൽ വർദ്ധനവ് സൃഷ്ടിക്കുന്നതിനും സുരക്ഷിത ഭക്ഷണം ഉറപ്പാക്കുന്നതിനും പ്രസ്തുത പദ്ധതി എത്രമാത്രം പ്രയോജനകരമാകുമെന്ന് അറിയിക്കാമോ?

**<u>വൈഗ റിസോഴ്സ് സെന്റർ</u>**

3529 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ എല്ലാ ജില്ലകളിലും സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ച വൈഗ റിസോഴ്സ് സെന്റർ നിലവിൽ എവിടെയെല്ലാം സ്ഥാപിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തന ലക്ഷ്യങ്ങൾ വ്യക്തമാക്കാമോ?

**<u>കേരള ക്ലൈമറ്റ് റെസിലിയന്റ് അഗ്രി വാല്യൂ ചെയിൻ മോഡേണൈസേഷൻ പദ്ധതി</u>**

3530 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക ബാങ്ക് സഹായത്തോടെ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച കേരള ക്ലൈമറ്റ് റെസിലിയന്റ് അഗ്രി വാല്യൂ ചെയിൻ മോഡേണൈസേഷൻ പദ്ധതി (കെറ) യുടെ പ്രാരംഭ നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

**<u>കാർഷിക മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി നൂതന പദ്ധതി</u>**

3531 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ മാത്യു ടി. തോമസ്**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ കോവൂർ കുഞ്ഞുമോൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കാർഷിക മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി നൂതന പദ്ധതി ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) കാർഷിക മേഖലയിൽ, പ്രത്യേകിച്ച് നെൽകർഷകർക്ക് കൂടുതൽ ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

**ഇരിക്കൂർ മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്. പദ്ധതി**

3532 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇരിക്കൂർ മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷി വകുപ്പ് എന്തെല്ലാം പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്; പ്രസ്തുത പ്രവൃത്തികൾക്ക് ചെലവായ തുക, അവയുടെ പുരോഗതി എന്നിവ വിശദമാക്കുമോ;

(ബി) മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് പുതുതായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; അവയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

**വാമനപുരം മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്. പദ്ധതി**

3533 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ വാമനപുരം മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്. പദ്ധതി പ്രകാരം കാർഷിക മേഖലയിൽ എന്തെല്ലാം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്നും ഓരോ പദ്ധതിക്കും ചെലവാക്കിയ തുകയും വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ /പരിപാടികൾ നടപ്പാക്കുന്നതിന് മണ്ഡലത്തിൽ നിന്ന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അപേക്ഷകളുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ?

**ജൈവ കൃഷി പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകത**

3534 **ശ്രീ ജി എസ് ജയലാൽ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ വി ശശി**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഷരഹിതമായ ഭക്ഷ്യ സാധനങ്ങളുടെ ലഭ്യതയ്ക്കായി സംസ്ഥാനത്ത് ജൈവ കൃഷി പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ജൈവ കൃഷിയോടൊപ്പം പരിസ്ഥിതി സൗഹൃദ കൃഷിരീതികൾ കൂടി അവലംബിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കർഷകർക്കും കാർഷിക കൂട്ടായ്മകൾക്കും അവർ ജൈവകൃഷി നടത്തി ഉണ്ടാക്കുന്ന ഉല്പന്നങ്ങൾക്ക് ജൈവ സർട്ടിഫിക്കേഷൻ നൽകുന്നതിന് എന്തെല്ലാം

നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന വെളിപ്പെടുത്തുമോ;

(ഡി) ജൈവ കാർഷിക ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും മികച്ച വില ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

**ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായുള്ള കൃഷിക്കൂട്ടങ്ങൾ**

3535 **ശ്രീമതി ശാന്തകുമാരി കെ.** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായി എത്ര കൃഷിക്കൂട്ടങ്ങൾ രൂപവത്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കൃഷിക്കൂട്ടങ്ങളുടെ രൂപവത്ക്കരണത്തോടെ എത്ര തൊഴിലവസരങ്ങൾ കാർഷിക മേഖലയിൽ സൃഷ്ടിക്കാനായി എന്ന് അറിയിക്കാമോ?

**പച്ചക്കറികൾക്ക് താങ്ങുവില പ്രഖ്യാപിക്കാൻ നടപടി**

3536 **ശ്രീ . മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറികളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി പച്ചക്കറികൾക്ക് താങ്ങുവില പ്രഖ്യാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) സംഭരണ ഏജൻസികൾ കാർഷിക വിഭവങ്ങൾ ഏറ്റെടുക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

**പഴവർഗ്ഗങ്ങളുടെ ഉല്പാദനത്തിൽ സ്വയം പര്യാപ്തത നേടാൻ നടപടി**

3537 **ശ്രീ. കെ. ജെ. മാക്സി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഴവർഗ്ഗങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുവാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) നിലവിൽ ദൈനംദിനം സംസ്ഥാനത്തിനാവശ്യമായ പഴവർഗ്ഗങ്ങളുടെ തോത് എത്രയെന്നും അവയിൽ എത്രത്തോളം സംസ്ഥാനത്ത് ഉല്പാദനം നടത്തുന്നുവെന്നും ഇതര സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടതിന്റെ തോത് എത്രയെന്നും വ്യക്തമാക്കുമോ?

**തൃശ്ശൂർ ജില്ലയിൽ കഴിഞ്ഞ സീസണിൽ വിളവിറക്കിയ നെൽകൃഷിയുടെ വിസ്തൃതി**

3538 **ശ്രീ. മുരളി പെരുനെല്ലി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ കഴിഞ്ഞ സീസണിൽ നടത്തിയ നെൽകൃഷിയുടെ വിസ്തൃതി എത്രയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത വിസ്തൃതിയിൽ കൃഷി ഇറക്കുന്നതിന് വേണ്ടതായ നെൽവിത്തിന്റെ അളവ് എത്രയാണെന്ന് അറിയിക്കാമോ;

(സി) ഏതെല്ലാം ഏജൻസികൾ വഴിയാണ് നെൽവിത്ത് വിതരണം ചെയ്യുന്നതെന്ന വിവരം ലഭ്യമാക്കാമോ;

(ഡി) കഴിഞ്ഞ സീസണിൽ പ്രസ്തുത ഏജൻസികൾ വഴി കർഷകർക്ക് ആവശ്യത്തിന് വിത്തുകൾ വിതരണം ചെയ്തിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(ഇ) സർക്കാർ ഏജൻസികൾ വഴി മതിയായ വിത്ത് ലഭിക്കാത്ത സാഹചര്യത്തിൽ സ്വകാര്യ ഏജൻസികളിൽ നിന്നും ഗുണമേന്മയില്ലാത്ത വിത്തുകൾ വാങ്ങി വിളവിറക്കുന്നതുമൂലം ഉല്പാദനം കുറയുമെന്നതിനാൽ ഇത്തവണ കൃഷിക്ക് ഗുണമേന്മയുള്ള വിത്തുകൾ ആവശ്യത്തിന് വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

## വടക്കാഞ്ചേരി മണ്ഡലത്തിലെ നെൽ വയൽ ഉടമകളുടെ റോയൽറ്റി

3539 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ ഉടമകൾക്ക് 2023-24 കാലയളവിൽ റോയൽറ്റി ഇനത്തിൽ വടക്കാഞ്ചേരി മണ്ഡലത്തിലെ കൃഷിഭവനുകൾ വഴി വിതരണം ചെയ്ത തുകയുടെ വിശദാംശങ്ങൾ തരംതിരിച്ച് ലഭ്യമാക്കാമോ?

## കാസർഗോഡ് ജില്ലയിലെ നെൽകൃഷി

3540 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ നിലവിൽ നെൽകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം ബ്ലോക്ക് അടിസ്ഥാനത്തിൽ എത്ര ഹെക്ടറാണെന്ന് അറിയിക്കാമോ; ഓരോ ബ്ലോക്കിലും 2016 മുതൽ ഇന്നുവരെയുള്ള വാർഷിക ഉല്പാദനം എത്രയെന്ന വിവരം വർഷം തിരിച്ചും ബ്ലോക്ക് തിരിച്ചും വ്യക്തമാക്കാമോ?

## നെൽകൃഷി വിപുലീകരണം

3541 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നെൽകൃഷി വിപുലീകരണവുമായി ബന്ധപ്പെട്ട് തരിശുഭൂമി കൃഷിഭൂമിയാക്കി മാറ്റുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും എന്തൊക്കെ ആനുകൂല്യങ്ങളാണ് കർഷകർക്ക് നൽകി വരുന്നതെന്നും വ്യക്തമാക്കുമോ;

(ബി) ഭക്ഷ്യോല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്നും അത് എപ്പോൾ കൈവരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

## കുന്നത്തുനാട് മണ്ഡലത്തിൽ തരിശായി കിടക്കുന്ന നെൽപ്പാടങ്ങൾ

3542 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ നിലവിൽ എത്ര ഹെക്ടർ നെൽപ്പാടങ്ങൾ തരിശായി കിടക്കുന്നുവെന്നും പ്രസ്തുത പാടങ്ങളിൽ കൃഷി വ്യാപിപ്പിക്കുവാൻ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത ആവശ്യത്തിലേക്ക് 2021 മുതൽ എത്ര തുക അനുവദിച്ചുവെന്നും എത്ര തുക വിനിയോഗിച്ചുവെന്നും വിശദമാക്കാമോ?

**<u>പേരാമ്പ്ര മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി</u>**

3543 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളെയാണ് ഇതുവരെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് എന്തൊക്കെ പ്രവൃത്തികളാണ് മണ്ഡലത്തിൽ നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

**<u>കുണ്ടറ മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി</u>**

3544 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന ശേഷം കുണ്ടറ മണ്ഡലത്തിലെ ഏതൊക്കെ ഗ്രാമപഞ്ചായത്തുകളിലാണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കാമോ;

(ബി) കേരഗ്രാമം പദ്ധതി പ്രകാരം എന്തെല്ലാം സേവനങ്ങളാണ് കർഷകർക്ക് ലഭിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) മണ്ഡലത്തിലെ ഓരോ കൃഷിഭവനിലും എത്ര കർഷകർക്കാണ് ഇതിന്റെ ഗുണഫലം ലഭിക്കുന്നതെന്ന് വിശദമാക്കാമോ?

**<u>ആലത്തൂർ മണ്ഡലത്തിൽ കേരഗ്രാമം പദ്ധതി</u>**

3545 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേരഗ്രാമം പദ്ധതി മുഖേന ആലത്തൂർ മണ്ഡലത്തിൽ നാളികേര കൃഷിയിൽ എന്തെല്ലാം പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി മുഖേന മണ്ഡലത്തിനായി എത്ര തുക അനുവദിച്ചുവെന്നും നാളിതുവരെ എത്ര തുക ചെലവായിട്ടുണ്ടെന്നും അറിയിക്കുമോ;

(സി) മണ്ഡലത്തിലെ ഏതൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കാത്തതെന്നും അവിടെയൊക്കെ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ എന്നും അറിയിക്കാമോ?

**കർഷകരിൽ നിന്നും മുൻകൂട്ടി ഓർഡർ വാങ്ങി മാത്രം തെങ്ങിൻ തൈകൾ നൽകുന്നതിന് നടപടി**

3546 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പ് മുഖേന കർഷകർക്ക് വിതരണം ചെയ്യുന്നതിനുള്ള തെങ്ങിൻ തൈകൾ ആവശ്യക്കാരില്ലാതെ കൃഷി ഭവനുകളിൽ കിടന്ന് നശിക്കുന്നതായി സൂചിപ്പിക്കുന്ന പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആവശ്യക്കാരായ കർഷകരിൽ നിന്ന് മാത്രം മുൻകൂട്ടി ഓർഡർ വാങ്ങി തെങ്ങിൻ തൈകൾ നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

**റബ്ബർ പാർക്ക് സ്ഥാപിക്കാൻ നടപടി**

3547 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. എ. രാജ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റബ്ബറിന്റെ റീപ്ലാന്റിംഗ് സബ്സിഡി വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) റബ്ബർ കൃഷിക്ക് സഹായധനം നൽകുന്നതിനുള്ള ഘടകങ്ങൾ കേര പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) സംസ്ഥാനത്ത് റബ്ബർ മേഖലയെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി റബ്ബർ പാർക്ക് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; അറിയിക്കാമോ;

(ഡി) പ്രസ്തുത തീരുമാനത്തോടനുബന്ധിച്ച് ഉൾപ്പെടുത്താനുദ്ദേശിക്കുന്ന കാര്യങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

**മറ്റത്തൂർ സ്വാശ്രയ കർഷക സമിതി**

3548 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വി.എഫ്.പി.സി.കെ. യുടെ കീഴിലുള്ള കർഷക സമിതികൾക്ക് ദൂരെയുള്ള പുറം മാർക്കറ്റുകളിൽ നിന്നും പഴം, പച്ചക്കറികൾ എന്നിവ എത്തിക്കുന്നതിന് വണ്ടി വാടക ഇനത്തിൽ തുക അനുവദിച്ച് നൽകാറുണ്ടോ;

(ബി) മറ്റത്തൂർ സ്വാശ്രയ കർഷക സമിതിയ്ക്ക് പ്രസ്തുത ഇനത്തിൽ ലഭിക്കേണ്ട വണ്ടിവാടക തുക അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ?

**കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ഉല്പാദന ക്ഷമത കൂട്ടുന്നതിനുമുള്ള നടപടികൾ**

3549 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും കൃഷിയിടങ്ങളിൽ ഉല്പാദനക്ഷമത കൂട്ടുന്നതിനുമായി തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് കൃഷിവകുപ്പ് എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

**കരിമ്പ് കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ നടപടി**

3550 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ മറയൂർ, കാന്തല്ലൂർ പ്രദേശങ്ങളിലായി മറയൂർ ശർക്കര ഉല്പാദിപ്പിക്കുന്ന ആയിരത്തോളം കരിമ്പ് കർഷകർ ശർക്കരയുടെ വിലയിടിവ് മൂലം കടുത്ത പ്രതിസന്ധിയിലാണ് എന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) രണ്ടായിരത്തി അഞ്ഞൂറ് ഏക്കർ ഉണ്ടായിരുന്ന കരിമ്പ് കൃഷി ഇപ്പോൾ അഞ്ഞൂറ് ഏക്കർ മാത്രമായി ചുരുങ്ങിയതിനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ';

(സി) കരിമ്പ് കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ സഹായം ലഭ്യമാക്കുമോ; വിശദമാക്കാമോ?

**മറയൂർ ശർക്കര ഉല്പാദിപ്പിക്കുന്ന കർഷകർ നേരിടുന്ന പ്രതിസന്ധി**

3551 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മറയൂർ ശർക്കര ഉല്പാദിപ്പിക്കുന്ന കർഷകർ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തൊക്കെ പ്രതിസന്ധികളാണ് കർഷകർ നേരിടുന്നത്; വിശദാംശം നൽകാമോ;

(ബി) ഈ കർഷകർ നേരിടുന്ന പ്രതിസന്ധികൾ മറികടക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നറിയിക്കാമോ;

(സി) അങ്കണവാടിയിലും മറ്റും മറയൂർ ശർക്കരയുടെ ഉപയോഗം ഉറപ്പ് വരുത്തുന്നത് പ്രതിസന്ധികൾ മറികടക്കുന്നതിന് സഹായകമാകും എന്ന് കരുതുന്നുണ്ടോ; ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

**കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി**

3552 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം 2022, 2023 കാലയളവിൽ സംസ്ഥാനത്ത് എത്ര കിസാൻ ക്രെഡിറ്റ് കാർഡുകളും ആനുകൂല്യവും വിതരണം ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ; ഇതിനായി ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിലൂടെ കർഷകർക്ക് ഉണ്ടാകുന്ന പ്രയോജനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

**കർഷക ക്ഷേമനിധി പെൻഷൻ**

3553 **ശ്രീ. പി. ജെ. ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷക ക്ഷേമനിധി പെൻഷൻ പദ്ധതിയിൽ നാളിതുവരെ എത്ര കർഷകർ അംഗങ്ങളായിട്ടുണ്ട്;

(ബി) പ്രസ്തുത പെൻഷൻ പദ്ധതിയ്ക്ക് സർക്കാർ വിഹിതമായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(സി) കർഷകർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; കൂടുതൽ കർഷകരെ പെൻഷൻ പദ്ധതിയിൽ അംഗങ്ങളാക്കുന്നതിന് നടപടി കൈക്കൊള്ളുമോ?

**ചെറുകിട നാമമാത്ര കർഷകർക്കുള്ള പെൻഷൻ**

3554 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പ് ചെറുകിട നാമമാത്ര കർഷകർക്ക് നിലവിൽ പെൻഷൻ നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പെൻഷൻ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) നിലവിൽ പ്രസ്തുത പെൻഷൻ കുടിശ്ശികയായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

**ഒരു ലക്ഷം തൊഴിൽദാന പദ്ധതി**

3555 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക മേഖലയിലെ ഒരു ലക്ഷം തൊഴിൽദാന പദ്ധതിയിൽ പ്രഖ്യാപിച്ചിട്ടുള്ള ആനുകൂല്യങ്ങൾ എന്തൊക്കെയാണ്; പദ്ധതിയിൽ നിലവിൽ എത്ര അംഗങ്ങൾ ചേർന്നിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതി പ്രകാരം 2021 മുതൽ അപേക്ഷ നൽകിയവർക്ക് പെൻഷൻ നൽകിയിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പെൻഷനും ഗ്രാറ്റുവിറ്റിയും നൽകുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ; പദ്ധതി പ്രകാരം നൽകുന്ന പെൻഷൻ തുക 5000 രൂപയായി വർദ്ധിപ്പിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**കാലാവസ്ഥാ വ്യതിയാനം മൂലം കാർഷിക മേഖലയിലുണ്ടാകുന്ന നഷ്ടം**

3556 **ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. മഞ്ഞളാംകുഴി അലി**

**ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനം സംസ്ഥാനത്തെ കാർഷികമേഖലയിലുണ്ടാക്കുന്ന ഭീമമായ സാമ്പത്തിക നഷ്ടം സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ;

(ബി) കാലാവസ്ഥാ വ്യതിയാനം കാർഷിക മേഖലയിൽ സൃഷ്ടിക്കുന്ന ദോഷ വശങ്ങൾ പ്രതിരോധിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

<u>**വരൾച്ചയെ തുടർന്നുണ്ടായ വിളനാശത്തിന് നഷ്ടപരിഹാരം**</u>

3557 **ശ്രീ. പി. ജെ. ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ചയെ തുടർന്ന് സംസ്ഥാനത്താകെ എത്ര കർഷകർക്കാണ് വിളനാശം മൂലം നഷ്ടമുണ്ടായതെന്ന് അറിയിക്കാമോ; എത്ര ഹെക്ടറിലെ കൃഷിയാണ് നശിച്ചത്; ഏലം കർഷകരെ സഹായിക്കാൻ ഏന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഓരോ ജില്ലയിലെയും വിളനാശത്തിന്റെ തോത് ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്ത് ഏലം കർഷകരെ സഹായിക്കാൻ ഏന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ?

<u>**പ്രകൃതിക്ഷോഭം മൂലം കൃഷി നശിച്ചവർക്കുള്ള നഷ്ടപരിഹാര കുടിശിക**</u>

3558 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ കാലവർഷത്തിൽ ആകെ എത്ര രൂപയുടെ കൃഷിനാശം ഉണ്ടായെന്ന് വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ വിളകൾക്ക് എത്ര രൂപ വീതമുള്ള നഷ്ടമാണ് ഉണ്ടായിട്ടുള്ളത് എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) പ്രകൃതിക്ഷോഭം മൂലം കൃഷി നശിച്ചവർക്കുള്ള നഷ്ടപരിഹാരമായും വിള ഇൻഷ്വറൻസ് ഇനത്തിലുമായി ആകെ എത്ര രൂപയാണ് നാളിതുവരെ വിതരണം ചെയ്യുന്നതിൽ കുടിശ്ശികയുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) വിള ഇൻഷ്വറൻസ് തുക വിതരണം ചെയ്യാൻ കഴിയാത്തത് ധനകാര്യവകുപ്പിൽ നിന്നുള്ള അനുമതി ലഭിക്കാത്തതുമൂലമാണോ; വ്യക്തമാക്കാമോ;

(ഇ) വീണ്ടും കാലവർഷം ആരംഭിച്ചിരിക്കെ മുൻകാലങ്ങളിലെ നഷ്ടപരിഹാരം പോലും വിതരണം ചെയ്യാൻ സാധിക്കാത്തത് കർഷകരെ ദുരിതത്തിലാക്കുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഈ കുടിശികകൾ എന്നത്തേക്ക് വിതരണം ചെയ്യാൻ കഴിയും എന്നാണ് കരുതുന്നത്?

<u>**ഇടുക്കി ജില്ലയിൽ കൃഷിനാശം**</u>

3559 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വേനൽക്കാലത്ത് ഇടുക്കി ജില്ലയിൽ എത്ര രൂപയുടെ കൃഷിനാശം ഉണ്ടായിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കൃഷിനാശം ഉണ്ടായ കർഷകർക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് ആകെ എത്ര രൂപയുടെ കൃഷിനാശം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

**<u>ഉഷ്ണതരംഗം കാരണം വിളകൾ നശിച്ച് ദുരിതത്തിലായ കർഷകർക്ക് നഷ്ടപരിഹാര പാക്കേജ്</u>**

3560 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനുഭവപ്പെടുന്ന ഉഷ്ണതരംഗം കാരണം വിളകൾ കരിഞ്ഞു പോകുകയും ഉല്പാദനം കുറയുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് കാരണം ബുദ്ധിമുട്ടിലായ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ വിളകൾ നശിച്ച് ദുരിതത്തിലായ കർഷകരുടെ കണക്കുകൾ ജില്ലാ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; വിശദാംശം നൽകാമോ;

(സി) പ്രസ്തുത കർഷകർക്ക് ഒരു പ്രത്യേക നഷ്ടപരിഹാര പാക്കേജ് നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>കോതമംഗലം മണ്ഡലത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം</u>**

3561 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-ലെ വിവിധ പ്രകൃതിക്ഷോഭങ്ങളിൽ കോതമംഗലം മണ്ഡലത്തിൽ ഉണ്ടായിട്ടുള്ള കൃഷി നാശത്തിന്റെ വിശദാംശം നൽകാമോ;

(ബി) നാശനഷ്ടം നേരിട്ട കർഷകർക്ക് നാളിതുവരെ എത്ര തുക നഷ്ടപരിഹാരം നൽകിയെന്ന് വ്യക്തമാക്കാമോ;

(സി) അർഹരായ മുഴുവൻ കർഷകർക്കും സമയബന്ധിതമായി നഷ്ടപരിഹാരം നൽകുന്നതിനാവശ്യമായ നടപടി സ്വികരിക്കുമോ; വ്യക്തമാക്കുമോ?

**<u>ഫാം തൊഴിലാളികൾക്ക് കെ.എസ്.ആർ. ചട്ടം പൂർണ്ണമായും ബാധകമാക്കുന്നതിന് നടപടി</u>**

3562 **ശ്രീ. പി. വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫാം തൊഴിലാളികൾക്ക് കേരള സർവ്വീസ് ചട്ടങ്ങൾ പൂർണ്ണമായും ബാധകമാണോ; അല്ലെങ്കിൽ മറ്റ് ഏത് ചട്ടങ്ങളാണ് ബാധകമെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്തെ ഫാം തൊഴിലാളികൾക്ക് കെ.എസ്.ആർ. ചട്ടങ്ങൾ പൂർണ്ണമായും ബാധകമാക്കുന്നതിനുള്ള തടസ്സങ്ങളെന്തെല്ലാം എന്ന് അറിയിക്കാമോ;

(സി) ഫാം തൊഴിലാളികൾക്ക് സ്പെഷ്യൽ കാഷ്വൽ അവധികൾ അനുവദിക്കുന്നതിന് നിലവിൽ തടസ്സങ്ങളുണ്ടോ; വ്യക്തമാക്കാമോ?

## അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിലെ സാമ്പത്തിക പ്രതിസന്ധി

3563 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ ശമ്പളം മുടങ്ങുകയും വിരമിച്ച ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ കഴിയാതെയാവുകയും ചെയ്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(ബി) ഏത് തീയതി മുതൽ വിരമിച്ച, എത്ര ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങളാണ് ഇപ്രകാരം വിതരണം ചെയ്യാൻ കഴിയാതെ കുടിശ്ശിക ആയിട്ടുള്ളതെന്നറിയിക്കാമോ; ഇതിൽ എത്ര പേരാണ് കുടിശിക കൈപ്പറ്റാനാകാതെ മരണപ്പെട്ടിട്ടുള്ളതെന്ന വിവരം ലഭ്യമാക്കാമോ;

(സി) ആഗ്രോ സൂപ്പർ ബസാറിൽ നടന്ന ലക്ഷങ്ങളുടെ തട്ടിപ്പാണ് കോർപ്പറേഷനെ ഇത്തരം ഒരു സാമ്പത്തിക പ്രതിസന്ധിയിൽ എത്തിച്ചതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ആകെ എത്ര രൂപയുടെ തട്ടിപ്പാണ് കണ്ടെത്തിയിട്ടുള്ളതെന്നും ഇതിൽ ആരെയൊക്കെയാണ് കുറ്റക്കാരായി കണ്ടെത്തിയിട്ടുള്ളതെന്നും ഇവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വിശദീകരിക്കുമോ?

## സംസ്ഥാനത്തെ തരിശുഭൂമിയുടെ കണക്കെടുപ്പ്

3564 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തരിശുഭൂമി എത്രയാണുള്ളതെന്ന് കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ ഇത്തരം ഭൂമിയിൽ വിള ഇറക്കുന്നതിന് എന്തെങ്കിലും പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ?

## ബാലുശ്ശേരി മണ്ഡലത്തിലെ കൃഷിയോഗ്യമായ തരിശു ഭൂമി

3565 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേതിരി മണ്ഡലത്തിൽ കൃഷിയോഗ്യമായ എത്ര ഹെക്ടർ ഭൂമി തരിശുണ്ട്; ഗ്രാമപഞ്ചായത്തുകൾ തിരിച്ച് വിശദാംശം ലഭ്യമാക്കാമോ;

(ബി) തരിശു ഭൂമിയിൽ അനുയോജ്യമായ കൃഷികൾ ചെയ്യുന്നതിനായി മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിൽ കൃഷിവകുപ്പ് എന്തെങ്കിലും പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

## അരുവിക്കര മണ്ഡലത്തിലെ തരിശു ഭൂമിയിലെ കൃഷി

3566 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരിശു ഭൂമികളിൽ വിവിധ വിളകൾ കൃഷി ചെയ്യുന്നതിന്റെ ഭാഗമായി 2023-24 കാലയളവിൽ അരുവിക്കര മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലായി എത്ര വിസ്തൃതിയിലുള്ള തരിശു ഭൂമിയിൽ കൃഷി ചെയ്യാൻ കഴിഞ്ഞു എന്ന വിവരം പഞ്ചായത്ത് തിരിച്ച് അറിയിക്കുമോ?

**ജനകീയാസൂത്രണ പദ്ധതി മാർഗരേഖയിൽ ചെറുകിട നാമമാത്ര ഏലം കർഷകരെയും ഉൾപ്പെടുത്താൻ നടപടി**

3567 **ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനകീയാസൂത്രണ പദ്ധതി മാർഗരേഖയിൽ ചെറുകിട നാമമാത്ര ഏലം കർഷകർക്കും കൂടി ജൈവവളം, രാസവളം, നടീൽ വസ്തുകൾ, മറ്റു ഉല്പാദനോപാധികൾ, കൃഷിക്കുള്ള മറ്റു സബ്സിഡികൾ എന്നിവ നൽകുന്ന കാര്യം ഉൾപ്പെടുത്താനുള്ള നിർദേശം നൽകാമോ; വിശദമാക്കാമോ;

(ബി) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ നിലവിൽ ഏലം, തേയില, കൃഷി എന്നിവ ഇൻഷ്വർ ചെയ്യുന്നതിന് കുറഞ്ഞത് 1 ഹെക്ടർ കൃഷിഭൂമി വേണം എന്നത് കുറഞ്ഞത് 25 സെന്റ് വേണം എന്നാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ;

(സി) കാലാവസ്ഥ വ്യതിയാനം മൂലമുള്ള വിളവ് നഷ്ടം ഗണ്യമായി കുറയ്ക്കുന്നതിനുതകുന്ന കാലാവസ്ഥ വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള പ്രാദേശിക കാലാവസ്ഥ നിലയം രണ്ടോ അതിലധികമോ പഞ്ചായത്തുകൾക്ക് ഒന്ന് മാത്രമാണുള്ളത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ആയത് ഒരു പഞ്ചായത്തിന് ഒന്ന് എന്ന രീതിയിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; വിശദമാക്കാമോ?

**ഹോർട്ടികോർപ്പ് മുഖേനയുള്ള പദ്ധതികൾ**

3568 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹോർട്ടികോർപ്പ് മുഖേന എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയെന്നും പുതുതായി എന്തെല്ലാം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുവെന്നും വിശദമാക്കുമോ;

(ബി) ഹോർട്ടികോർപ്പിന്റെ തഴക്കരയിലുള്ള തേനീച്ച വളർത്തൽ കേന്ദ്രത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത കേന്ദ്രത്തെ ഉന്നത നിലവാരത്തിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

**പച്ചക്കറി വില കുറച്ച് നൽകുന്നതിന് നടപടി**

3569 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറിയുടെ വില അനിയന്ത്രിതമായി വർദ്ധിക്കുന്നതുമൂലം ജനങ്ങൾ ബുദ്ധിമുട്ടുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് എല്ലാ പച്ചക്കറികളുടെയും വില ഹോർട്ടികോർപ്പിലും പൊതു വിപണിയിലും സമാനമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പൊതുവിപണിയേക്കാൾ വില കുറച്ച് പച്ചക്കറികൾ നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

## <u>ഹോർട്ടികൾച്ചർ മിഷൻ മുഖേന നടപ്പാക്കിയ പദ്ധതികൾ</u>

3570 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഴവർഗ്ഗ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണ്; വിശദമാക്കാമോ;

(ബി) 2023-24 സാമ്പത്തിക വർഷത്തിൽ സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖേന നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം നാളിതുവരെ എത്ര ഹെക്ടറിൽ വിവിധയിനം ഫലവൃക്ഷങ്ങൾ കൃഷി ചെയ്തിട്ടുണ്ട്; ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നതിനെ സംബന്ധിച്ച് വിശദാംശം നൽകാമോ?

## <u>പച്ചക്കറികളുടെ വിലക്കയറ്റം തടയാൻ നടപടി</u>

3571 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ ഓണക്കാലത്ത് പച്ചക്കറികൾക്കുണ്ടാകുന്ന വിലവർദ്ധനവ് നിയന്ത്രിക്കാൻ സ്വീകരിച്ചിരിക്കുന്ന മുൻകരുതലുകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

## <u>കൂത്തുപറമ്പ് മണ്ഡലത്തിൽ കർഷക കടാശ്വാസ ആനുകൂല്യങ്ങൾ ലഭിച്ചവർ</u>

3572 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷക കടാശ്വാസ കമ്മീഷൻ വഴി കർഷകർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്നും ആയതിനുള്ള മാനദണ്ഡങ്ങൾ എന്താണെന്നും വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കൂത്തുപറമ്പ് മണ്ഡലത്തിൽ കർഷക കടാശ്വാസ കമ്മീഷന്റെ ഉത്തരവ് പ്രകാരം കടാശ്വാസം ലഭിച്ചവരുടെ പേരും തുകയും വ്യക്തമാക്കുമോ?

## <u>ഒറ്റപ്പാലം മണ്ഡലത്തിൽ കെ.എൽ.ഡി.സി. മുഖേനയുള്ള പദ്ധതികൾ</u>

3573 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എൽ.ഡി.സി.) മുഖേന നടപ്പിലാക്കേണ്ടുന്ന ഏതെങ്കിലും പദ്ധതികൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

## തളിപ്പറമ്പ് ആർ.എ.ടി.ടി.സി. യുടെ നവീകരണം

3574 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് ആർ.എ.ടി.ടി.സി. യുടെ നവീകരണത്തിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) നടപ്പ് സാമ്പത്തിക വർഷം തളിപ്പറമ്പ് ആർ.എ.ടി.ടി.സി. യ്ക്ക് എത്ര തുക വകയിരുത്തിയിട്ടുണ്ട്; വിശദാംശം ഇനം തിരിച്ച് ലഭ്യമാക്കാമോ?

## കൊല്ലം ജില്ലയിലെ സ്മാർട്ട് കൃഷിഭവനുകൾ

3575 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൊല്ലം ജില്ലയിൽ എത്ര സ്മാർട്ട് കൃഷിഭവനുകളാണ് അനുവദിച്ചിട്ടുള്ളതെന്ന് മണ്ഡലം തിരിച്ച് വിശദമാക്കാമോ;

(ബി) നിലവിൽ സ്മാർട്ട് കൃഷിഭവനുകൾ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ സ്വീകരിച്ചു തുടങ്ങിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകാമോ?

## സ്മാർട്ട് കൃഷി ഭവനുകൾ

3576 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവനുകളാക്കി മാറ്റുന്നതിന്റെ ഭാഗമായി ആർ.ഐ.ഡി.എഫ്., ആർ.കെ.വി.വൈ. എന്നീ പദ്ധതികൾ മുഖേന ഫണ്ട് ലഭ്യമായിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) എങ്കിൽ പ്രസ്തുത ഫണ്ട് ഉപയോഗിച്ച് ഏതെല്ലാം കൃഷിഭവനുകൾ സ്മാർട്ട് കൃഷി ഭവനുകളാക്കി മാറ്റിയിട്ടുണ്ട് എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ?

## കൃഷി ഭവനുകൾ വഴി വിതരണം ചെയ്യുന്ന ഫലവൃക്ഷത്തൈകൾ

3577 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൃഷി ഭവനുകൾ വഴി വിതരണം ചെയ്യുന്ന വിവിധ ഫലവൃക്ഷത്തൈകൾ നിർദിഷ്ട ഏജൻസികളിൽ നിന്നും/ഫാമുകളിൽ നിന്നും എടുക്കണമെന്ന് വ്യവസ്ഥ ചെയ്തുകൊണ്ടുള്ള പ്രത്യേക ഉത്തരവ് നിലവിലുണ്ടോ;

(ബി) കൃഷി ഭവൻ വഴി വിതരണം ചെയ്യുന്ന വിവിധ ഫലവൃക്ഷതൈകൾ, മറ്റ് വിത്തിനങ്ങൾ എന്നിവയുടെ ഗുണമേന്മ പരിശോധിക്കാറുണ്ടോയെന്ന് വിശദമാക്കാമോ;

(സി) കൃഷി ഭവൻ വഴി സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന ഫലവൃക്ഷതൈകൾക്ക് ഉയർന്ന ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ?

## തളിപ്പറമ്പ് മണ്ഡലത്തിലെ സ്മാർട്ട് കൃഷി ഭവൻ പദ്ധതി

3578 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് കൃഷി ഭവൻ പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ;

(ബി) നടപ്പ് സാമ്പത്തിക വർഷം ഈ പദ്ധതിയ്ക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ട്;

(സി) തളിപ്പറമ്പ് മണ്ഡലത്തിലെ മുഴുവൻ കൃഷിഭവനുകളെയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

## കുന്നത്തുനാട് മണ്ഡലത്തിലെ സ്മാർട്ട് കൃഷി ഭവൻ

3579 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ കുന്നത്തുനാട് കൃഷി ഭവനെ സ്മാർട്ട് കൃഷി ഭവൻ ആക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ?

## പേരാമ്പ്ര മണ്ഡലത്തിലെ കൃഷി ഭവനുകളിലെ ഒഴിവുകൾ

3580 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ എത്ര കൃഷി ഭവനുകളിൽ അഗ്രികൾച്ചർ ഓഫീസർ, അഗ്രികൾച്ചർ അസിസ്റ്റന്റ് തസ്തികകളിൽ ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## കൃഷിവകുപ്പിലെ അസിസ്റ്റൻറ് എഞ്ചിനീയർ തസ്തിക

3581 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിൽ 2021 ഫെബ്രുവരി മാസത്തിൽ സ്പെഷ്യൽ റൂൾസ് നിലവിൽ വന്നതിന് ശേഷം ഒഴിഞ്ഞു കിടക്കുന്ന അസ്സിസ്റ്റന്റ് എഞ്ചിനീയറുടെ തസ്തികകളിൽ ബൈട്രാൻസ്ഫർ മുഖേന എത്ര പേർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിലേക്കുള്ള കംബൈൻഡ് സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) നിലവിൽ അസ്സിസ്റ്റന്റ് എഞ്ചിനീയറുടെ ബൈടാൻസ്ഫർ തസ്തികയിൽ എത്ര ഒഴിവുകളാണുള്ളത്; വിശദമാക്കുമോ;

(ഡി) നിലവിൽ സിവിൽ ഓവർസീയർ, ഡ്രാഫ്റ്റ്സ്മാൻ എന്നീ തസ്തികകളിൽ നിന്നും എത്ര പേർക്ക് അസ്സിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(ഇ) 2021-ൽ സ്പെഷ്യൽ റൂൾസ് നിലവിൽ വന്നിട്ടും നാളിതുവരെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്ക് പ്രൊമോഷൻ നൽകിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

## <u>തിരുവമ്പാടി വില്ലേജിൽ കൃഷിഭൂമി തെറ്റായി ഡേറ്റാ ബാങ്കിൽ ഉൾപ്പെടുത്തിയത്</u>

3582 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി വില്ലേജിൽ ഡേറ്റാ ബാങ്ക് തയ്യാറാക്കിയപ്പോൾ തെറ്റായി ഉൾപ്പെടുത്തിയ വ്യത്യസ്ത സർവെ നമ്പരുകളിലുള്ള കൃഷിഭൂമി ഡേറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കൃഷിഭൂമി ഡേറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെടുത്തിയത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(സി) ഡേറ്റാ ബാങ്കിൽ നിന്ന് പ്രസ്തുത കൃഷിഭൂമി ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>ആലത്തൂർ മണ്ഡലത്തിൽ തോടുകളുടെയും കുളങ്ങളുടെയും നവീകരണം</u>

3583 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ്, റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റ് ഫണ്ട്, രാഷ്ട്രീയകൃഷി വികാസ് യോജന എന്നീ പദ്ധതികൾ മുഖേന തോടുകളും കുളങ്ങളും നവീകരിക്കുന്നതിനായി നിലവിൽ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ നൽകാമോ?

## <u>കോവളം മണ്ഡലത്തിലെ കൃഷി ആഫീസുകളിലെ ലോക്കൽ ലെവൽ മോണിറ്ററിംഗ് കമ്മിറ്റി</u>

3584 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം മണ്ഡലത്തിലെ ഓരോ കൃഷി ആഫീസുകളിലും ഫോം നമ്പർ 5,6,7 എന്നീ അപേക്ഷകളിന്മേൽ റിപ്പോർട്ട് തേടിയിട്ടുള്ളതിൽ എത്ര എണ്ണം വീതം ലഭ്യമാക്കാനുണ്ടെന്ന് വിശദമാക്കാമോ;

(ബി) മണ്ഡലത്തിലെ ഓരോ കൃഷി ആഫീസുകളിലും കഴിഞ്ഞ മൂന്ന് വർഷം ലോക്കൽ ലെവൽ മോണിറ്ററിംഗ് കമ്മിറ്റി (എൽ.എൽ.എം.സി.) യോഗം ചേർന്ന തീയതികൾ ഏതൊക്കെ എന്ന് വ്യക്തമാക്കാമോ?

**വാമനപുരം മണ്ഡലത്തിലെ മണ്ണ് -നീർത്തട സംരക്ഷണ പദ്ധതികൾ**

3585 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ വാമനപുരം മണ്ഡലത്തിൽ ഏതെല്ലാം മണ്ണ് -നീർത്തട സംരക്ഷണ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്നും അവയുടെ പുരോഗതിയും ചെലവാക്കിയ തുകയും വിശദമാക്കാമോ;

(ബി) വാമനപുരം മണ്ഡലത്തിൽ പുതിയതായി ഏതെല്ലാം പദ്ധതികളാണ് പ്രസ്തുത മേഖലയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

**കോടോം-ബേളൂർ ഗ്രാമപഞ്ചായത്തിലെ പമ്പ് ഹൗസ്, ഫാം ഹൗസ് നിർമ്മാണ പദ്ധതി**

3586 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പ് മുഖേന കോടോം-ബേളൂർ ഗ്രാമപഞ്ചായത്തിലെ ചെന്തളം പാടശേഖരത്തിൽ പമ്പ്ഹൗസ്, ഫാം ഹൗസ് എന്നിവ നിർമിക്കുന്നതിന് പദ്ധതി ഉണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

**പുനലൂർ മണ്ഡലത്തിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം**

3587 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലയളവിൽ സംസ്ഥാന കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ കീഴിലുള്ള വിവിധ ഉപവിഭാഗങ്ങങ്ങൾ മുഖേന പുനലൂർ മണ്ഡലത്തിൽ അനുവദിച്ചതും എന്നാൽ 2021 മാർച്ചിന് മുൻപ് പൂർത്തിയാക്കാൻ കഴിയാത്തതുമായ വിവിധ പ്രവൃത്തികളുടെ/പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; അനുവദിച്ച പ്രവൃത്തികളിൽ/പദ്ധതികളിൽ നിലവിൽ നടപ്പാക്കുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത വകുപ്പിന്റെ കീഴിലുള്ള വിവിധ ഉപവിഭാഗങ്ങങ്ങൾ മുഖേന പുനലൂർ മണ്ഡലത്തിൽ അനുവദിച്ച വിവിധ പ്രവൃത്തികളുടെ/പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഓരോ പ്രവൃത്തിയുടെയും പേരും, അനുവദിച്ച തുകയും, പദ്ധതി നിർവഹണ ഏജൻസികളുടെ വിവരങ്ങളും ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തിയാക്കിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശവും, നടപ്പിലുള്ള പ്രവൃത്തികളുടെ പുരോഗതിയും ലഭ്യമാക്കാമോ; നിലവിൽ നടപ്പിലുള്ള പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്ന് വിശദമാക്കാമോ;

(ഡി) കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മണ്ഡലത്തിൽ പുതുതായി നടപ്പാക്കാനുദ്ദേശിയ്ക്കുന്ന പ്രവൃത്തികൾ /പദ്ധതികൾ ഉണ്ടെങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കാമോ?

**കുറ്റ്യാടി മണ്ഡലത്തിലെ കാർഷികോല്പാദനത്തിലെ വർദ്ധനവ്**

3588 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022, 2023 വർഷങ്ങളിൽ കുറ്റ്യാടി മണ്ഡലത്തിലെ എട്ട് പഞ്ചായത്തുകളിൽ നെല്ല്, നാളീകേരം, കുരുമുളക്, പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ എന്നിവയുടെ ഉല്പാദനത്തിൽ മുൻ വർഷങ്ങളേക്കാൾ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; ഇക്കാലയളവിലെ കാർഷികോല്പാദനം സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കുമോ?

**<u>സംസ്ഥാനത്ത് വരൾച്ചമൂലമുണ്ടായ കൃഷിനാശം</u>**

3589 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം സംസ്ഥാനത്ത് എത്ര ഹെക്ടർ കൃഷിയാണ് വരൾച്ചയിൽ നശിച്ചത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ചുള്ള വ്യക്തമായ കണക്ക് കേന്ദ്രസർക്കാരിന് കൈമാറിയിട്ടുണ്ടോ; വെളിപ്പെടുത്താമോ;

(സി) ഈ വർഷം സംസ്ഥാനത്തുണ്ടായ വരൾച്ചയിൽ എന്ത് ധനസഹായമാണ് കർഷകർക്ക് നൽകിയത് എന്ന് വിശദീകരിക്കാമോ?

**<u>പച്ചക്കറികളുടെ വിലക്കയറ്റം</u>**

3590 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറിക്കുണ്ടായിക്കൊണ്ടിരിക്കുന്ന ക്രമാതീതമായ വിലക്കയറ്റം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ വിലക്കയറ്റത്തിനുള്ള പ്രധാന കാരണം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പച്ചക്കറി ഉല്പാദനത്തിൽ സംസ്ഥാനം സ്വയം പര്യാപ്തമല്ലാത്തതിന്റെ കാരണം എന്താണന്ന് വിശദമാക്കാമോ;

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷം പച്ചക്കറിക്ക് തറവില നിശ്ചയിക്കുന്ന പദ്ധതിയ്ക്കായി എത്ര തുക നീക്കിവെച്ചിട്ടുണ്ടെന്നും അതിൽ എത്ര ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

**<u>പിണ്ടിപ്പുഴു ആക്രമണം മൂലമുള്ള കൃഷി നാശം</u>**

3591 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പിണ്ടിപ്പുഴു ആക്രമണം മൂലം വാഴക്കർഷകർ നേരിടുന്ന പ്രതിസന്ധി ഗൗരവത്തോടെ കാണുന്നുണ്ടോ; ഇക്കാര്യത്തിൽ എന്തൊക്കെ പരിഹാരനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പിണ്ടിപ്പുഴു ആക്രമണം മൂലം കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഈ സർക്കാർ അധികാരത്തിൽ

വന്നതിനുശേഷം നഷ്ടപരിഹാരത്തിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്ര പേർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്നും നഷ്ടപരിഹാരം നൽകുന്ന നടപടിക്രമം എന്താണെന്നും വ്യക്തമാക്കുമോ?

## കുൺഗ്രാമം പദ്ധതി

3592 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം മണ്ഡലത്തിലെ മതിലകം പഞ്ചായത്തിനെ കുൺഗ്രാമം പദ്ധതിക്കായി തെരഞ്ഞെടുത്തിരുന്നോ; എങ്കിൽ ഇതിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ കുൺഗ്രാമം പദ്ധതി നടപ്പിലാക്കുന്നത് ത്വരിതപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കുമോ?

## കൃഷി ഭൂമിയിലെ വന്യമൃഗ ആക്രമണം തടയാൻ നടപടി

3593 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി ഭൂമിയിലേക്ക് വന്യമൃഗങ്ങൾ കടന്നുകയറി കാർഷിക വിളകൾക്കും കർഷകരുടെ സ്വത്തിനും നഷ്ടം വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വനമേഖലയിൽ നിന്നും വളരെ അകലെയുള്ള പ്രദേശത്തേക്ക് പന്നി, മുള്ളൻപന്നി, കുരങ്ങ് എന്നിവയുടെ ആക്രമണം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ കൃഷി വകുപ്പ് സ്വീകരിച്ചു വരുന്ന നടപടി വിശദമാക്കാമോ?

## കുൺഗ്രാമം പദ്ധതി

3594 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന കുൺഗ്രാമം പദ്ധതി പ്രകാരം കർഷകർക്ക് ലഭിച്ചുവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ കണ്ണൂർ ജില്ലയിലെ ഏതെങ്കിലും പഞ്ചായത്തുകൾ ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവയുടെ വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) കൂത്തുപറമ്പ് മണ്ഡലത്തിൽ കുൺഗ്രാമം പദ്ധതി അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## ശാസ്ത്രീയ കൃഷി രീതികൾ പ്രോത്സാഹിപ്പിക്കാൻ നടപടി

3595 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശാസ്ത്രീയ കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിക്കുന്ന നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(ബി) ശാസ്ത്രീയ കൃഷി രീതികൾ സംബന്ധിച്ച ലളിതമായ മാർഗരേഖകൾ ലഭ്യമാണോ; പച്ചക്കറി, വാഴ എന്നിവ ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിനുള്ള ലളിതമായ

മാർഗരേഖകൾ ലഭ്യമാക്കാമോ; ഇത്തരം മാർഗരേഖകൾ കൃഷിക്കാർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഇത്തരം ലളിതമായ മാർഗരേഖകൾ ഓൺലൈൻ വഴി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

## പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി

3596 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും സ്വയംപര്യാപ്തത കൈവരിക്കുന്നതിനുമായി പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) നിലവിൽ എന്തെല്ലാം പദ്ധതികളാണ് സംസ്ഥാനത്ത് പച്ചക്കറി കൃഷിയുടെ വ്യാപനവും വികാസവുമായി ബന്ധപ്പെട്ട് നടത്തിവരുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) നിലവിൽ സംസ്ഥാനത്ത് ആവശ്യമുള്ള പച്ചക്കറിയുടെ എത്ര ശതമാനമാണ് മറ്റുള്ള സംസ്ഥാനങ്ങളിൽ നിന്നും ഹോർട്ടികോർപ്പ് മുഖേനയും അല്ലാതെയും സംഭരിക്കുന്നത്; വിശദാംശം നൽകുമോ?

## കാർഷികോപകരണങ്ങളുടെ ലഭ്യത

3597 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളിൽ കൃഷി ഇറക്കുന്നതിനാവശ്യമായ കാർഷികോപകരണങ്ങളുടെ ലഭ്യത ഉറപ്പാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകാമോ;

(ബി) മണലൂർ മണ്ഡലത്തിലെ അരിമ്പൂരിൽ പ്രവർത്തിക്കുന്ന അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ കാർഷിക പ്രവൃത്തികൾക്കുള്ള എന്തെല്ലാം ഉപകരണങ്ങളും യന്ത്രങ്ങളുമുണ്ടെന്നും അവ പ്രവർത്തനക്ഷമമാണോയെന്നും അറിയിക്കാമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് പുതുതായി എന്തെങ്കിലും കാർഷിക ഉപകരണങ്ങൾ അരിമ്പൂർ ശാഖയിൽ ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഡി) അരിമ്പൂർ ശാഖയോടനുബന്ധിച്ച് ജൈവ വളം നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

## എല്ലാ കൃഷി ഭവനുകളിലൂടെയും പച്ചത്തേങ്ങ സംഭരണം

3598 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ കൃഷി ഭവനുകളിലും പച്ചത്തേങ്ങ സംഭരണം തുടങ്ങുവാൻ സാധിക്കുമോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് കർഷക പെൻഷന് പുതിയ അപേക്ഷകൾ സ്വീകരിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ആർ.കെ.ഐ. പദ്ധതിയിൽ ഉൾപ്പെടുത്തി കോൾ പാടശേഖരങ്ങൾക്ക് ആവശ്യമായ 20, 30, 50 എച്ച്.പി. പമ്പ് സെറ്റുകൾ വിതരണം ചെയ്യുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാമോ?

## കാസർഗോഡ് ജില്ലയിലെ മണ്ണ് സംരക്ഷണ കാര്യാലയം

3599 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മണ്ണ് സംരക്ഷണ കാര്യാലയം പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ എത്ര കാലമായി പ്രവർത്തിച്ചു വരുന്നുണ്ടെന്നും ഇവിടെ നിന്ന് പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ബി) ഈ ഓഫീസിൽ എത്ര തസ്തികകളുണ്ടെന്നും ഏതെങ്കിലും തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നുണ്ടൊയെന്നും വിശദമാക്കാമോ;

(സി) എങ്കിൽ എത്ര കാലമായി പ്രസ്തുത തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്നും അത് നികത്താത്തതിന്റെ കാരണവും എപ്പോൾ നികത്താനാവുമെന്നും വ്യക്തമാക്കാമോ;

(ഡി) ഈ ഓഫിസിൽ മണ്ണ് സംരക്ഷണ ഓഫീസർ നിലവിലുണ്ടോയെന്നും ഇല്ലെങ്കിൽ ഏത് ജില്ലയിലെ ഓഫീസർക്കാണ് ചാർജ് നല്കിയിരിക്കുന്നതെന്നും അറിയിക്കാമോ;

(ഇ) ദൂര ജില്ലയിലെ ഓഫീസർ വടക്കേ അറ്റത്തുള്ള ജില്ലയിലെ ഓഫീസിന്റെ ചാർജ് കൂടി വഹിക്കുന്നതിലുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

## മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ

3600 **ശ്രീ. പി. കെ. ബഷീർ**
**ഡോ. എം. കെ. മുനീർ**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരുടെ ആദായം മെച്ചപ്പെടുത്തുന്നതിനായി മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മണ്ണ് പരിശോധനയ്ക്കുള്ള ലബോറട്ടറികളുടെ പ്രവർത്തനം തൃപ്തികരമല്ലെന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) കൃഷിയിടങ്ങളിൽ നിന്നും മണ്ണ് നേരിട്ടു ശേഖരിച്ച് പരിശോധനാഫലം കർഷകരെ അറിയിക്കുന്നതിന് നിലവിൽ സംവിധാനമുണ്ടോ; ഇല്ലെങ്കിൽ അതു നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) മണ്ണിന്റെ ഫലഭൂയിഷ്ഠത സംരക്ഷിക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

## കുറ്റ്യാടി നീർത്തടപദ്ധതി

3601 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ്

മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണ് സംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന കുറ്റ്യാടി നീർത്തടപദ്ധതിയുടെ നിലവിലെ അവസ്ഥ അറിയിക്കാമോ; പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്നും പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്കാണ് പൂർത്തിയാക്കുന്നതെന്നും പൂർത്തിയായാൽ കാർഷിക മേഖലയ്ക്ക് ലഭിക്കുന്ന പ്രയോജനങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ;

(ബി) മണ്ണ് സംരക്ഷണ വകുപ്പിൽ നിന്നും ഏതൊക്കെ പദ്ധതികൾക്കാണ് അനുമതി ലഭ്യമാകുക എന്നും അവ ലഭിക്കുന്നതിന് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയെയാണെന്നും വിശദമാക്കാമോ?

## കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റികളിലെ തസ്തികമാറ്റം

3602 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റികളിൽ നിലവിൽ സെക്രട്ടേറിയറ്റിന് സമാനമായി കമ്പ്യൂട്ടർ അസിസ്റ്റന്റ് കേഡറിലുള്ളവർക്ക് അസിസ്റ്റന്റ് കേഡറിലേക്ക് തസ്തികമാറ്റം അനുവദിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇത് നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## കേരള കാർഷിക സർവകലാശാല ഡി.എസ്.സി. ബിരുദം നൽകിയ നടപടി

3603 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കാർഷിക സർവകലാശാല ആർക്കൊക്കെ ഓണററി ഡി.എസ്.സി. ബിരുദം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; നബാർഡ് ചെയർമാന് ഓണററി ഡി.എസ്.സി. ബിരുദം നൽകിയിരുന്നോ; വിശദമാക്കാമോ;

(ബി) പ്രസ്തുത വ്യക്തി നബാർഡ് ചെയർമാനായി എത്ര വർഷമായി സേവനമനുഷ്ഠിക്കുന്നുവെന്നും കാർഷിക ശാസ്ത്ര മേഖലയ്ക്ക് നൽകിയിട്ടുള്ള സംഭാവനകൾ എന്താണെന്നും വിശദീകരിക്കാമോ;

(സി) നബാർഡ് ചെയർമാൻ നിലവിൽ മാനേജ്മെന്റിൽ ഗവേഷണം നടത്തുന്ന ഒരു വിദ്യാർത്ഥിയാണോയെന്നും ഏത് സർവകലാശാലയിലെ വിദ്യാർത്ഥിയാണെന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ;

(ഡി) ജനറൽ കൗൺസിലിന്റെ മുൻകൂർ അംഗീകാരം വാങ്ങാതെ ബിരുദം നൽകാനുള്ള ശിപാർശ ഗവർണറുടെ പരിഗണനയ്ക്കായി അയക്കുവാൻ കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

## മലപ്പുറം ജില്ലയിൽ സർക്കാർ/എയിഡഡ് കോളേജുകളിൽ പുതിയ കോഴ്സുകൾ

3604 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മലപ്പുറം ജില്ലയിൽ ഏതെല്ലാം സർക്കാർ,എയ്ഡഡ് കോളേജുകളിലാണ് പുതിയ കോഴ്സുകൾ

അനുവദിച്ചിട്ടുള്ളതെന്നും അനുവദിച്ചിട്ടുള്ള കോഴ്സുകളും ഓരോന്നിനും അനുവദിച്ചിട്ടുള്ള സീറ്റുകളുടെ എണ്ണവും വ്യക്തമാക്കുമോ;

(ബി) ജില്ലയിലെ പ്രസ്തുത കോളേജുകളിൽ ഈ അധ്യയന വർഷം പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികളും, ജില്ലയിലെ എല്ലാ സർക്കാർ ,എയ്ഡഡ് കോളേജുകളിലും പുതിയ ഡിഗ്രി, പി. ജി. കോഴ്സുകൾ അനുവദിക്കുമോയെന്നും വിശദമാക്കുമോ;

(സി) മലപ്പുറം ഗവൺമെന്റ് കോളേജിൽ എം. എ. അറബിക്, മലപ്പുറം ഗവൺമെന്റ് വനിതാ ആർട്സ് ആന്റ് സയൻസ് കോളേജിൽ എം.എ. ഇസ്ലാമിക് ഹിസ്റ്ററി എന്നീ പുതിയ പി.ജി കോഴ്സുകൾ ആരംഭിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ?

## കോളേജുകളിലെ പരാതി പരിഹാര സംവിധാനങ്ങൾ

3605 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജുകളിൽ വിദ്യാർത്ഥികൾക്ക് പരാതി അറിയിക്കുന്നതിനും അവ പരിഹരിക്കുന്നതിനുമുള്ള എന്തെല്ലാം സൗകര്യങ്ങളാണ് നിലവിലുള്ളത്; വ്യക്തമാക്കുമോ;

(ബി) വിദ്യാർത്ഥികളുടെ പരാതികൾ പരിഹരിക്കുന്നതിനായി 2023 ലെ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ റെഗുലേഷൻസ് പ്രകാരമുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്; ഇത് കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) പരാതി പരിഹാരസെല്ലിന്റെ തീരുമാനങ്ങളിൽ ആക്ഷേപമുള്ള പക്ഷം വിദ്യാർത്ഥികൾക്ക് ആശ്രയിക്കാവുന്ന ഓംബുഡ്സ്മാനെ നിയമിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## സംസ്ഥാനത്തെ സർവ്വകലാശാലകളുടേയും കലാലയങ്ങളുടേയും നിലവാരം

3606 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ സംസ്ഥാനത്തെ സർവ്വകലാശാലകളുടെയും കലാലയങ്ങളുടെയും നിലവാരം ദേശീയ തലത്തിലുള്ളവയുമായി താരതമ്യം ചെയ്തിട്ടുണ്ടോ;

(ബി) ദേശീയ തലത്തിൽ മികവ് തെളിയിച്ച സംസ്ഥാനത്തെ സർവ്വകലാശാലകളും കലാലയങ്ങളും ഏതൊക്കെ ആണെന്നും അവയ്ക്ക് കിട്ടിയ അംഗീകാരങ്ങൾ ഏതൊക്കെയെന്നും വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ സർവ്വകലാശാലകളുടേയും കലാലയങ്ങളുടേയും അക്കാഡമിക് നിലവാരം ഉയർത്തുന്നതിന് ഈ സർക്കാർ വന്ന ശേഷം സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ;

(ഡി) സർക്കാർ ആർട്സ് & സയൻസ് കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ഏതെല്ലാം കോളേജുകൾക്കാണ് ഈ സർക്കാർ വന്നതിന് ശേഷം

ഫണ്ട് ലഭ്യമാക്കിയിട്ടുള്ളതെന്ന് കോളേജ്, വർഷം, ഏത് പദ്ധതി, തുക എന്നിവ സഹിതം വിശദമാക്കാമോ?

## വിവിധ സർവ്വകലാശാലകളുടെ കീഴിലെ പുതിയ കോളേജുകൾ

3607 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ സർവ്വകലാശാലകളുടെ കീഴിൽ എത്ര പുതിയ കോളേജുകളാണ് അനുവദിച്ചിട്ടുള്ളതെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) അനുവദിച്ച കോളേജുകളിൽ ഏതെല്ലാം കോളേജുകൾ പ്രവർത്തനം ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ?

## ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥി പ്രവേശനം

3608 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഈ അധ്യയന വർഷം മുതൽ രണ്ട് തവണ വിദ്യാർത്ഥി പ്രവേശനം നടത്തുവാൻ തീരുമാനമായിട്ടുണ്ടോ;

(ബി) എങ്കിൽ ഒരു അധ്യയന വർഷത്തിൽ ഏതൊക്കെ സമയത്താണ് പ്രവേശന നടപടികൾ നടത്തുവാൻ ഉദ്ദേശിക്കുന്നത്;

(സി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വർഷത്തിൽ രണ്ട് തവണ വിദ്യാർഥി പ്രവേശനം അനുവദിക്കുമോ;

(ഡി) അപ്രകാരം പ്രവേശനം അനുവദിക്കുമ്പോൾ ബാച്ചുകളുടെ എണ്ണം വർദ്ധിക്കുന്നതനുസരിച്ച് അധ്യാപക തസ്തികകളും മറ്റ് അനുബന്ധ സൗകര്യങ്ങളും സൃഷ്ടിക്കുമോ; വ്യക്തമാക്കുമോ?

## സർവ്വകലാശാലകളിലെ വിവിധ ഭരണ സമിതികളിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെടുന്ന വിദ്യാർത്ഥി പ്രതിനിധികൾ

3609 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിലെ സെനറ്റ്, സിൻഡിക്കേറ്റ്, ബോർഡ് ഓഫ് ഗവർണേഴ്സ് ഉൾപ്പെടെയുള്ള വിവിധ ഭരണ സമിതികളിലേക്ക് വിദ്യാർത്ഥി പ്രതിനിധികളായി മത്സരിക്കാനോ നാമനിർദ്ദേശം ചെയ്യപ്പെടാനോ നിശ്ചയിച്ചിട്ടുള്ള യോഗ്യതയും മാനദണ്ഡവും വ്യക്തമാക്കാമോ;

(ബി) സർവ്വകലാശാലകളിലെ വിവിധ ഭരണ സമിതികളിലേക്ക് വിദ്യാർത്ഥി പ്രതിനിധികളെ സർക്കാരിന് നാമനിർദ്ദേശം ചെയ്യാൻ സാധിക്കുമോ; ഓരോ സർവകലാശാലയിലേയും ഇത്തരം സമിതികളിലേയ്ക്ക് വിദ്യാർത്ഥി പ്രതിനിധികളെ നാമനിർദ്ദേശം ചെയ്യപ്പെടുന്ന രീതി വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ സർവ്വകലാശാലകളിലെ ഭരണ സമിതികളിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ട/നാമനിർദ്ദേശം ചെയ്യപ്പെട്ട വിദ്യാർത്ഥി പ്രതിനിധികളുടെ പേര്,

കോളേജിന്റെ പേര്, പഠിക്കുന്ന വിഷയം, ഐച്ഛിക വിഷയം അവരുടെ നിലവിലെ സെമസ്റ്റർ, വർഷം എന്നിവയുടെ വിവരങ്ങൾ നൽകാമോ; ഇവരെ ഭരണ സമിതിയിൽ ഉൾപ്പെടുത്തിയത് എപ്രകാരമാണ് എന്ന് വിശദമാക്കാമോ; ബന്ധപ്പെട്ട നിയമന ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) ഇങ്ങനെ നിയമിതരായ വിദ്യാർത്ഥി പ്രതിനിധികൾ നാളിതുവരെ ഓരോ സെമസ്റ്ററിലും കരസ്ഥമാക്കിയ ഗ്രേഡ് അഥവാ മാർക്ക് എന്നിവയും ഇവരിൽ ആർക്കെങ്കിലും ഏതെങ്കിലും സെമസ്റ്ററുകളിലെ വിഷയങ്ങളിൽ ആദ്യ അവസരത്തിൽ വിജയിക്കാനുള്ള ഗ്രേഡ് ലഭ്യമാകാത്ത സ്ഥിതി ഉണ്ടോയെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ബിരുദതല കരിക്കുലം പരിഷ്കരണം

3610 **ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. പ്രമോദ് നാരായൺ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിരുദതല കരിക്കുലം പരിഷ്കരണം നടപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ; എന്തൊക്കെ പരിഷ്കരണങ്ങളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്;

(ബി) ബിരുദതല കരിക്കുലം പരിഷ്കരണത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് വിവിധ ഭാഷകളിൽ ആശയവിനിമയ മികവ് ആർജ്ജിക്കുന്നതിന് ഉൾപ്പെടുത്തിയ സൗകര്യങ്ങൾ അറിയിക്കാമോ; എല്ലാ കോളേജുകളിലും ലാംഗ്വേജ് ലാബുകൾ സജ്ജീകരിക്കുന്നതിന് നടപടി സ്വീകരിക്കാമോ;

(സി) ബിരുദ കോഴ്സുകൾ നാലുവർഷ പദ്ധതിയിൽ ആക്കുന്നതിന്റെ ഇപ്പോഴത്തെ പുരോഗതി അറിയിക്കാമോ; പ്രസ്തുത പാറ്റേണിലെ ഓരോ ഘട്ടവും എന്താണെന്ന് വിശദമാക്കാമോ;

(ഡി) നാലുവർഷ സ്കീമിൽ ചേർന്ന് പഠിക്കുന്ന വിദ്യാർത്ഥിയ്ക്ക് ഓൺലൈനായി മറ്റ് കോഴ്സുകൾ സമാന്തരമായി പഠിക്കുന്നതിന് സാധിക്കുമോ; ഇല്ലെങ്കിൽ അതുകൂടി സാധ്യമാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

## ഹരിത ക്യാമ്പസ് പദ്ധതി

3611 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിത ക്യാമ്പസ് പദ്ധതി പ്രകാരം സംസ്ഥാനത്തെ വിവിധ കോളേജുകളിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ മുഴുവൻ ക്യാമ്പസുകളിലും വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## ഉന്നത വിദ്യാഭ്യാസ മേഖലയിലെ ക്വാളിറ്റി ഇറോഷൻ പരിഹരിക്കുന്നതിന് നടപടി

3612 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-

സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ പുതുതായി ഏതെല്ലാം ബിരുദ-ബിരുദാനന്തര കോഴ്സുകളാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ബി) കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ട് കാലഘട്ടത്തിന് യോജിച്ച പുതിയ കോഴ്സുകൾ, തൊഴിലധിഷ്ഠിത കോഴ്സുകൾ എന്നിവ കോളേജ് തലത്തിൽ/ ബിരുദതലത്തിൽ പഠിപ്പിക്കുന്നതിന് നാലുവർഷ ബിരുദ കോഴ്സുകളിൽ മുൻഗണന നൽകുമോ; വ്യക്തമാക്കുമോ;

(സി) ഉന്നത വിദ്യാഭ്യാസ മേഖലയിലെ മൂല്യച്യുതി പരിഹരിക്കുന്നതിന് എന്തെല്ലാം മാറ്റങ്ങളാണ് കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

## <u>ഉന്നത വിദ്യാഭ്യാസമേഖലയുടെ പശ്ചാത്തല വികസനം</u>

3613 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ മേഖലയുടെ പശ്ചാത്തല വികസനവുമായി ബന്ധപ്പെട്ട പദ്ധതികൾക്കായി 2016 മുതൽ നാളിതുവരെ കിഫ്ബി മുഖേന എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇതിൽ എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും; ഇനിയും എത്ര പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ടെന്നും വ്യക്തമാക്കാമോ?

## <u>ഉന്നതവിദ്യാഭാസ മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള പ്രഖ്യാപനങ്ങൾ</u>

3614 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ ബജറ്റിൽ ഉന്നതവിദ്യാഭാസ മേഖലയുടെ ഉന്നമനത്തിനായി നടപ്പിലാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള എന്തൊക്കെ പ്രഖ്യാപനങ്ങളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## <u>കോളേജുകളിൽ കായിക അധ്യാപക തസ്തിക</u>

3615 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2024 കാലയളവിൽ കേരളത്തിൽ പുതുതായി ആരംഭിച്ച സർക്കാർ കോളേജുകളിൽ കായിക അധ്യാപക തസ്തിക സൃഷ്ടിക്കുന്നതിന് കോളേജ് വിദ്യാഭാസ ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കോളേജിൽ കായിക അധ്യാപകരെ നിയമിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## <u>അധ്യാപകർക്ക് ഗവേഷണത്തിനുള്ള സാമ്പത്തിക പിന്തുണ</u>

3616 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അധ്യാപകർക്കിടയിൽ ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനും പുതിയ കണ്ടെത്തലുകൾ നടത്തുന്നതിനും നൽകുന്ന സീഡ് മണി എല്ലാ വിഭാഗം കോളേജ് അധ്യാപകർക്കും നൽകുന്നുണ്ടോ;വ്യക്തമാക്കാമോ;

(ബി) സർവ്വകലാശാല അഫിലിയേറ്റഡ് കോളജുകളിലെ സ്ഥിരം അധ്യാപകർക്ക് ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിന് നൽകുന്ന സാമ്പത്തിക പിന്തുണ എപ്രകാരമാണ് എന്ന് വിശദമാക്കാമോ;

(സി) നിലവിൽ സംസ്ഥാനത്തെ സർവകലാശാല അഫിലിയേറ്റഡ് കോളേജുകളിലെ സ്ഥിരം അധ്യാപകരിൽ എത്രപേർ ഗവേഷണത്തിൽ ഏർപ്പെട്ടിട്ടുണ്ട് എന്ന് അറിയിക്കാമോ;

(ഡി) ഇവരിൽ എത്രപേർക്ക് സീഡ് മണിയോ മറ്റ് സാമ്പത്തിക പിന്തുണയോ നൽകുന്നുണ്ട് എന്ന വിവരം ലഭ്യമാക്കാമോ;

(ഇ) നിലവിൽ സംസ്ഥാനത്തെ സർവകലാശാല പഠന വിഭാഗങ്ങളിലെ സ്ഥിരം അധ്യാപകരിൽ എത്രപേർ ഗവേഷണത്തിൽ ഏർപ്പെട്ടിട്ടുണ്ട് എന്ന് അറിയിക്കാമോ;

(എഫ്) ഇവരിൽ എത്രപേർക്ക് സീഡ് മണിയോ മറ്റ് സാമ്പത്തിക പിന്തുണയോ ലഭ്യമാക്കുന്നുണ്ട് എന്ന് അറിയിക്കാമോ?

## അസിസ്റ്റന്റ് പ്രൊഫസർ റാങ്ക് ലിസ്റ്റിലെ എക്സസ് നിയമന പ്രശ്നം

3617 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അസിസ്റ്റന്റ് പ്രൊഫസർ റാങ്ക് ലിസ്റ്റിലെ എക്സസ് നിയമനപ്രശ്നം ഫോർ ഇയർ ഡിഗ്രിയുമായി ബന്ധപ്പെട്ട് പരിഹരിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) എക്സസ് അധ്യാപക പ്രശ്നത്തിൽപെട്ട് കോളേജിൽ നിന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകൾ റാങ്ക് ലിസ്റ്റ് നിലവിൽ ഉണ്ടായിട്ടും നികത്തപ്പെടാതെ കിടക്കുന്ന അവസ്ഥയുള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഫോർ ഇയർ ഡിഗ്രിയുടെ പശ്ചാത്തലത്തിൽ, റാങ്ക് ലിസ്റ്റിൽ നിന്നും ഇത്തരം ഒഴിവുകളിലേയ്ക്കുള്ള നിയമന നടപടികൾ ഉടൻ ആരംഭിക്കുമോ; എങ്കിൽ എപ്പോൾ ആരംഭിയ്ക്കാനാകുമെന്ന് അറിയിയിക്കാമോ;

(സി) നിലവിൽ സർക്കാർ കോളേജുകളിൽ സ്ഥിര പ്രിൻസിപ്പാൾ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്ന അവസ്ഥയുള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഫോർ ഇയർ ഡിഗ്രി കോഴ്സുകൾ 2024 ജൂലൈ മുതൽ ആരംഭിക്കുന്നത് കണക്കിലെടുത്ത് പ്രിൻസിപ്പാൾ നിയമനം വേഗത്തിലാക്കാൻ ഉടൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## മൂന്നാർ ഗവ. ആർട്സ് കോളേജ് പുനർ നിർമ്മാണം

3618 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ ഗവണ്മെന്റ് ആർട്സ് കോളേജ് പുനർ നിർമ്മാണം സംബന്ധിച്ച വിശദാംശം നൽകാമോ ;

(ബി) പ്രസ്തുത കോളേജ് കെട്ടിട നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം കണ്ടെത്തി സോയിൽ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തിയിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കാമോ?

## ആർട്സ് ആൻഡ് സയൻസ് കോളേജുകൾ

3619 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 01.06.1991 മുതൽ 31.05.2024 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് സർക്കാർ മേഖലയിൽ അനുവദിച്ച ആർട്സ് ആൻഡ് സയൻസ് കോളേജുകളുടെയും, പുതുതായി അനുവദിച്ച വിവിധ ബിരുദ, ബിരുദാനന്തര കോഴ്സുകളുടേയും, ഓരോ കോഴ്സുകളിലെ സീറ്റുകളുടെയും അവ അനുവദിച്ച വർഷം, മാസം എന്നീ വിശദാംശങ്ങളും ജില്ലാ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

## പെരിങ്ങോം ഗവൺമെന്റ് കോളേജ് കെട്ടിട നിർമ്മാണം

3620 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിങ്ങോം ഗവൺമെന്റ് കോളേജ് കെട്ടിട നിർമ്മാണത്തിന് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ധനാനുമതി ലഭ്യമായത് എപ്പോഴാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ധനാനുമതി ലഭ്യമായി വർഷങ്ങൾ കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(സി) നിർവ്വഹണ ഏജൻസിയായ കിറ്റ്കോയുടെ ഭാഗത്ത് നിന്ന് ഉണ്ടാകുന്ന പോരായ്മ കാരണമാണ് പ്രവൃത്തി തുടങ്ങാൻ കഴിയാത്തത് എന്ന് വിലയിരുത്തിയിട്ടുണ്ടോ; അറിയിക്കാമോ;

(ഡി) സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് പ്രവൃത്തി എപ്പോൾ തുടങ്ങാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് വ്യക്തമാക്കാമോ?

## ചവറ ബേബിജോൺ മെമ്മോറിയൽ ഗവൺമെന്റ് കോളേജിന്റെ വികസന പ്രവൃത്തികൾ

3621 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ ബേബിജോൺ മെമ്മോറിയൽ ഗവൺമെന്റ് കോളേജിന് 2016 വർഷം മുതൽ ഇതുവരെ എത്ര തുക വികസന പ്രവൃത്തികൾക്കായി അനുവദിച്ചുവെന്നും ഏതൊക്കെ പ്രവൃത്തികൾക്കാണ് തുക അനുവദിച്ചതെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ അവസ്ഥ എന്താണെന്നും അറിയിക്കുമോ?

**രാജാരവിവർമ്മ സെന്റർ ഫോർ എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന്റെ പ്രവർത്തന വിപുലീകരണം**

3622 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കരയിലെ രാജാരവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന്റെ പ്രവർത്തന വിപുലീകരണത്തിനും അന്താരാഷ്ട്ര ശ്രദ്ധ ആർജ്ജിക്കുംവിധം ഉന്നത നിലവാരത്തിലേയ്ക്ക് എത്തിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

**കിനാനൂർ -കരിന്തളം ഗവ. കോളേജിൽ പുതിയ കോഴ്സുകൾ**

3623 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിനാനൂർ -കരിന്തളം ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

**കോഴിക്കോട് ഗവണ്മെന്റ് ലോ- കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനം**

3624 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഗവണ്മെന്റ് ലോ-കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കോളേജിലെ വിദ്യാർത്ഥികൾക്ക് സൗകര്യപ്രദമായ കാന്റീൻ ഇല്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

**നാദാപുരം സർക്കാർ കോളേജ് കെട്ടിട നിർമ്മാണം**

3625 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖാന്തിരം നാദാപുരം മണ്ഡലത്തിൽ കിറ്റ്കോയിലൂടെ നടപ്പിലാക്കുന്ന നാദാപുരം സർക്കാർ കോളേജ് കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി അറിയ്ക്കാമോ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

**എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ അധ്യാപകരുടെ സ്ട്രെങ്ത്**

3626 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ എസ്.സി., എസ്.ടി., ഒ.ബി.സി. വിഭാഗങ്ങളിൽപ്പെട്ട എത്ര അധ്യാപകരുണ്ട്; ഓരോ

കോളേജിലെയും അധ്യാപകരുടെ ടോട്ടൽ സ്ട്രെങ്ത്തും കാറ്റഗറി തിരിച്ചുള്ള ഡാറ്റയും ലഭ്യമാക്കാമോ?

## ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ

3627 **ശ്രീ എം നൗഷാദ്**
**ശ്രീ. കെ. ആൻസലൻ**
**ശ്രീ. എ. പ്രഭാകരൻ**
**ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത സർവ്വകലാശാലയിലെ ഏതെല്ലാം കോഴ്സുകൾക്കാണ് യു.ജി.സി.യുടെ അംഗീകാരം ലഭിച്ചിട്ടുള്ളതെന്നും അംഗീകാരം നേടാനുള്ളവ ഏതെല്ലാമാണെന്നും അറിയിക്കാമോ;

(സി) സംസ്ഥാനത്തെ സർവ്വകലാശാലകൾക്കും അതിൻകീഴിലുള്ള കോളേജുകൾക്കും ഈ സർക്കാർ വന്നതിന് ശേഷം ലഭിച്ചിട്ടുള്ള അംഗീകാരങ്ങൾ ഏതെല്ലാമെന്ന് വിശദീകരിക്കാമോ;

(ഡി) ഉന്നത വിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനമികവും സുരക്ഷിതത്വവും കാലാനുസൃതമായ പരിഷ്കാരവും ഇതര സംസ്ഥാനങ്ങൾ, വിവിധ രാജ്യങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളെ ആകർഷിക്കുവാൻ കഴിയുന്ന തരത്തിലുള്ളതാണോ; വ്യക്തമാക്കാമോ;

(ഇ) വിവിധ സർവ്വകലാശാലകളിലെ കോളേജുകളിലായി ഇതര സംസ്ഥാനത്തുനിന്നും വിദേശ രാജ്യങ്ങളിൽ നിന്നും എത്ര വീതം വിദ്യാർത്ഥികൾ പഠിക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

## അക്കാഡമിക് രംഗത്തുണ്ടാകുന്ന നേട്ടങ്ങളും കണ്ടെത്തലുകളും

3628 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്കാഡമിക് രംഗത്തുണ്ടാകുന്ന നേട്ടങ്ങളും കണ്ടെത്തലുകളും സമൂഹത്തിന് ഉപകാരപ്രദമാക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വിവിധ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## റൂസ ഫണ്ട്

3629 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം കോട്ടയം ജില്ലയിലെ ഏതെല്ലാം കോളേജുകൾക്കാണ് റൂസ ഫണ്ടിൽ നിന്ന് പ്രവൃത്തികൾ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം പ്രവൃത്തികൾക്ക് എത്ര തുക അനുവദിച്ചുവെന്നും അവയുടെ നിലവിലെ സ്ഥിതിയെന്താണെന്നും വ്യക്തമാക്കുമോ?

**റൂസ പദ്ധതി**

3630 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റൂസ പദ്ധതി വഴി സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിലേയ്ക്ക് എത്ര തുക നാളിതുവരെ ലഭ്യമായിട്ടുണ്ടെന്ന് സാമ്പത്തിക വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും മാനദണ്ഡങ്ങൾ നിശ്ചയിച്ചത് ആരാണെന്നും വ്യക്തമാക്കാമോ;

(സി) ഏതൊക്കെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കാണ് റൂസ ഫണ്ട് ലഭിക്കാൻ അർഹതയുള്ളതെന്ന് അറിയിക്കാമോ;

(ഡി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഏതൊക്കെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക്, എത്ര തുക വീതം റൂസ ഫണ്ടിനത്തിൽ നൽകിയിട്ടുണ്ടെന്ന് സാമ്പത്തിക വർഷം തിരിച്ച് ലഭ്യമാക്കാമോ; പ്രസ്തുത ഫണ്ടിന്റെ ചെലവഴിച്ച തുകയുടെ വിവരങ്ങളും ലഭ്യമാക്കാമോ;

(ഇ) സംസ്ഥാനത്തിന് റൂസ അനുവദിക്കുന്ന ഫണ്ടിന് കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ;

(എഫ്) സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന് റൂസയിൽ നിന്ന് ലഭിച്ച ഫണ്ടും കൗൺസിൽ സംസ്ഥാനത്തെ മറ്റ് സ്ഥാപനങ്ങൾക്ക് നൽകിയ ഫണ്ടിന്റെയും മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**നാല് വർഷ ഡിഗ്രി കോഴ്സുകൾ**

3631 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജുകളിൽ നാല് വർഷ ഡിഗ്രി കോഴ്സുകൾ ആരംഭിച്ച സാഹചര്യത്തിൽ ഗവൺമെന്റ്, എയ്ഡഡ് കോളേജുകളിൽ അടിസ്ഥാന സൗകര്യ ശാക്തീകരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) മേൽ സാഹചര്യത്തിൽ അക്കാദമിക് നിലവാരം ഉയർത്തുന്നതിന് നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ വ്യക്തമാക്കാമോ;

(സി) നൂതന കോഴ്സുകൾ അനുവദിക്കുന്നതിനുള്ള സാധ്യതകൾ വിശദമാക്കുമോ?

**മലമ്പുഴ ഐ.എച്ച്.ആർ.ഡി. കോളേജിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി**

3632 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാലക്കാട് ജില്ലയിലെ മലമ്പുഴ ഐ.എച്ച്.ആർ.ഡി. കോളേജിന്റെ അടിസ്ഥാന സൗകര്യങ്ങൾ

മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) ഇതിനായി അനുവദിച്ച തുക, പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കാമോ?

**<u>ഭിന്നശേഷി സൗഹൃദ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ</u>**

3633 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷി സൗഹൃദ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നാക് മാനദണ്ഡ പ്രകാരം അധിക ക്രെഡിറ്റ് നൽകുമെന്ന് യു.ജി.സി. പ്രഖ്യാപിക്കുകയുണ്ടായോ;

(ബി) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സഹായധനം, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്നിവ ലഭിക്കുന്നതിന് നാക് റാങ്കിംഗ് ഒരു നിർബന്ധിത മാനദണ്ഡമായി നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) സംസ്ഥാനത്ത് ആകെ എത്ര ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് യു.ജി.സി. മാനദണ്ഡങ്ങൾ പ്രകാരം ഭിന്നശേഷി സൗഹൃദമായിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാകുമോ;

(ഡി) സംസ്ഥാനത്തെ മുഴുവൻ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെയും ഭിന്നശേഷി സൗഹൃദമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>ഉന്നതവിദ്യാഭ്യാസ മേഖലയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി</u>**

3634 **ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയുടെ വളർച്ചയ്ക്ക് അക്കാദമിക്, വ്യവസായ മേഖലകളുടെ പരസ്പരപൂരകമായ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകത വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് നിന്നും വിദ്യാർത്ഥികൾ വിദേശരാജ്യങ്ങളിലേക്ക് കുടിയേറുന്നത് പഠനത്തോടൊപ്പം തൊഴിൽ ചെയ്യാനുള്ള സാധ്യത പരിഗണിച്ചാണെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉന്നതവിദ്യാഭ്യാസ രംഗത്തെ വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം അവരുടെ മേഖലകളിൽ തൊഴിൽ പ്രവൃത്തി പരിചയവും ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) എങ്കിൽ പ്രസ്തുത വിദ്യാർത്ഥികളുടെ നൂതനാശയങ്ങൾ വികസിപ്പിച്ച് സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**<u>പുതിയ പി.ജി. കോഴ്സുകൾ</u>**

3635 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ അധ്യയന വർഷം സർക്കാർ കോളേജുകളിൽ പുതിയ പോസ്റ്റ് ഗ്രാജ്വേഷൻ കോഴ്സുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ ഏതെല്ലാം കോളേജുകളിൽ ആണ് പ്രസ്തുത കോഴ്സുകൾ ആരംഭിക്കുന്നതെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(സി) ഫിസിക്സ് കോഴ്സ് ആവശ്യപ്പെട്ടുകൊണ്ട് ഏതെല്ലാം കോളേജുകൾ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്; ലിസ്റ്റ് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത കോഴ്സ് എവിടെയെല്ലാം അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്; വിശദമാക്കാമോ?

**<u>സർവകലാശാലകളിലെ പി.എച്ച്.ഡി പ്രവേശന സംവരണം</u>**

3636 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാലകളിൽ പി.എച്ച്.ഡി. പ്രവേശനത്തിന് വിവിധ വിഭാഗങ്ങൾക്ക് സംവരണം അനുവദിക്കുന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) സർവകലാശാലകളിൽ 2020-2021 മുതലുള്ള അധ്യയന വർഷങ്ങളിൽ വിവിധ സംവരണ ടേണുകളിൽ പി.എച്ച്.ഡി. പ്രവേശനം നേടിയവരുടെ എണ്ണം സംവരണവിഭാഗം തിരിച്ചു ലഭ്യമാക്കാമോ;

(സി) പി.എച്ച്.ഡി. പ്രവേശനത്തിന് ഒ.ബി.സി. വിഭാഗങ്ങൾക്ക് ഏതെങ്കിലും സർവകലാശാലയിൽ നിലവിൽ സംവരണം അനുവദിക്കാത്തതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ?

**<u>സാങ്കേതിക സർവകലാശാലയിൽ അക്കാദമിക് കൗൺസിൽ</u>**

3637 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക സർവകലാശാലയിൽ നിലവിൽ അക്കാദമിക് കൗൺസിൽ ഉണ്ടോ; ഇല്ലെങ്കിൽ എന്നാണ് അക്കാദമിക് കൗൺസിലിന്റെ കാലാവധി കഴിഞ്ഞതെന്ന് വ്യക്തമാക്കാമോ;

(ബി) റഗുലേഷനുകളിൽ വരുന്ന മാറ്റങ്ങൾ ഗസറ്റ് വിജ്ഞാപനം മുഖേന പ്രസിദ്ധീകരിക്കണമെന്ന് സർവകലാശാല ആക്ട് നിഷ്കർഷിക്കുന്നുണ്ടോ;

(സി) സാങ്കേതിക സർവ്വകലാശാലയുടെ കോഴ്സുകളുമായി ബന്ധപ്പെട്ട റെഗുലേഷനുകൾ അംഗീകരിക്കേണ്ടതും മാറ്റങ്ങൾ വരുത്തേണ്ടതും അക്കാദമിക് കൗൺസിലിൽ നിക്ഷിപ്തമായിരിക്കെ, മുൻ സെമസ്റ്ററുകളിലെ ബി.ടെക് കോഴ്സുകൾ രജിസ്റ്റർ ചെയ്യാനായി അനുവദിക്കപ്പെട്ട ക്രെഡിറ്റിന്റെ പരമാവധി എന്നത് എട്ടിൽ നിന്നും പതിനഞ്ചാക്കി വർദ്ധിപ്പിക്കാൻ അക്കാദമിക് കൗൺസിലിന്റെ അഭാവത്തിൽ സർവകലാശാല തീരുമാനിച്ചത് ചട്ടവിരുദ്ധമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത റെഗുലേഷനിലെ മാറ്റങ്ങൾ അക്കാദമിക് കൗൺസിൽ അംഗീകരിക്കാത്ത സാഹചര്യത്തിലും ഗസറ്റ് വിജ്ഞാപനം മുഖേന പ്രസിദ്ധീകരിക്കാത്ത സാഹചര്യത്തിലും അവയ്ക്ക് നിയമപരമായ നിലനിൽപ്പില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സാങ്കേതിക സർവകലാശാല ആക്ടിലെ ഖണ്ഡിക 13 (7) പ്രകാരം വൈസ് ചാൻസലർ ഒഴിവ് പെട്ടെന്ന് നികത്താൻ കഴിയാത്ത സാഹചര്യത്തിൽ നടത്തുന്ന വൈസ് ചാൻസലർ നിയമനം പരമാവധി ആറുമാസക്കാലത്തേക്ക് മാത്രമായി നിജപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിലും, 2023 മെയ് മാസത്തിന് ശേഷം വൈസ് ചാൻസലറുടെ അധികാരം ഉപയോഗിച്ച് സാങ്കേതിക സർവകലാശാലയിൽ ഇറക്കിയ ഉത്തരവുകളും റെഗുലേഷനുകളും നിയമപരമായി അംഗീകരിക്കാൻ കഴിയാത്ത സാഹചര്യത്തിലും, പ്രസ്തുത ബി.ടെക് റെഗുലേഷനിലെ മാറ്റങ്ങൾക്ക് സാധുത ഉണ്ടാകില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സാധുത ഉണ്ടാകില്ലെങ്കിൽ നിലവിൽ വൈസ് ചാൻസലറുടെ അധികാരം ഉപയോഗിക്കുന്നത് ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കാമോ;

(എഫ്) പ്രസ്തുത ബി.ടെക് റെഗുലേഷനിലെ പരമാവധി രജിസ്റ്റർ ചെയ്യാവുന്ന ക്രെഡിറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് വേണ്ടി സർവ്വകലാശാലയിൽ ലഭിച്ച നിവേദനങ്ങളുടെയും ഇതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ രേഖകളുടെയും പകർപ്പ് ലഭ്യമാക്കാമോ?

## <u>സാങ്കേതിക ഡിപ്ലോമ സർട്ടിഫിക്കറ്റ് കോഴ്സുകൾ</u>

3638 **ശ്രീ. പി. വി. അൻവർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം കെ.ജി.സി.ഇ., കെ.ജി.ടി.ഇ., എൻ.സി.വി.ടി. സാങ്കേതിക ഡിപ്ലോമ സർട്ടിഫിക്കറ്റ് കോഴ്സുകൾക്കാണ് അംഗീകാരമുള്ളതെന്ന് അറിയിക്കാമോ; അവയിൽ പുതുതലമുറ കോഴ്സുകൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) സ്വകാര്യ മേഖലയിൽ പ്രസ്തുത കോഴ്സുകൾക്ക് അനുമതി നൽകാറുണ്ടോ; എങ്കിൽ അപേക്ഷിക്കുന്നതിന്റെയും പരിശോധനകളുടെയും അനുമതി നൽകുന്നതിന്റെയും നടപടിക്രമങ്ങളും മാനദണ്ഡങ്ങളും സ്വകാര്യ സ്ഥാപനങ്ങൾ ഒരുക്കേണ്ട സംവിധാനങ്ങളും വിശദമാക്കാമോ; അത്തരം കോഴ്സുകൾ പഠിപ്പിക്കുന്ന അധ്യാപകർക്ക് നിശ്ചിത യോഗ്യതകൾ നിഷ്കർഷിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സ്വകാര്യ സ്ഥാപനങ്ങളിലെ കോഴ്സുകളുടെ പരീക്ഷാനടത്തിപ്പും സർട്ടിഫിക്കറ്റ് വിതരണവും ആരാണ് നടത്തുന്നതെന്നും കോഴ്സുകൾക്ക് ആരാണ് അംഗീകാരം നൽകുന്നതെന്നും വിശദമാക്കാമോ; സ്വകാര്യ സ്ഥാപനങ്ങളിലെ ഫീസ് നിരക്കുകൾ ഏകീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) കാലാനുസൃതമായി പ്രസ്തുത കോഴ്സുകളിലെ വിഷയങ്ങൾ പരിഷ്കരിക്കുകയോ പുതുതലമുറ കോഴ്സുകൾ ഉൾപ്പെടുത്തുകയോ ചെയ്യാറുണ്ടോ; പുതിയ കോഴ്സുകൾ ഉൾപ്പെടുത്തുന്നതിന്റെ നടപടിക്രമങ്ങൾ വ്യക്തമാക്കാമോ?

## സാങ്കേതിക സർവകലാശാല വൈസ് ചാൻസലർ നിയമനം

3639 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക സർവകലാശാലയിലെ വൈസ് ചാൻസലറുടെ നിയമനം റദ്ദാക്കിക്കൊണ്ടുള്ള സുപ്രീം കോടതി വിധിയും തുടർന്ന് വൈസ് ചാൻസലർ പദവിയിൽനിന്ന് പുറത്താക്കപ്പെട്ട വ്യക്തി നൽകിയ പുനഃപരിശോധന ഹർജിയിലെ വിധിയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിധികൾ നടപ്പിലാക്കുന്നതിനായി സർക്കാരും സർവകലാശാലയും കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ വൈസ് ചാൻസലർ നിയമനം റദ്ദാക്കപ്പെട്ട വ്യക്തി മാതൃവകുപ്പിൽ തിരികെ പ്രവേശിക്കുവാൻ എന്നാണ് അപേക്ഷ നൽകിയതെന്ന് വ്യക്തമാക്കാമോ;

(സി) നിയമനം റദ്ദാക്കപ്പെട്ട ദിവസം മുതൽ സാങ്കേതിക വിദ്യാഭ്യാസവകുപ്പിൽ പുനഃപ്രവേശിക്കുവാൻ അപേക്ഷ നൽകിയതുവരെയുള്ള കാലഘട്ടത്തിലെ സർവീസും ശമ്പളവും ഏതുചട്ടപ്രകാരമാണ് ക്രമീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) വൈസ് ചാൻസലർ നിയമനം റദ്ദാക്കപ്പെട്ട വ്യക്തിക്ക് നൽകിയ ശമ്പളവും മറ്റാനുകൂല്യങ്ങളും സർവകലാശാല ഫണ്ടിലേക്ക് മടക്കി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ശമ്പളവും മറ്റാനുകൂല്യങ്ങളും നിയമനം റദ്ദാക്കപ്പെട്ട വ്യക്തിയിൽ നിന്നും സർവകലാശാല തിരികെ ആവശ്യപ്പെടാതിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ഇ) വൈസ് ചാൻസലർ പദവിയിലെ നിയമനം റദ്ദാക്കപ്പെട്ട വ്യക്തിക്ക് സർവകലാശാല ലാസ്റ്റ് പേ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടോ; എങ്കിൽ എപ്രകാരമാണ് ഇത് സർവകലാശാല നൽകിയതെന്ന് വ്യക്തമാക്കാമോ; ബന്ധപ്പെട്ട രേഖകളുടെ പകർപ്പും ലഭ്യമാക്കാമോ?

## കണ്ണൂർ എഞ്ചിനീയറിംഗ് കോളേജിലെ എം.ടെക് കോഴ്സുകൾ

3640 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ എഞ്ചിനീയറിംഗ് കോളേജിൽ പുതിയ എം.ടെക് കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കാമോ; എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഏതൊക്കെ ബ്രാഞ്ചുകളാണ് അനുവദിക്കാൻ ഉദ്ദേശിക്കുന്നതെന്നും സർക്കാരിന് സാമ്പത്തിക ബാധ്യതയില്ലാതെ ആരംഭിക്കാൻ സാധിക്കുമോയെന്നും വ്യക്തമാക്കാമോ?

## വിമെൻ എൻജിനീയേർഡ് സാറ്റലൈറ്റ്

3641 **ഡോ. കെ. ടി. ജലീൽ**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം എൽ.ബി.എസ്. എൻജിനീയറിംഗ് കോളേജിലെ വിദ്യാർത്ഥിനികളും അധ്യാപികമാരും ചേർന്ന് സ്വന്തമായി നിർമ്മിച്ച വിമെൻ എൻജിനീയേർഡ് സാറ്റലൈറ്റ് വിക്ഷേപിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നേട്ടത്തെ സാങ്കേതികവിദ്യാ രംഗത്തെ വനിതാ ശാക്തീകരണത്തിനും ലിംഗസമത്വത്തിനുമുള്ള മാതൃകയായി കണക്കാക്കുമോ; വിശദമാക്കുമോ;

(സി) പ്രസ്തുത സാറ്റലൈറ്റ് മുഖേന നടത്തുവാൻ ഉദ്ദേശിച്ചിട്ടുള്ള ഗവേഷണ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

**<u>പാലക്കാട് പോളിടെക്നിക് കോളേജിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി</u>**

3642 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പാലക്കാട് പോളിടെക്നിക് കോളേജിന്റെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഇതിനായി അനുവദിച്ച തുക, പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്നിയുടെ വിശദാംശം ലഭ്യമാക്കാമോ?

**<u>വനിതാ റസിഡൻഷ്യൽ പോളിടെക്നിക് കോളേജ് ക്യാമ്പസിന്റെ ചുറ്റുമതിൽ നിർമ്മാണം</u>**

3643 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ വനിതാ റസിഡൻഷ്യൽ പോളിടെക്നിക് കോളേജ് ക്യാമ്പസിന്റെ ചുറ്റുമതിൽ നിർമ്മാണം എന്ന പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ഏത് പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര കോടി രൂപയ്ക്കാണ് ഭരണാനുമതി കിട്ടിയതെന്ന് വിശദമാക്കാമോ;

(സി) ടെണ്ടർ എടുക്കാത്ത സാഹചര്യമാണെങ്കിൽ ഭരണാനുമതി നൽകിയ തുകയിൽ അധികരിക്കാതെ എസ്റ്റിമേറ്റ് പുതുക്കി ടെണ്ടർ ചെയ്യാൻ ആവശ്യമായ നടപടികൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

**<u>കോതമംഗലം ചേലാട് പോളിടെക്നിക് കോളേജിലെ വികസന പ്രവർത്തനങ്ങൾ</u>**

3644 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം ചേലാട് പോളിടെക്നിക് കോളേജിലെ വികസന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) ശേഷിക്കുന്ന പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>പോളിടെക്നിക്കുകളിലെ വിദ്യാർത്ഥികൾക്ക് പ്ലേസ്മെന്റ്</u>**

3645 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് പ്ലേസ്മെന്റ് സെൽ മുഖേന 2023-24 വർഷത്തിൽ സംസ്ഥാനത്തെ പോളിടെക്നിക്കുകളിൽ എത്ര കമ്പനികളാണ് പ്ലേസ്മെന്റ് നൽകുന്നതിനായി മുന്നോട്ട് വന്നിട്ടുള്ളതെന്നത് സംബന്ധിച്ച വിവരം അറിയിക്കാമോ?

**<u>മടിക്കൈ, പരപ്പ എന്നിവിടങ്ങളിൽ പോളിടെക്നിക്കുകൾ</u>**

3646 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മടിക്കൈ, പരപ്പ എന്നിവിടങ്ങളിൽ പോളിടെക്നിക്കുകൾ ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

**<u>വണ്ടിപ്പെരിയാർ പോളിടെക്നിക് കോളേജിന്റെ സമഗ്ര വികസനം</u>**

3647 **ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടിപ്പെരിയാർ പോളിടെക്നിക് കോളേജിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പണി പൂർത്തിയാക്കിയ പുതിയ കെട്ടിടം കോളേജിന് വിട്ടുകൊടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കെട്ടിടത്തിന്റെ 95 ശതമാനം പണികളും പൂർത്തിയായതിനാൽ ഈ അദ്ധ്യയന വർഷം ആരംഭിക്കുന്നതിന് മുമ്പ് പുതിയ കെട്ടിടം തുറന്നു കൊടുക്കുവാൻ വേണ്ട നടപടി സ്വീകരിച്ചിരുന്നോ; വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ എട്ടു വർഷത്തിനുള്ളിൽ വണ്ടിപ്പെരിയാർ പോളിടെക്നിക് കോളേജിന്റെ സമഗ്രമായ വികസനത്തിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കാമോ;

(ഡി) തോട്ടം മേഖലയിൽ പ്രവർത്തിക്കുന്ന വണ്ടിപ്പെരിയാർ പോളിടെക്നിക് കോളേജിൽ പുതിയ കോഴ്സുകൾ അനുവദിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>മട്ടന്നൂർ ഗവ.പോളിടെക്നിക് കോളേജിന്റെ കെട്ടിട നിർമ്മാണം</u>**

3648 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ ഗവണ്മെന്റ് പോളിടെക്നിക് കോളേജിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**<u>കെ.ജി.റ്റി.ഇ. ടൈപ്പ് റൈറ്റിംഗ് ആൻഡ് കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് പരീക്ഷയ്ക്കായുള്ള പുതിയ സിലബസ്</u>**

3649 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ജി.റ്റി.ഇ. ടൈപ്പ് റൈറ്റിംഗ് ആൻഡ് കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് പരീക്ഷയ്ക്കായുള്ള പുതിയ സിലബസ് പ്രകാരം പരീക്ഷാ നടത്തിപ്പിനെ സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ പരീക്ഷാ രീതി സംബന്ധിച്ച് മാനദണ്ഡങ്ങൾ നിശ്ചയിച്ച് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ; പുതിയ സിലബസ് പ്രകാരം മോഡൽ ചോദ്യപേപ്പറുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പരീക്ഷയുടെ പുതിയ സിലബസ് പ്രകാരം എൽ.ബി.എസ്. മുഖേന പരീക്ഷ നടത്തുന്നതിനുള്ള തുടർ നടപടികൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സ്വീകരിക്കണമെന്ന നിർദ്ദേശത്തിന്മേൽ നാളിതുവരെ എന്തെല്ലാം തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) പുതിയ സിലബസ് നടപ്പിലാക്കുന്നതിന് മുന്നേ പുതിയ സിലബസ് പ്രകാരമുള്ള പരീക്ഷ സംബന്ധിച്ച് ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾക്ക് വ്യക്തമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിക്കുമോ, ഇപ്രകാരം മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ച് 6 മാസത്തെ കോഴ്സ് കാലാവധി സമയം പുതിയ സിലബസ് നടപ്പിലാക്കുന്നതിന് അനുവദിക്കുമോ, വ്യക്തമാക്കാമോ;

(ഡി) ടൈപ്പ് റൈറ്റിംഗ് ആൻഡ് വേഡ് പ്രോസസ്സിംഗ് കോഴ്സിന്റെ കാലാവധി ആറ് മാസത്തിൽ കൂടുതൽ നീട്ടിക്കൊണ്ടുപോകുന്നതിന് ഇൻസ്റ്റിറ്റ്യൂട്ടുകൾക്ക് സാധിക്കാത്തതിനാൽ വർഷത്തിൽ രണ്ട് പരീക്ഷ കൃത്യമായി നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് വകുപ്പ് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഇ) എൽ.ബി.സ്. ഡയറക്ടറുടെ 23.11.2023-ലെ ബി4/1219/2023 കത്തിൽ പുതിയ സിലബസ് പ്രകാരം പരീക്ഷ നടത്തിപ്പിന് പരീക്ഷാ ഫീസ് ഉയർത്തണമെന്ന നിർദ്ദേശം അംഗീകരിച്ചിട്ടുണ്ടോ; നിലവിലുള്ള ഫീസ് നിരക്കിൽ വർദ്ധനവ് വരുത്തുന്നതുമൂലം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ സാരമായി ബാധിക്കുമെന്നതിനാൽ ഫീസ് വർദ്ധനവിൽ നിന്ന് പിന്മാറുമോയെന്ന് വ്യക്തമാക്കാമോ?

## <u>കുമാരപുരം ജൂനിയർ ടെക്നിക്കൽ സ്കൂളിലെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ</u>

3650 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ കുമാരപുരത്ത് പ്രവർത്തിക്കുന്ന ജൂനിയർ ടെക്നിക്കൽ സ്കൂളിന്റെ പുതിയ കെട്ടിട നിർമ്മാണത്തിനായി എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## <u>സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നൂതന ഉല്പന്നങ്ങൾ</u>

3651 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഗവേഷണ സ്ഥാപനങ്ങളിലും കണ്ടുപിടിക്കുന്ന നൂതന ഉല്പന്നങ്ങൾ പലതും വിപണിയിൽ എത്തുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അത്തരം കണ്ടുപിടിത്തങ്ങൾക്ക് പിന്തുണ നൽകി വിപണന സാധ്യതയുള്ള ഉല്പന്നങ്ങളാക്കുവാൻ യുവതലമുറയ്ക്ക് കരുത്ത് നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

**<u>ടെക്നിക്കൽ ഹൈസ്കൂൾ അദ്ധ്യാപകരുടെ നിയമനം</u>**

3652 **ശ്രീ. അനൂപ് ജേക്കബ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ സർക്കാർ ടെക്നിക്കൽ ഹൈസ്കൂളുകളിൽ ഹൈസ്കൂൾ അസിസ്റ്റന്റ് (സോഷ്യൽ സയൻസ്) തസ്തികയിൽ നിന്നും നിയമിക്കേണ്ട ഇൻസ്ട്രക്ടർ ഇൻ ഹ്യൂമാനിറ്റീസ് ആൻഡ് ലാംഗ്വേജസ് എന്ന തസ്തികയിലേക്ക് ഇംഗ്ലീഷ് അദ്ധ്യാപകരെ നിയമിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ 13.09.2021 വരെ കാലാവധിയുണ്ടായിരുന്ന എച്ച്.എസ്.എ (സോഷ്യൽ സയൻസ്) റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നവർക്ക് നിയമനം ലഭിക്കാതിരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇപ്രകാരം നിയമിതരായ ഇംഗ്ലീഷ് അദ്ധ്യാപകർ നിയമപരമല്ലാതെ കൈപ്പറ്റിയ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും തിരിച്ചുപിടിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സംസ്ഥാനത്തെ മറ്റ് ടെക്നിക്കൽ ഹൈസ്കൂളുകളിൽ ഇത്തരത്തിൽ നിയമനങ്ങൾ നടന്നിട്ടുണ്ടോ; എങ്കിൽ ഇത്തരം സാഹചര്യം സൃഷ്ടിക്കാനിടയാക്കിയ ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചത്; വിശദമാക്കുമോ?

**<u>ഷൊർണ്ണൂരിൽ വി.എച്ച്.എസ്.ഇ.യ്ക്ക് സ്ഥലം വിട്ടുനൽകുന്നതിന് നടപടി</u>**

3653 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ ഷൊർണ്ണൂർ കേന്ദ്രമായി പ്രവർത്തിച്ചുവരുന്ന ടെക്നിക്കൽ ഹൈസ്കൂളിന്റെ പുരയിടത്തിൽ വർഷങ്ങളായി പ്രവർത്തിച്ച് കൊണ്ടിരിക്കുന്ന വി.എച്ച്.എസ്.ഇ.യ്ക്ക് 50 സെന്റ് സ്ഥലം വിട്ടുനൽകുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സ്ഥലം എന്ന് കൈമാറി നൽകുവാൻ കഴിയും എന്ന് വിശദമാക്കാമോ?

**<u>കാലിക്കറ്റ് സർവകലാശാലയിലെ ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയർ തസ്തിക</u>**

3654 **ശ്രീ. യു. എ. ലത്തീഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവകലാശാലയിലെ ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയർ, ജൂനിയർ എഞ്ചിനീയർ (ഇൻസ്ട്രുമെന്റേഷൻ) എന്നീ തസ്തികകളിൽ നിയമനം ലഭിക്കുന്നതിന് ആവശ്യമായ യോഗ്യതകൾ വിശദമാക്കാമോ;

(ബി) നിലവിൽ പ്രസ്തുത തസ്തികകളിൽ ചുമതല വഹിക്കുന്ന ജീവനക്കാരുടെ വിദ്യാഭ്യാസ യോഗ്യത, സാങ്കേതിക യോഗ്യത, മറ്റ് വിശദാംശം എന്നിവ ലഭ്യമാക്കാമോ;

(സി) പ്രസ്തുത സർവകലാശാലയിൽ ഇൻസ്ട്രുമെന്റേഷൻ എൻജിനീയറായി ജോലിചെയ്തിരുന്ന വ്യക്തിയെ സസ്പെൻഡ് ചെയ്യുകയും തുടർനടപടികളുടെ ഭാഗമായി 2022-ൽ ജൂനിയർ എഞ്ചിനീയറായി തരംതാഴ്ത്തുകയും ചെയ്തിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത വ്യക്തിയുടെ സസ്പെൻഷൻ, അതിനെ തുടർന്നുള്ള അന്വേഷണം, ശിക്ഷാ നടപടി, തരം താഴ്ത്തൽ എന്നിവയുമായി ബന്ധപ്പെട്ട് സർവകലാശാലയ്ക്ക് എത്ര തുക ചെലവഴിക്കേണ്ടിവന്നുവെന്ന് വിശദമാക്കാമോ;

(ഇ) ടി.എ., ഡി.എ., ലീഗൽ ചാർജ്ജസ്, ട്രാൻസ്പോർട്ടേഷൻ തുടങ്ങി ഓരോ ഇനത്തിലും സർവകലാശാല ചെലവഴിച്ച തുകയുടെ വിശദാംശം ഇനം തിരിച്ച് ലഭ്യമാക്കാമോ?

## ഞാറക്കലിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിങ് സ്ഥാപനത്തിന്റെ നവീകരണം

3655 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വൈപ്പിൻ മണ്ഡലത്തിലെ ഞാറക്കലിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിങ്ങിൽ എന്തെല്ലാം കോഴ്സുകളാണ് പഠിപ്പിക്കുന്നതെന്നും എത്ര വിദ്യാർഥികൾ ഈ സ്ഥാപനത്തിൽ പഠിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ഞാറക്കൽ പഞ്ചായത്തിൽ വൈപ്പിൻ പള്ളിപ്പുറം റോഡിന് സമീപം 70 സെന്റോളം സ്ഥലത്ത് വളരെ ശോചനീയമായ അവസ്ഥയിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന്റെ നവീകരണത്തിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## സർവകലാശാലകളിലെ പി.എച്ച്.ഡി. പ്രവേശന സംവരണം

3656 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാലകളിൽ പി.എച്ച്.ഡി. പ്രവേശനത്തിന് വിവിധ വിഭാഗങ്ങൾക്ക് സംവരണം അനുവദിക്കുന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) സർവകലാശാലകളിൽ 2020-2021 മുതലുള്ള അധ്യയനവർഷങ്ങളിൽ വിവിധ സംവരണ ടേണുകളിൽ പി.എച്ച്.ഡി. പ്രവേശനം നേടിയവരുടെ എണ്ണം സംവരണ വിഭാഗം തിരിച്ച് ലഭ്യമാക്കാമോ;

(സി) പി.എച്ച്.ഡി. പ്രവേശനത്തിന് ഒ.ബി.സി. വിഭാഗങ്ങൾക്ക് ഏതെങ്കിലും സർവകലാശാലയിൽ നിലവിൽ സംവരണം അനുവദിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ?

## ഗവൺമെന്റ് ലോ കോളേജുകളിൽ ഈവനിംഗ് കോഴ്സുകൾ

3657 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ലോ കോളേജുകളിലെ ഈവനിംഗ് കോഴ്സുകൾ പുനരാരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

## <u>സർവകലാശാലകളിൽ ഔദ്യോഗിക വാഹനങ്ങളുടെ ദുരുപയോഗം</u>

3658 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവകലാശാലകളിൽ ഔദ്യോഗിക വാഹനങ്ങളുടെ ലോഗ് ബുക്കിൽ വിവരങ്ങൾ മറച്ചുവെച്ച് വാഹനങ്ങൾ ദുരുപയോഗം ചെയ്യുന്നതായ പരാതി ശ്രദ്ധയിൽ വന്നിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) സർവ്വകലാശാലകളിലെ ഭരണസമിതി അംഗങ്ങൾ സ്വകാര്യ ആവശ്യങ്ങൾക്ക് ഉൾപ്പെടെ, ഔദ്യോഗിക വാഹനങ്ങൾ ദുരുപയോഗം ചെയ്യുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം പരാതികളിൽ കൈക്കൊണ്ട നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) സാങ്കേതിക സർവ്വകലാശാലയിലെ വാഹനങ്ങളുടെ ലോഗ് ബുക്കിൽ യാത്രയുടെ ഉദ്ദേശം വെളിപ്പെടുത്താതെ വ്യാപകമായ രീതിയിൽ ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) യാത്രയുടെ വിശദാംശങ്ങൾ ഉൾപ്പെടെയുള്ള പ്രധാന വിവരങ്ങൾ രേഖപ്പെടുത്താതെ മറച്ചുവെച്ച ലോഗ് ബുക്ക് രേഖയുടെ അടിസ്ഥാനത്തിൽ, സാങ്കേതിക സർവകലാശാല ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ടോ; അതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ഇ) സാങ്കേതിക സർവ്വകലാശാലയുടെ നിയന്ത്രണത്തിലുള്ള വാഹനങ്ങളിലെ ലോഗ് ബുക്കിൽ യാത്രയുടെ ഉദ്ദേശവും യാത്രചെയ്ത ഉദ്യോഗസ്ഥന്റെ വിശദാംശങ്ങളും ഉൾപ്പെടെയുള്ള വിവരങ്ങൾ മറച്ചുവെച്ച് സർവ്വകലാശാല ഫണ്ട് അനുവദിച്ച ഉദ്യോഗസ്ഥനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

## <u>ബിരുദ, ബിരുദാനന്തര പ്രോഗ്രാമുകളുടെ ഒറിജിനൽ ഡിഗ്രി സർട്ടിഫിക്കറ്റ്</u>

3659 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാലകളിൽ ബിരുദ, ബിരുദാനന്തര കോഴ്സുകളുടെ ഒറിജിനൽ ഡിഗ്രി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് വിദ്യാർത്ഥികളിൽ നിന്നും വിവിധ ഫീസ് നിരക്കുകൾ ഈടാക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) കൂടുതൽ ഫീസ് അടയ്ക്കുന്ന വിദ്യാർത്ഥികൾക്ക് കൂടുതൽ വേഗത്തിൽ ഡിഗ്രി സർട്ടിഫിക്കറ്റുകൾ അനുവദിക്കുന്ന സംവിധാനം നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഒറിജിനൽ ഡിഗ്രി സർട്ടിഫിക്കറ്റിന് അപേക്ഷ സമർപ്പിക്കുന്നതിന് നിലവിൽ ലഭ്യമായ വിവിധ മോഡുകളും ഓരോ മോഡിലും സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന്

നിശ്ചയിച്ച സമയം, ഫീസ് എന്നിവയും വ്യക്തമാക്കാമോ;

(ഡി) വിവിധ ബിരുദ, ബിരുദാനന്തര കോഴ്സുകളുടെ ഒറിജിനൽ ഡിഗ്രി സർട്ടിഫിക്കറ്റിനുവേണ്ടി ലഭിച്ച അപേക്ഷകളിൽ ഇതുവരെ ഒരു നടപടിയും സ്വീകരിക്കാത്ത എത്ര അപേക്ഷകൾ സർവകലാശാലകളിൽ കെട്ടിക്കിടക്കുന്നുണ്ടെന്നും പ്രസ്തുത അപേക്ഷകൾ ലഭിച്ച മാസം, വർഷം, സർട്ടിഫിക്കറ്റ് അനുവദിക്കാതിരിക്കുന്നതിന്റെ കാരണവും വ്യക്തമാക്കാമോ?

**<u>കാലിക്കറ്റ് സർവകലാശാലയിൽ നടപ്പിലാക്കിയ പരീക്ഷാ ക്രമീകരണങ്ങൾ</u>**

3660 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവകലാശാലയിൽ പരീക്ഷ നടത്തിപ്പ് വേഗത്തിലാക്കുന്നതിന് ആവിഷ്കരിച്ച ,ചോദ്യപേപ്പർ പരീക്ഷ കേന്ദ്രങ്ങളിലേക്ക് ഓൺലൈൻ ആയി അയയ്ക്കൽ, ബാർകോഡ് അധിഷ്ഠിത പരീക്ഷ നടത്തിപ്പ് എന്നിവ എന്ന് മുതലാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സംവിധാനങ്ങൾ നടപ്പിലാക്കിയതിനെത്തുടർന്ന് ചോദ്യപേപ്പർ പരീക്ഷ കേന്ദ്രങ്ങളിലേക്ക് ഓൺലൈൻ ആയി അയയ്ക്കൽ മുതൽ ഉത്തരപേപ്പറുകളുടെ മൂല്യനിർണയത്തിന് ശേഷമുള്ള ഫലപ്രഖ്യാപനം വരെയുള്ള പ്രവർത്തനങ്ങൾക്ക് സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ;

(സി) പരീക്ഷകളുടെ മൂല്യനിർണയം, ഫലപ്രഖ്യാപനം എന്നിവയുമായി ബന്ധപ്പെട്ട് മുമ്പ് നിലവിലുണ്ടായിരുന്ന രീതിയിലെയും ബാർകോഡ് അധിഷ്ഠിത പരീക്ഷ രീതിയിലെയും വ്യത്യാസങ്ങൾ വ്യക്തമാക്കാമോ;

(ഡി) മൂല്യനിർണയ ക്യാമ്പുകളിൽ നിന്നും അധ്യാപകർ ബന്ധപ്പെട്ട പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്ന മാർക്കുകൾ ഉൾപ്പെടെയുള്ള ഡാറ്റകൾ ഫലപ്രഖ്യാപനത്തിന് മുമ്പ് വീണ്ടും ഒത്തുനോക്കുന്നതിനോ വ്യത്യാസം ശ്രദ്ധയിൽപ്പെടുന്ന സാഹചര്യത്തിൽ ആവശ്യമെങ്കിൽ തിരുത്തലുകൾ വരുത്തുന്നതിനോ നിലവിൽ സംവിധാനമുണ്ടോയെന്ന് വിശദമാക്കാമോ?

**<u>വിരമിച്ചതിനുശേഷം സർവകലാശാലകളിൽ താൽക്കാലികമായി ജോലി ചെയ്യുന്നവർ</u>**

3661 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവകലാശാല സേവനത്തിൽ നിന്ന് വിരമിച്ചതിന് ശേഷം, സർവകലാശാലകളിലെ വിവിധ അധ്യാപക-അനധ്യാപക തസ്തികകളിൽ (സർവകലാശാലയുടെ വിവിധ ബ്രാഞ്ചുകൾ, പഠന വകുപ്പുകൾ, സർവകലാശാല നേരിട്ട് നടത്തുന്ന കേന്ദ്രങ്ങൾ, സ്ഥാപനങ്ങൾ എന്നിവയിലുൾപ്പെടെ) 01.07.2020 മുതൽ 31.05.2024 വരെയുള്ള കാലയളവിൽ താൽക്കാലികമായി നിയമിക്കപ്പെട്ട ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തസ്തികകളിലെ താൽക്കാലിക നിയമനത്തിന് സർവകലാശാലകൾ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നോ; എങ്കിൽ പ്രസ്തുത വിജ്ഞാപനങ്ങളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത ജീവനക്കാർ സർവകലാശാല സേവനത്തിൽ നിന്നും വിരമിച്ച തീയതി, പ്രതിമാസം വാങ്ങി കൊണ്ടിരിക്കുന്ന പെൻഷനും അനുബന്ധ ആനുകൂല്യങ്ങളും, വിരമിച്ചതിന് ശേഷം താൽക്കാലികമായി സർവകലാശാലകളിൽ നിയമിക്കപ്പെട്ട തീയതി, താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നതിന് കൈപ്പറ്റിയ പ്രതിമാസ വേതനം, മറ്റ് അലവൻസുകൾ എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത ജീവനക്കാർക്ക് താൽക്കാലിക നിയമനം ലഭിച്ചതിനുശേഷം, അവരുടെ പ്രതിമാസ പെൻഷൻ തുകയിൽ കുറവ് വരുത്തിയിരുന്നുവോയെന്ന് വ്യക്തമാക്കാമോ;

(ഇ) താൽക്കാലികമായി സർവകലാശാലകളിൽ നിയമിക്കപ്പെട്ട തീയതി മുതൽ ഓരോ മാസവും അവർ കൈപ്പറ്റിയ പെൻഷന്റെ വിശദാംശം ലഭ്യമാക്കാമോ?

## <u>സർവ്വകലാശാലകളിലെ അധ്യാപക നിയമനം</u>

3662 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകൾ നടത്തുന്ന അധ്യാപക നിയമനത്തിന് സ്വീകരിച്ചുവരുന്ന സംവരണ വ്യവസ്ഥകൾ എപ്രകാരമാണ്; പ്രസ്തുത വിവരം സർവ്വകലാശാല തിരിച്ച് ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്തെ സർവകലാശാലകളിൽ സംവരണ വ്യവസ്ഥ ലംഘിച്ചുകൊണ്ട് നിയമനങ്ങൾ നടന്നിട്ടുണ്ടെന്ന പരാതികൾ ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദവിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പരാതികളിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ഡി) സർവ്വകലാശാലകളിലെ അധ്യാപക നിയമനത്തിനുള്ള സംവരണത്തിൽ സ്വാശ്രയ കോളജുകളിലെ അധ്യാപക തസ്തികകൾ കൂടി ഉൾപ്പെടുത്താറുണ്ടോ;

(ഇ) സംസ്ഥാനത്തെ ഒരോ സർവ്വകലാശാലകളിലെയും അധ്യാപകരുടെ ജോലിഭാരം അവസാനമായി പുനർനിർണയം ചെയ്ത തീയതി എന്നാണെന്ന് സർവ്വകലാശാല തിരിച്ച് അറിയിക്കാമോ;

(എഫ്) അധ്യാപകരുടെ അധ്വാനഭാരം പുനർനിർണ്ണയിക്കാതെ സർവകലാശാലകളിൽ അധ്യാപക നിയമനം നടത്തുന്നുണ്ടോ എന്ന വിവരം ലഭ്യമാക്കാമോ?

## <u>സംസ്കൃത സർവകലാശാലയുടെ പ്രാദേശികകേന്ദ്രങ്ങൾ</u>

3663 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ പ്രാദേശിക കേന്ദ്രങ്ങളിൽ 2019 മുതൽ 2023 വരെയുള്ള അധ്യയനവർഷങ്ങളിൽ ഏതെല്ലാം ബിരുദ-ബിരുദാനന്തര കോഴ്സുകൾ ഉണ്ടായിരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) നാല് വർഷ ബിരുദം ആരംഭിക്കുന്നതിന്റെ ഭാഗമായി പ്രാദേശിക കേന്ദ്രങ്ങളിലെ ഏതെങ്കിലും ബിരുദ-ബിരുദാനന്തര കോഴ്സുകൾ നിർത്തലാക്കാൻ

തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ ഏതൊക്കെ കേന്ദ്രങ്ങളിൽ ഏതൊക്കെ കോഴ്സുകളാണ് നിർത്തലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ നാല് വർഷ ബിരുദം ആരംഭിക്കുന്നതിന്റെ ഭാഗമായി സംസ്കൃതം അല്ലാത്ത ഏതൊക്കെ ബിരുദ കോഴ്സുകളാണ് പുതുതായി തുടങ്ങാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഈയിനത്തിൽ അധികമായി വരുന്ന സാമ്പത്തിക ബാധ്യതകളെക്കുറിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ പ്രാദേശിക കേന്ദ്രങ്ങളുടെ ഉന്നമനത്തിനായി 2019 മുതൽ സ്വീകരിച്ച നടപടികളുടെയും നടപ്പിലാക്കിയ വിവിധ പദ്ധതികളുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## കാലടി സംസ്കൃത സർവ്വകലാശാലയുടെ കൊയിലാണ്ടി കേന്ദ്രത്തിൽ യു.ജി/പി.ജി. കോഴ്സുകൾ

3664 **ശ്രീ. ടി. പി .രാമകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലടി സംസ്കൃത സർവ്വകലാശാലയുടെ കൊയിലാണ്ടി പ്രാദേശിക കേന്ദ്രത്തിൽ യു.ജി, പി.ജി. വിഭാഗങ്ങളിലായി ഏതൊക്കെ കോഴ്സുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേന്ദ്രത്തിൽ വേണ്ടത്ര അപേക്ഷകരില്ലാത്തതിന്റെ പേരിൽ നേരത്തെ നിർത്തലാക്കിയ ഹിന്ദി കോഴ്സ് പുനരാരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത കേന്ദ്രത്തിൽ ഏതെങ്കിലും കോഴ്സ് ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കൊയിലാണ്ടി, പേരാമ്പ്ര മണ്ഡലം എം.എൽ.എ.മാരുടെ കത്ത് യൂണിവേഴ്സിറ്റി രജിസ്ട്രാർക്ക് ലഭിച്ചിരുന്നോ;

(ഡി) പ്രസ്തുത കത്ത് അനുസരിച്ച് 12.04.2024-ന് ചേർന്ന സിൻഡിക്കേറ്റ് യോഗം കൊയിലാണ്ടി പ്രാദേശിക കേന്ദ്രങ്ങളിൽ ഏതെങ്കിലും കോഴ്സ് ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് 30.04.2024 ലെ 00991/ എ.സി.ഡി. ബി2/എസ്.എസ്.യു.എസ്./24 നമ്പർ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ; ഈ ഉത്തരവ് നടപ്പിലാക്കാൻ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

## അദ്ധ്യാപകരുടെയും ഗവേഷകരുടെയും പേറ്റന്റുകൾ

3665 **ഡോ. മാത്യു കുഴൽനാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളിലെയും കോളേജുകളിലെയും അദ്ധ്യാപകരും ഗവേഷകരും കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ എത്ര പേറ്റന്റുകൾ കരസ്ഥമാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്തെ സർവകലാശാലകളിലെയും കോളേജുകളിലെയും അദ്ധ്യാപകർ കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ ദേശീയ ജേണലുകളിലും അന്തർദേശീയ ജേണലുകളിലും എത്ര പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്തെ കലാലയങ്ങളിൽ നിന്നും കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ എത്ര സ്റ്റാർട്ടപ്പ് സംരംഭങ്ങൾ തുടങ്ങിയിട്ടുണ്ടെന്ന് അറിയിക്കാമോ?

**സർവകലാശാലകൾക്കുള്ള ഗ്രാന്റ്**

3666 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർവകലാശാലകൾക്ക് 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ സംസ്ഥാന ബഡ്ജറ്റിൽ പ്ലാൻ, നോൺ പ്ലാൻ ഗ്രാന്റ് ഇനങ്ങളിൽ ഓരോ വർഷവും വകയിരുത്തിയ തുക, അനുവദിച്ച തുക എന്നിവയുടെ വിശദാംശം സർവകലാശാല തിരിച്ച് ലഭ്യമാക്കാമോ;

(ബി) വകയിരുത്തിയ തുക പൂർണമായും അനുവദിക്കാതിരുന്നതുമൂലം പ്രസ്തുത കാലയളവിൽ സർവകലാശാലകൾ തങ്ങളുടെ തനത് ഫണ്ടിൽ നിന്നുള്ള തുക ഉപയോഗിച്ച് പ്ലാൻ, നോൺ പ്ലാൻ ചെലവുകൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(സി) സർവകലാശാലകൾ തനത് ഫണ്ടിൽ മാത്രമായി വകയിരുത്തി നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കാറുണ്ടോ;

(ഡി) 2021-22 സാമ്പത്തിക വർഷം മുതൽ സർവകലാശാലകൾക്കുള്ള ബഡ്ജറ്റിലുൾപ്പെടുത്തി നടപ്പിലാക്കിയതും സർവകലാശാലകളുടെ തനത് ഫണ്ടിൽ മാത്രമായി വകയിരുത്തി നടപ്പിലാക്കിയതുമായ നിർമ്മാണ പ്രവൃത്തികളുടെ വിശദാംശം പദ്ധതികൾ തിരിച്ച് ലഭ്യമാക്കാമോ?

**ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി ഏറ്റെടുത്ത സർവകലാശാലകളിലെ നിർമ്മാണ പ്രവൃത്തികൾ**

3667 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് നല്കിയവയും, നല്കാൻ തീരുമാനിച്ചവയുമായ സർവ്വകലാശാലകളിലെ നിർമ്മാണ പ്രവൃത്തികളുടെയും, മറ്റു പദ്ധതികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) മേൽ പദ്ധതികളിൽ ടെണ്ടർ മുഖേനയും, അല്ലാതെയും പ്രസ്തുത സൊസൈറ്റിക്ക് നല്കിയ മുഴുവൻ പ്രവൃത്തികളുടെയും വിശദാംശം, പദ്ധതികൾക്ക് വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശം എന്നിവ ലഭ്യമാക്കാമോ;

(സി) ടെണ്ടർ മുഖേനയല്ലാതെ മേൽ സൊസൈറ്റിക്ക് പ്രവൃത്തികൾ നല്കിയതു മൂലം സർവകലാശാലകൾക്ക് സാമ്പത്തിക നഷ്ടം സംഭവിച്ചതായി വ്യക്തമാകുന്ന പക്ഷം, ആയതിന് ഉത്തരവാദികളായ സർവകലാശാല സിൻഡിക്കേറ്റ്, ഉദ്യോഗസ്ഥർ എന്നിവരിൽ നിന്നും പ്രസ്തുത നഷ്ടം ഈടാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ;

(ഡി) സർവകലാശാലകളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ പെടുന്ന യൂണിവേഴ്സിറ്റി എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ, ഇലക്ട്രിക്കൽ),

ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയർ എന്നീ തസ്തികകളിൽ നിലവിൽ ചുമതല വഹിക്കുന്ന ജീവനക്കാർ ഉണ്ടായിരിക്കെ സർവകലാശാലയിലെ പല നിർമ്മാണ പ്രവൃത്തികളുടേയും ഡി.പി.ആർ. തയ്യാറാക്കുന്നതിന് സർവ്വകലാശാല സിൻഡിക്കേറ്റ് പ്രസ്തുത സൊസൈറ്റിയെ പോലെയുള്ള അക്രഡിറ്റഡ് ഏജൻസികളെ ചുമതലപ്പെടുത്തുന്നതിനുള്ള കാരണം വ്യക്തമാക്കാമോ?

## <u>കൈരളി ഗവേഷണ പുരസ്കാരം</u>

3668 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ ഏർപ്പെടുത്തിയ കൈരളി ഗവേഷണ പുരസ്കാരം (ടീച്ചിംഗ് ഫാക്കൽറ്റി) അനുവദിക്കുന്നതിനായുള്ള തെരഞ്ഞെടുപ്പ് സമിതിയിൽ 2020,2021, 2022 വർഷങ്ങളിൽ ആരൊക്കെയാണ് അംഗങ്ങളായി പ്രവർത്തിച്ചതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പുരസ്കാരം നൽകുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(സി) പ്രസ്തുത വർഷങ്ങളിൽ നല്കിയ കൈരളി ഗവേഷണ പുരസ്കാരത്തിനായി (ടീച്ചിംഗ് ഫാക്കൽറ്റി) ആകെ എത്ര അപേക്ഷകളാണ് ലഭിച്ചിരുന്നത്; അപേക്ഷകരുടെ പേര്, യോഗ്യതകൾ, ഔദ്യോഗിക പദവി തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## <u>ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് ആസ്ഥാന മന്ദിരം</u>

3669 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനുള്ള ഭൂമി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നുണ്ടോ; ഇതിനായി സർക്കാർ ഭൂമി ലഭ്യമാകുന്നില്ലെങ്കിൽ സ്വകാര്യ ഭൂമി വാങ്ങുന്ന കാര്യം പരിഗണിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## <u>കാലിക്കറ്റ് സർവ്വകലാശാലയിലെ വിവിധ നിർമാണ പ്രവൃത്തികൾ</u>

3670 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവകലാശാലയിൽ 01.07.2020 മുതൽ 31.05.2024 വരെയുള്ള കാലയളവിൽ വിവിധ നിർമ്മാണ പ്രവൃത്തികൾക്ക് വകയിരുത്തിയ തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശം സാമ്പത്തിക വർഷാടിസ്ഥാനത്തിൽ പദ്ധതികൾ തിരിച്ച് ലഭ്യമാക്കാമോ;

(ബി) മേൽ കാലയളവിൽ സർവകലാശാല തനത് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ നിർമ്മാണ പ്രവൃത്തികളുടെ പേര്, സർവകലാശാല തനത് ഫണ്ടിൽ നിന്നും നാളിതുവരെ അനുവദിച്ച തുക, പ്രവൃത്തികൾക്ക് സർക്കാരിൽ നിന്നും ലഭ്യമായ പ്ലാൻ ഗ്രാന്റ് എന്നിവയുൾപ്പെടെയുള്ള വിശദാംശം സാമ്പത്തിക വർഷാടിസ്ഥാനത്തിൽ പദ്ധതികൾ തിരിച്ച് ലഭ്യമാക്കാമോ;

(സി) മേൽ കാലയളവിൽ സർവകലാശാല വൈസ് ചാൻസലർ, പ്രോവൈസ് ചാൻസലർ, രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, പർച്ചേസ് വിഭാഗം ഡെപ്യൂട്ടി രജിസ്ട്രാർ/

ജോയിന്റ് രജിസ്ട്രാർ, സർവകലാശാല എഞ്ചിനീയർ എന്നീ തസ്തികകളിൽ ചുമതല വഹിച്ച ഉദ്യോഗസ്ഥരുടെ പേര് വിവരം തസ്തിക തിരിച്ച് ലഭ്യമാക്കാമോ;

(ഡി) മേൽ കാലയളവിൽ സർവകലാശാല സിൻഡിക്കേറ്റിന്റെ ഫിനാൻസ്, പ്ലാനിംഗ് ആന്റ് വർക്സ് എന്നീ സ്റ്റാൻഡിംഗ് കമ്മിറ്റികളിലും, സർവകലാശാല പ്ലാനിംഗ് ബോർഡ്, സെൻട്രൽ പർച്ചേസ് കമ്മിറ്റി എന്നിവയിലും അംഗങ്ങളായിരുന്നവരുടെ പേര്, ഔദ്യോഗിക പദവി എന്നിവ ലഭ്യമാക്കാമോ;

(ഇ) മേൽ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്തു നടത്തിയ കരാറുകാരുടെ വിശദാംശം പദ്ധതികൾ തിരിച്ച് ലഭ്യമാക്കാമോ?

## അസാപ്പിന്റെ കുന്നംകുളം കേന്ദ്രത്തിലെ തൊഴിലധിഷ്ഠിത കോഴ്സുകൾ

3671 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അസാപ്പിന്റെ കുന്നംകുളം കേന്ദ്രത്തിൽ നിലവിലെ ഏജൻസി എന്തെല്ലാം തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഒരോ കോഴ്സിലും ബാച്ച് തിരിച്ചുള്ള വിദ്യാർത്ഥികളുടെ എണ്ണമെത്രയെന്ന് അറിയിക്കാമോ;

(സി) നിലവിലുള്ള ഏജൻസി പ്രസ്തുത സ്ഥാപനത്തിന്റെ സൗകര്യം പ്രയോജനപ്പെടുത്തി വിദ്യാർത്ഥികളെ ആകർഷിക്കുന്ന തൊഴിലുകൾ ആരംഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത ഏജൻസി കാര്യക്ഷമമല്ലെങ്കിൽ അസാപ്പ് കേരള തന്നെ പുതിയ ആധുനിക കോഴ്സുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

## കൈപ്പമംഗലം മണ്ഡലത്തിലെ അസാപ്പ് പ്രവർത്തനങ്ങൾ

3672 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം മണ്ഡലത്തിൽ ഏതെല്ലാം വിദ്യാലയങ്ങളിലെ ഹയർസെക്കൻഡറി വിഭാഗങ്ങളിൽ അസാപ്പ് പദ്ധതി നടപ്പിലാക്കുന്നുണ്ടെന്നും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ തനത് വിദ്യാഭ്യാസപദ്ധതിയായ അക്ഷര കൈരളിയും നാഷണൽ സർവീസ് സ്കീമുമായി ചേർന്ന് എന്തെല്ലാം പ്രവർത്തനങ്ങൾ ആവിഷ്കരിക്കാൻ സാധിക്കുമെന്ന് വിശദീകരിക്കാമോ?

## അസാപുമായി ചേർന്ന് നടപ്പിലാക്കി വരുന്ന കോഴ്സുകൾ

3673 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജുകൾ അസാപ്പുമായി ചേർന്ന് നടപ്പിലാക്കി വരുന്ന കോഴ്സുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

## പുതുതലമുറ കോഴ്സുകൾ

3674 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസരംഗത്ത് പുതുതലമുറ കോഴ്സുകൾ പഠന പദ്ധതിയുടെ ഭാഗമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ പുതിയ കോഴ്സുകളാണ് ഇത്തരത്തിൽ കേരളത്തിൽ കൊണ്ടു വന്നിട്ടുള്ളത്; പുതിയ ഏതൊക്കെ കോഴ്സുകൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) എന്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരമുള്ള കോഴ്സുകൾ തെരഞ്ഞെടുത്തതെന്നും നൂതന കോഴ്സുകൾ പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് അർഹമായ ജോലി ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നുണ്ടോയെന്നും അറിയിക്കുമോ?

## സാമൂഹ്യനീതി വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ

3675 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന ആശ്വാസ കിരണം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) 2020-21 മുതൽ ആശ്വാസ കിരണം പദ്ധതിയിൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും ജില്ലാ അടിസ്ഥാനത്തിൽ വിശദമാക്കുമോ;

(സി) സാമൂഹ്യ നീതി വകുപ്പ് നടപ്പിലാക്കി വരുന്ന വയോമിത്രം പദ്ധതി, ഓട്ടിസം ബാധിരായ കുട്ടികളുടെ പുനരധിവാസം, പ്രമേഹ ബാധിതരായ കുട്ടികൾക്കുള്ള ധനസഹായ പദ്ധതി എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതികൾക്ക് 2020-21 മുതൽ അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിശദവിവരം ലഭ്യമാക്കുമോ?

## ആലത്തൂർ മണ്ഡലത്തിലെ ആശ്വാസ കിരണം പദ്ധതി അപേക്ഷകൾ

3676 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22, 2022-23, 2023-24 കാലയളവിൽ ആലത്തൂർ മണ്ഡലത്തിൽ അശ്വാസകിരണം പദ്ധതിയിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) അർഹരായ എല്ലാ അപേക്ഷകരേയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് യു.ഡി.ഐ.ഡി.കാർഡ്

3677 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ 6 പഞ്ചായത്തുകളിലായി യു.ഡി.ഐ.ഡി. (യൂണീക് ഡിസെബിലിറ്റി ഐ.ഡി. കാർഡ്) കാർഡ് ലഭ്യമായ ഭിന്നശേഷിക്കാരുടെ എണ്ണം പഞ്ചായത്ത്, വാർഡ് എന്നിവ തിരിച്ച് ലഭ്യമാക്കാമോ; ഇനിയും കാർഡ് ലഭ്യമാകാനുള്ളവർക്ക് അത് നൽകുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനം

3678 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് കരാർ വ്യവസ്ഥയിൽ പരിശീലനം നൽകുന്ന സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ വേതനം കാലോചിതമായി പരിഷ്കരിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ;

(ബി) എല്ലാ പൊതുവിദ്യാലയങ്ങളിലും സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ മുഴുവൻ സമയ സേവനം ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## എൻഡോസൾഫാൻ പുനരധിവാസഗ്രാമം

3679 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങൾക്ക് പുനരധിവാസഗ്രാമം ഉണ്ടാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ എവിടെയാണ് പ്രസ്തുത ഗ്രാമമെന്നും ഇതിനുള്ള ചെലവ് എത്രയാണെന്നും വ്യക്തമാക്കാമോ; പ്രസ്തുത പുനരധിവാസഗ്രാമത്തിൽ എന്തെല്ലാം സംവിധാനങ്ങളും സൗകര്യങ്ങളുമാണുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പുനരധിവാസഗ്രാമത്തിന്റെ ഉദ്ഘാടനം നടന്നിട്ടുണ്ടെങ്കിൽ എപ്പോഴാണ് നടന്നതെന്നും പ്രവർത്തനസജ്ജമായോ എന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പുനരധിവാസഗ്രാമം ഇതുവരെ തുറന്നുപ്രവർത്തിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്നും എപ്പോൾ തുറന്നുപ്രവർത്തിക്കുമെന്നും വ്യക്തമാക്കാമോ;

(ഇ) പദ്ധതിക്ക് തറക്കല്ലിട്ടതെപ്പോഴാണെന്നും എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്നും പ്രവൃത്തി ഏറ്റെടുത്ത കരാർ കമ്പനി ഏതാണെന്നും വ്യക്തമാക്കാമോ; എത്ര കരാറുകാർ/കമ്പനികൾ ടെണ്ടറിൽ പങ്കെടുത്തിരുന്നുവെന്ന് വ്യക്തമാക്കാമോ;

(എഫ്) എത്ര കോടി രൂപയുടെ പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളതെന്നും ഇതിൽ എത്ര കോടി രൂപ, ഏത് ഫണ്ടിൽ നിന്നാണ് ഇപ്പോൾ അനുവദിച്ചിട്ടുള്ളതെന്നും ബാക്കി തുക ഏത് ഫണ്ടിൽ നിന്നാണനുവദിക്കുകയെന്നും വ്യക്തമാക്കാമോ?

## ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതി

3680 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ഡോ. സുജിത് വിജയൻപിള്ള**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ വകുപ്പുകൾ മുഖേന ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; ഇതിനായി മാനദണ്ഡങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ പദ്ധതി പ്രകാരം ഏതെല്ലാം സഹായ ഉപകരണങ്ങളാണ് വിതരണം ചെയ്യുന്നത്; എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ?

## <u>കാട്ടാക്കട മണ്ഡലത്തിലെ ഓട്ടിസം ബാധിതർ</u>

3681 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിൽ 6 പഞ്ചായത്തുകളിലായി എത്ര ഓട്ടിസം ബാധിതരുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് എണ്ണം വ്യക്തമാക്കാമോ?

## <u>ഭിന്നശേഷിക്കാരുടെ എണ്ണം</u>

3682 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ രേഖകൾ പ്രകാരം എസ്.സി. വിഭാഗങ്ങളിൽ നിലവിലുള്ള ഭിന്നശേഷിക്കാരുടെ എണ്ണം എത്രയാണ്; ഇവരുടെ ഉന്നമനത്തിനായി സർക്കാർ ഏതെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

## <u>വി. ടി. സികളിൽ പഠിക്കുന്നവർക്കുള്ള തൊഴിൽ പരിശീലനം</u>

3683 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 18 വയസ്സിന് മുകളിലുള്ള മാനസിക, ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ പഠിക്കുന്ന വൊക്കേഷണൽ ട്രെയിനിങ് സെന്ററുകൾ വഴി തൊഴിൽ പരിശീലനത്തിന് നൽകി വരുന്ന ധനസഹായ വിതരണം മുടങ്ങിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര തുകയാണ് 2022-23, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ ചെലവഴിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

## <u>ബാലുശ്ശേരി മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ</u>

3684 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത സ്ഥാപനങ്ങൾ വഴി ബാലുശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം അറിയിക്കാമോ?

## <u>സോഷ്യൽ സെക്യൂരിറ്റി മിഷൻ</u>

3685 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ മാരക രോഗങ്ങൾ ബാധിച്ചവർക്കാണ് സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന ധനസഹായം നൽകി വരുന്നതെന്നും എത്ര തുക വീതമാണ് നൽകുന്നതെന്നും വിശദമാക്കുമോ;

(ബി) ഇതിനായുള്ള അപേക്ഷയുടെ നടപടിക്രമങ്ങൾ എങ്ങനെയാണെന്നും എന്തൊക്കെയാണ് ഉൾക്കൊള്ളിക്കേണ്ടതെന്നും വ്യക്തമാക്കുമോ?

## <u>വയോജനങ്ങളുടെ ക്ഷേമം</u>

3686 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വയോജനങ്ങളുടെ ക്ഷേമം മുൻനിർത്തി വാർഡുകൾതോറും വയോ ക്ലബ്ബുകൾ സംഘടിപ്പിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വയോജനങ്ങൾക്ക് മരുന്നുകൾ വീട്ടിലെത്തിച്ച് നൽകുന്നതിനും കിടപ്പിലായവർക്ക് പരിചരണം നൽകുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## <u>ഗവൺമെന്റ് ഓൾഡ് ഏജ് ഹോം ആന്റ് ഫുൾടൈം ഡിമൻഷ്യ കെയർ സെന്റർ</u>

3687 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പ് 07.03.2022-ന് 40,99,000 രൂപയുടെ ഭരണാനുമതി നൽകിയിരുന്നതും ടി.ഡി.എൽ.സി.സി.എസ്. നിർവ്വഹണ ചുമതല വഹിക്കുകയും ചെയ്യുന്ന വൈപ്പിൻ മണ്ഡലത്തിലെ എടവനക്കാട് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ച് വരുന്ന ഗവൺമെന്റ് ഓൾഡ് ഏജ് ഹോം ആന്റ് ഫുൾടൈം ഡിമൻഷ്യ കെയർ സെന്ററിന്റെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഇവിടെയുള്ള അന്തേവാസികളുടെ ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് നവീകരണ പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കാമോ;

(സി) ഇത് സംബന്ധിച്ച് 28.03.2024- ന് സ്ഥലം എം.എൽ.എ. സമർപ്പിച്ച പരാതിയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ?

## <u>സംസ്ഥാനത്തെ ലൈബ്രറികളുടെ ഗ്രേഡ് വെട്ടിക്കുറച്ചതിനെതിരെ നടപടി</u>

3688 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലൈബ്രറി കൗൺസിലിന് 2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ ഗ്രാന്റിലും മറ്റിനങ്ങളിലും സർക്കാർ എത്ര തുക നൽകിയിട്ടുണ്ടെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ലൈബ്രറി സെസ്സ് ഇനത്തിൽ 2021-22, 2022- 23, 2023-24 സാമ്പത്തിക വർഷങ്ങളിൽ എത്ര തുക ലഭിച്ചിട്ടുണ്ടെന്നും ഏതൊക്കെ തദ്ദേശ സ്ഥാപനങ്ങളിൽ നിന്ന് കുടിശിക പിരിച്ചെടുക്കാനുണ്ടെന്നും വിശദമാക്കുമോ;

(ബി) സംസ്ഥാന ലൈബ്രറി കൗൺസിൽ ആസ്ഥാനത്തെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ പ്രസിഡന്റ് സസ്പെൻഡ് ചെയ്യുകയും സെക്രട്ടറി തിരിച്ചെടുക്കുകയും ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അഡ്മിനിസ്ട്രേഷൻ ഓഫീസറുടെ ഗുരുതര കൃത്യവിലോപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) 2022-23-ൽ തിരുവനന്തപുരം ജില്ലാ ലൈബ്രറി കൗൺസിൽ അംഗീകാരം നൽകിയിട്ടുള്ള ലൈബ്രറികൾ ഏതെല്ലാം; ഇതിൽ എത്രയെണ്ണത്തിന് നഷ്ടപ്പെട്ട എ ഗ്രേഡ് പുനഃസ്ഥാപിച്ച് നൽകിയിട്ടില്ലായെന്നും ആയതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കാമോ;

(ഡി) ലൈബ്രറികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി സർക്കാർ, ലൈബ്രറി കൗൺസിലിന് നൽകുന്ന തുക ലൈബ്രറി കൗൺസിൽ എപ്രകാരമാണ് വിനിയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) ലൈബ്രറികളുടെ ഗ്രേഡ് നിശ്ചയിക്കുന്നത് കാലോചിതവും ശാസ്ത്രീയവുമായി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ; തിരുവനന്തപുരം താലൂക്കിൽ ഉണ്ടത്തിൽ ലൈബ്രറി & റീഡിംഗ് റൂമിന്റെ ഗ്രേഡ് താഴ്ത്തിയത് എന്തടിസ്ഥാനത്തിലാണെന്ന് വിശദമാക്കാമോ?

## <u>ലൈബ്രറി കൗൺസിൽ അഫിലിയേറ്റ് ചെയ്ത ലൈബ്രറികൾ</u>

3689 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിൽ ലൈബ്രറി കൗൺസിൽ അഫിലിയേറ്റ് ചെയ്ത ലൈബ്രറികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരം നൽകാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത ലൈബ്രറികൾക്ക് അനുവദിച്ചിട്ടുള്ള ഗ്രാന്റ്, ലൈബ്രേറിയൻ അലവൻസ് എന്നിവ സംബന്ധിച്ച വിവരം നൽകാമോ?

## <u>സംസ്ഥാന ലൈബ്രറി കൗൺസിൽ നിയമനങ്ങൾ</u>

3690 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലൈബ്രറി കൗൺസിലിൽ നിലവിൽ പി.എസ്.സി. വഴി നടത്തിയിട്ടുള്ള നിയമനങ്ങൾ എത്രയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ താൽക്കാലികമായി എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പി.എസ്.സി. വഴി അല്ലാതെ താൽക്കാലികമായി നിയമിച്ചിട്ടുള്ളതിൽ എത്ര പേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

## സ്വാശ്രയ കോളേജ് വിദ്യാർത്ഥികൾക്ക് ബസ് പാസ് നൽകുന്നതിന് നടപടി

3691 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ കോളേജ് വിദ്യാർത്ഥികൾക്ക് ബസ് പാസ് നൽകുന്നത് സംബന്ധിച്ച് കെ.എസ്.ആർ.ടി.സി. സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദമാക്കാമോ;

(ബി) സ്വാശ്രയ കോളേജിലെ വിദ്യാർത്ഥികൾക്ക് പ്രൈവറ്റ് ബസിൽ ബസ് പാസ് നൽകുന്നതിന് ബസ് ഓണേഴ്സ് അസോസിയേഷൻ ഓഫീസിലുള്ള കാലതാമസം ഒഴിവാക്കി ജൂണിൽ തന്നെ കൺസഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കാമോ;

(സി) കൺസഷന്റെ പേരിൽ വിദ്യാർത്ഥികൾക്ക് നേരെ ചില ബസ് കണ്ടക്ടർമാരും ബസ് ജീവനക്കാരും നടത്തുന്ന അതിക്രമം അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) കൺസഷൻ നൽകുന്നതിന് ഗവൺമെന്റ് കോളേജ് പ്രിൻസിപ്പൽമാർക്ക് അനുവദിച്ചിരിക്കുന്ന അധികാരം സ്വാശ്രയ കോളേജ് പ്രിൻസിപ്പൽമാർക്കും നൽകുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) സംസ്ഥാനത്തെ കോളേജുകളിൽ സെമസ്റ്റർ സിസ്റ്റം ആയതിനാൽ ഏപ്രിൽ,മേയ് മാസങ്ങളിലും വിദ്യാർത്ഥികൾക്ക് കൺസഷൻ അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

## റോഡ് സേഫ്റ്റി ഫണ്ട്

3692 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവുകളിൽ റോഡ് സേഫ്റ്റി ഫണ്ട് വിനിയോഗിച്ച് എറണാകുളം ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക മണ്ഡലം തിരിച്ച് അറിയിക്കാമോ;

(സി) അനുവദിച്ച പ്രവൃത്തികളിൽ പൂർത്തിയാക്കാനുള്ളവ ഏതൊക്കെയാണെന്ന് അറിയിക്കാമോ?

## എ.ഐ. ക്യാമറകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി

3693 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.ഐ. ക്യാമറകൾ സ്ഥാപിതമായ ശേഷം വാഹന അപകടങ്ങളിലുണ്ടായ കുറവിന്റെ തോത് വിശദമാക്കാമോ;

(ബി) എ.ഐ. ക്യാമറകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടോ; എങ്കിൽ അത് നടപ്പിൽ വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

**വാഹനാപകടങ്ങളും അപകട മരണങ്ങളും കുറയ്ക്കുവാൻ നടപടി**

3694 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗതാഗത നിയമലംഘനങ്ങൾ കണ്ടെത്തുന്നതിനായി സ്ഥാപിച്ച എ.ഐ. ക്യാമറകൾ പ്രവർത്തിച്ചു തുടങ്ങിയതോടെ വാഹന അപകട മരണങ്ങൾ കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**ടിപ്പർ ലോറി മൂലമുള്ള അപകടങ്ങൾ നിയന്ത്രിക്കാൻ നടപടി**

3695 **ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. ടി. വി. ഇബ്രാഹിം**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടിപ്പർ ലോറികളിൽ അനുവദനീയമായതിൽ അധികം ഭാരം കയറ്റി സർവ്വീസ് നടത്തുന്നതും അമിത വേഗവും മൂലം അപകടങ്ങൾ പതിവായിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അമിതഭാരം കയറ്റുന്നുണ്ടോ എന്നു പരിശോധിക്കുന്നതിനും ടിപ്പർ ലോറികൾക്ക് സമയക്രമം നിശ്ചയിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ടിപ്പർ ലോറി മൂലം ഉണ്ടാകുന്ന അപകടങ്ങൾ വർദ്ധിച്ചു വരുന്നത് തടയാൻ എന്തെല്ലാം സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്നു വിശദമാക്കുമോ?

**കെ.എസ്.ആർ.ടി.സി. വാങ്ങിയ ബസുകൾ**

3696 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021 സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും കെ.എസ്.ആർ.ടി.സി. എത്ര ഡീസൽ ബസുകൾ, ഇലക്ട്രിക് ബസുകൾ എന്നിവ വാങ്ങിയെന്നും ഏതൊക്കെ കമ്പനിയുടെ ഏതൊക്കെ മോഡൽ ബസ്സുകൾ എത്രയെണ്ണം വീതമാണ് വാങ്ങിയതെന്നും ഓരോ ബസിനും ചെലവഴിച്ച തുക ഉൾപ്പെടെയുള്ള കണക്കുകൾ ഇനം തിരിച്ചു വ്യക്തമാക്കുമോ;

(ബി) ബസുകൾ വാങ്ങിയത് സംബന്ധിച്ച എല്ലാ സർക്കാർ ഉത്തരവുകളുടെയും പകർപ്പ് ലഭ്യമാകുമോ;

(സി) പ്രസ്തുത ബസുകളിൽ എത്രയെണ്ണം നിലവിൽ സർവീസ് നടത്തുന്നുണ്ട് ; എത്രയെണ്ണം സർവീസ് നടത്തുന്നില്ല ;സർവീസ് നടത്താതിരിക്കുന്നതിന്റെ കാരണം എന്നിവ വ്യക്തമാക്കുമോ?

## കെ.എസ്.ആർ.ടി.സി. യാത്രക്കാരെ ആകർഷിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ

3697 **ഡോ. എൻ. ജയരാജ്**
**ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. പ്രമോദ് നാരായൺ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റ്, ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) പ്രതിദിന ഹ്രസ്വദൂര സ്ഥിരയാത്രക്കാരെ ആകർഷിക്കുന്നതിന് പുതുതായി ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(സി) ട്രെയിൻ ടിക്കറ്റുകൾക്കായി ഏർപ്പെടുത്തിയിട്ടുള്ള യു.ടി.എസ്. ആപ്പ് മാതൃകയിൽ കെ.എസ്.ആർ.ടി.സി. ടിക്കറ്റുകളും എടുക്കുന്നതിന് യാത്രക്കാർക്ക് സൗകര്യം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കാമോ;

(ഡി) സ്ഥിരം യാത്രക്കാർക്കായി സീസൺ ടിക്കറ്റോ പ്രീപെയ്ഡ് പ്രിവിലേജ് കാർഡോ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കാമോ?

## അപകടത്തിൽപ്പെട്ട കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ വിവരങ്ങൾ

3698 **ശ്രീ. അൻവർ സാദത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര കെ.എസ്.ആർ.ടി.സി. ബസുകൾ അപകടങ്ങളിൽപെട്ടിട്ടുണ്ട്; എത്രപേർക്ക് പരിക്കേറ്റിട്ടുണ്ട്; എത്രപേർ മരണപ്പെട്ടിട്ടുണ്ട്; ഡ്രൈവർമാരുടെ അശ്രദ്ധമൂലമുണ്ടായ അപകടങ്ങൾ എത്രയാണ്; വിശദാംശം വ്യക്തമാക്കുമോ;

(ബി) മേൽപ്പറഞ്ഞ അപകടങ്ങളിൽ ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബങ്ങൾക്കും പരിക്കേറ്റവർക്കും നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ നടപടിക്രമം എന്താണ്; നാളിതുവരെ എത്രപേർക്ക് ഈ ഇനത്തിൽ സഹായം നൽകിയിട്ടുണ്ട്; ഇനിയും എത്രപേർക്ക് സഹായം നൽകാനുണ്ട്; വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ?

## കെ.എസ്.ആർ.ടി.സി.യെ പൊതുമേഖലയിൽ നിലനിർത്തുന്നതിനുള്ള നടപടികൾ

3699 **ശ്രീ വി ശശി**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. സി.സി. മുകുന്ദൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലയെ തകർക്കുന്ന കേന്ദ്ര സർക്കാർ നയത്തിൽ നിന്ന് വ്യത്യസ്തമായി കെ.എസ്.ആർ.ടി.സി.-യെ പൊതുമേഖലയിൽ നിലനിർത്താൻ സർക്കാർ നൽകി വരുന്ന സഹായങ്ങൾ സംബന്ധിച്ച വിവരം അറിയിക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി.-യെ പ്രവർത്തന ലാഭത്തിലെത്തിക്കുന്നതിന് ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(സി) ഇന്ധന വിലവർദ്ധനവ് കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക സ്ഥിതിയെ ഏത് തരത്തിൽ ബാധിക്കുന്നുവെന്ന് അറിയിക്കാമോ;

(ഡി) വാഹനങ്ങളുടെ ശരിയായ വിനിയോഗം വർദ്ധിപ്പിച്ചും റൂട്ടുകളെ ശരിയായി പുനഃക്രമീകരിച്ചും വരുമാനം വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള മാനേജ്മെന്റ് സംവിധാനം പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

## കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് വാങ്ങിയ ബസ്സുകൾ

3700 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് എത്ര ഡീസൽ, ഇലക്ട്രിക് ബസ്സുകൾ വാങ്ങിയെന്നും ഏതൊക്കെ കമ്പനിയുടെ ഏതൊക്കെ മോഡൽ ബസ്സുകൾ എത്രയെണ്ണം വീതമാണ് വാങ്ങിയതെന്നും ഓരോ ബസ്സിനും ചെലവഴിച്ച തുക എത്രയാണെന്നുമുള്ള വിവരം ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ബസ്സുകൾ വാങ്ങിയത് സംബന്ധിച്ച മുഴുവൻ സർക്കാർ ഉത്തരവുകളുടെയും പകർപ്പ് ലഭ്യമാക്കുമോ; ഇവയിൽ എത്ര ബസ്സുകൾ നിലവിൽ സർവീസ് നടത്തുന്നുണ്ടെന്നും എത്രയെണ്ണം സർവീസ് നടത്തുന്നില്ലെന്നും സർവീസ് നടത്താത്തതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കുമോ?

## ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ

3701 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കാൻ കെ.എസ്.ആർ.ടി.സി. എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ?

## മലപ്പുറം കെ.എസ്. ആർ.ടി.സി ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം

3702 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണ നടപടികൾ പാതിവഴിയിൽ നിലച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എം.എൽ.എ. ഫണ്ടിൽ നിന്നും അനുവദിച്ച രണ്ടു കോടി രൂപയുടെ സാങ്കേതിക നടപടിക്രമങ്ങൾ ഒരു വർഷമായിട്ടും പൂർത്തീകരിക്കാൻ സാധിക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ; ഈ സാഹചര്യത്തിൽ എന്തെല്ലാം തുടർ നടപടികളാണ് വകുപ്പ് തലത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയിൽ ഇനിയും പൂർത്തീകരിക്കാനുള്ള ജോലികൾ എന്തെല്ലാമാണ്; കരാറുകാരന് നൽകാനുള്ള മുഴുവൻ കുടിശ്ശികയും വിതരണം ചെയ്തിട്ടുണ്ടോ;

(ഡി) പ്രവൃത്തി ആരംഭിച്ച് ആറര വർഷം പിന്നിട്ട സാഹചര്യത്തിൽ സാങ്കേതിക തടസ്സങ്ങൾ പരിഹരിച്ച് ഇനിയും കാലതാമസം കൂടാതെ എത്രയും വേഗം പണികൾ പൂർത്തീകരിക്കാൻ നിർദേശം നൽകുമോ?

**പുതിയ റോഡ് ശൃംഖല പ്രയോജനപ്പെടുത്തി കെ.എസ്.ആർ.ടി.സി. സർവീസ്**

3703 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നവീകരിച്ച പുതിയ റോഡ് ശൃംഖലകൾ പ്രയോജനപ്പെടുത്തി പുതിയ കെ.എസ്.ആർ.ടി.സി. സർവീസുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) പുനലൂർ-മൂവാറ്റുപുഴ, കോട്ടയം-കോഴഞ്ചേരി, ആലപ്പുഴ-ചങ്ങനാശേരി-എരുമേലി എന്നിവ പോലെ സംസ്ഥാനത്തുടനീളമുള്ള പുതിയ റോഡ് ശൃംഖലകളിലൂടെ അന്തർ ജില്ലാ സർവീസുകൾ ആരംഭിക്കുന്നതിന് പ്രത്യേക കർമ്മപദ്ധതി രൂപീകരിക്കാമോ?

**കെ.എസ്.ആർ.ടി.സി മൊബിലിറ്റി ഹബ്ബ് പദ്ധതി**

3704 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ചതും കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്നതുമായ ആലപ്പുഴ കെ.എസ്.ആർ.ടി.സി മൊബിലിറ്റി ഹബ്ബ് പദ്ധതിയുടെ നിർമ്മാണം മന്ദഗതിയിൽ മുന്നോട്ടു പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർമ്മാണത്തിൽ കാലതാമസം വരുന്നതിന്റെ കാരണം വ്യക്തമാക്കാമോ; നിലവിലെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ; നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) കോവിഡ്കാല പ്രതിസന്ധിയെത്തുടർന്ന് ആലപ്പുഴ ഡിപ്പോയിൽ നിന്നും നിർത്തിവെച്ചിരുന്ന തീരദേശ സർവ്വീസ് ആയ ആലപ്പുഴ - അമ്പലപ്പുഴ കാർഷിക മേഖലയിലൂടെയുള്ള ആലപ്പുഴ-പഴയനടക്കാവ് വഴി ആമയിട കെ.എസ്.ആർ.ടി.സി സർവ്വീസ് കോവിഡനന്തരം ഇതേവരെ സർവ്വീസ് ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

**ഗവി ടൂറിസ്റ്റ് പാക്കേജ്**

3705 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ ഗവി ടൂറിസ്റ്റ് പാക്കേജിൽ ട്രക്കിങ്ങിനുള്ള ഫീസ് നിർബന്ധമായും ഉൾപ്പെടുത്തിയത് മൂലം പ്രാദേശിക വിനോദസഞ്ചാരികൾ കെ.എസ്.ആർ.ടി.സി.യുടെ പാക്കേജ് ഒഴിവാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണത്തെ ഗണ്യമായി ബാധിക്കാൻ ഇടയുള്ള പ്രസ്തുത തീരുമാനം പുന:പരിശോധിക്കുമോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാക്കേജിൽ ട്രക്കിംഗ് ആവശ്യമില്ലാത്ത സഞ്ചാരികൾക്ക് ആയതിന്റെ ഫീസ് ഒഴിവാക്കി പാക്കേജിന്റെ സേവനം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

## കെ.എസ്.ആർ.ടി.സി. മിനി ബസുകൾ

3706 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. സർവ്വീസിൽ പുതിയതായി ഉൾപ്പെടുത്താനുദ്ദേശിക്കുന്ന മിനിബസുകൾ ഏതെല്ലാം മേഖലകൾക്ക് നൽകണമെന്നതിനുള്ള മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) യാത്രാസൗകര്യങ്ങൾ അപര്യാപ്തമായ മലയോരപ്രദേശമായ തിരുവമ്പാടി മണ്ഡലത്തിൽ കെ.എസ്.ആർ.ടി.സി. മിനിബസുകൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## കെ.എസ്.ആർ.ടി.സിയിൽ വിദ്യാർത്ഥികൾക്ക് ഓൺലൈൻ കൺസെഷൻ

3707 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യിൽ വിദ്യാർത്ഥികൾക്ക് പുതുതായി ഏർപ്പെടുത്തിയ ഓൺലൈനിലൂടെ ബസ് കൺസെഷൻ ലഭ്യമാക്കുന്ന പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എന്ന് മുതലാണ് ആരംഭിച്ചതെന്നും ഇതുവരെയായി എത്ര പേർക്ക് ഓൺലൈനിലൂടെ ബസ് കൺസെഷൻ ലഭിച്ചുവെന്നും വിശദമാക്കാമോ;

(സി) എത്ര വയസ്സുവരെയുള്ള വിദ്യാർത്ഥികൾക്കാണ് കെ.എസ്.ആർ.ടി.സി ബസുകളിൽ കൺസെഷൻ ലഭിക്കുക എന്ന് വിശദമാക്കാമോ?

## വിദ്യാർത്ഥികൾക്ക് കൺസഷൻ അനുവദിക്കുന്നതിന് നടപടി

3708 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് കൺസഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(ബി) മറ്റ് സ്വകാര്യ ബസ്സ് സർവീസുകൾ ഇല്ലാത്തതും ഒരു കെ.എസ്.ആർ.ടി.സി. ബസ് മാത്രം സർവീസ് നടത്തുന്നതുമായ റൂട്ടുകളിൽ വിദ്യാർത്ഥികൾക്ക് കൺസഷൻ അനുവദിക്കാൻ വ്യവസ്ഥ ഉണ്ടോ; ഇല്ലെങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് ബസുകളുടെ അമിതവേഗം തടയുന്നതിന് നടപടി

3709 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീർഘദൂര കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് ബസുകൾ അലക്ഷ്യമായും മറ്റ് വാഹനങ്ങൾക്കും വഴിയാത്രക്കാർക്കും അപകടം ഉണ്ടാക്കുംവിധവും സർവീസ് നടത്തുന്നത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) എങ്കിൽ അത്തരത്തിലുള്ള പരാതികൾ പരിഹരിക്കുന്നതിന് സ്വിഫ്റ്റ് ബസുകളിലെ താല്ക്കാലിക ഡ്രൈവർ/കണ്ടക്ടർ -ക്ക് ഏതെങ്കിലും തരത്തിലുള്ള പരിശീലനം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

## കെ.എസ്.ആർ.ടി.സി. സർവീസുകൾ

3710 **ശ്രീ. എം. വിൻസെന്റ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ ഏതൊക്കെ ബസുകളാണ് 2021 മുതൽ 2024 മാർച്ച് വരെ സ്ക്രാപ്പ് ചെയ്തിട്ടുള്ളതെന്ന് ബസുകളുടെ നമ്പർ, വാങ്ങിയ വർഷം, ഏത് ശ്രേണിയിലാണ് സർവീസ് നടത്തിയിരുന്നത്, ശരാശരി ഓരോ ബസിനും ലഭിച്ച കളക്ഷൻ എന്നിവ ഉൾപ്പടെ വ്യക്തമാക്കാമോ;

(ബി) 2024 മേയിൽ കെ.എസ്.ആർ.ടി.സി.ക്ക് എത്ര ബാങ്ക് അക്കൗണ്ടുകൾ ഉണ്ട്; അതിൽ എല്ലാ ബാങ്ക് അക്കൗണ്ടുകളുടേയും ഓഡിറ്റ് നടത്തിയിട്ടുണ്ടോ; എങ്കിൽ ഏത് മാസം വരെയുള്ള ഓഡിറ്റ് നടത്തിയിട്ടുണ്ട്; കെ.എസ്.ആർ.ടി.സി.ക്ക് 2020 മേയിൽ എത്ര ബാങ്ക് അക്കൗണ്ടുകൾ ഉണ്ടായിരുന്നു; കെ.എസ്.ആർ.ടി.സി.യുടെ ഏത് വർഷം വരെയുള്ള വരവ് ചെലവ് കണക്കുകൾ അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് ഒബ്ജക്ഷൻ ഇല്ലാതെ പൂർണമായും പാസാക്കിയിട്ടുണ്ട്;

(സി) കോവിഡ് കാലത്ത് ഓടിക്കാതെ ഒതുക്കിയിട്ട 2700 ബസുകൾ തിരികെ സർവീസിന് ഇറക്കുന്നതിന് കെഎസ്ആർടിസിക്ക് എത്ര രൂപയാണ് മെയിന്റനൻസ് ഇനത്തിൽ ഉൾപ്പെടെ ചെലവായത് ; പ്രസ്തുത ബസുകളിൽ ഇതുവരെ എത്ര ബസുകൾ സർവ്വീസിന് ഇറക്കി, എത്ര ബസുകൾ സ്ക്രാപ്പ് ചെയ്തു എന്നീ വിവരങ്ങൾ ബസുകളുടെ നമ്പർ സഹിതം വ്യക്തമാക്കാമോ;

(ഡി) കെ.എസ്.ആർ.ടി.സി. 2022 മാർച്ച് മുതൽ 2024 മാർച്ച് വരെ എത്ര പുതിയ ക്ലച്ചുകൾ വാങ്ങിയെന്നും എത്ര രൂപയാണ് ഓരോന്നിനും ചെലവായതെന്നും എത്രയെണ്ണം സ്ക്രാപ്പ് ചെയ്തുവെന്നും അറിയിക്കാമോ;

(ഇ) 2022 മാർച്ച് മുതൽ 2024 മാർച്ച് വരെ എത്ര രൂപയാണ് കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ കയ്യിൽ നിന്നും കോസ്റ്റ് ഓഫ് ഡാമേജ്, പെനാൽറ്റി ഇനത്തിൽ ഈടാക്കിയിട്ടുള്ളതെന്ന പ്രതിമാസ കണക്ക് ഓരോ വിഭാഗം ജീവനക്കാരുടേയും തരം തിരിച്ച് വ്യക്തമാക്കാമോ;

(എഫ്) കെ.എസ്.ആർ.ടി.സി. എത്ര ജൻറം ലോ ഫ്ലോർ എ.സി ബസുകൾ സ്ക്രാപ്പ് ചെയ്തു; എത്ര ബസുകൾ ഡോക്കിലുണ്ട്; എത്ര ബസുകൾ സർവ്വീസ് നടത്തുന്നുണ്ട്; എന്നീ വിവരങ്ങൾ ബസുകളുടെ നമ്പറും വാങ്ങിയ വർഷവും സഹിതം വ്യക്തമാക്കാമോ?

## കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ്

3711 **ശ്രീ. എം. വിൻസെന്റ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് കമ്പനിയിലേയ്ക്ക് വാങ്ങിയ ഡീസൽ ബസുകളുടെ പർച്ചേസിന് മുമ്പ് കെ.എസ്.ആർ.ടി.സി. ടെക്നിക്കൽ വിഭാഗത്തിൽ നിന്നുള്ളവർ ഉൾപ്പെട്ട വിദഗ്ദ്ധ സമിതി പരിശോധിച്ചിരുന്നോ; എങ്കിൽ പരിശോധന സമിതിയിലെ അംഗങ്ങൾ ആരൊക്കെയായിരുന്നു; അവരുടെ പേരുവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) കെ.എസ്.-016, കെ.എസ്-030 എന്നീ ശ്രേണിയിൽ സ്വിഫ്റ്റ് കമ്പനിയ്ക്ക് വാങ്ങിയ എല്ലാ ബസുകളുടേയും ഗുണനിലവാരം ചെയ്സിസ് പൊട്ടിയ സാഹചര്യത്തിനുശേഷം പരിശോധിച്ചിട്ടുണ്ടോ; 'REJECTION' Material Scrap, Only for KSRTC എന്ന റിജെക്ഷൻ സ്റ്റിക്കർ പ്രസ്തുത ബസുകളിൽ പതിച്ചിരുന്നത് സംബന്ധിച്ചും ക്വാളിറ്റി ടെസ്റ്റിൽ പരാജയപ്പെട്ട ബസുകളാണ് ഈ ശ്രേണിയിൽ വാങ്ങിയതെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിലേയ്ക്ക് ബസ്സുകൾ വാങ്ങിയതിലെ പർച്ചേസിൽ അഴിമതി നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സംസ്ഥാന വിജിലൻസിനെകൊണ്ട് അന്വേഷണം നടത്താൻ തയ്യാറാകുമോ; പ്രസ്തുത വിഷയത്തിൽ അന്നത്തെ സി.എം.ഡി. ഉൾപ്പെടെ പർച്ചേസ് നടപടികളിൽ പങ്കാളികളായ മുഴുവൻ ഉന്നത ഉദ്യോഗസ്ഥരെയും വിജിലൻസ് അന്വേഷണ പരിധിയിൽ ഉൾപ്പെടുത്തുമോ;

(ഡി) കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിൽ നടന്ന എല്ലാ സാമ്പത്തിക ഇടപാടുകളേയും കുറിച്ച് വിശദമായ അന്വേഷണം നടത്താൻ തയാറാകുമോ; വ്യക്തമാക്കുമോ;

(ഇ) സ്വിഫ്റ്റ് ബസ്സുകളുടെ സ്പെയർപാർട്ട്സുകൾ പലതും ബസുകൾ വാങ്ങി ചുരുങ്ങിയ വർഷങ്ങൾക്കുള്ളിൽ കേടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇപ്രകാരം കേടായ ബസ്സുകളുടെയും സ്പെയർപാർട്ട്സുകളുടെയും മെയിന്റനൻസ്, മാറ്റിസ്ഥാപിക്കൽ എന്നിവയ്ക്ക് ബസ്സ് കമ്പനികളാണോ കെ.എസ്.ആർ.ടി.സി.യാണോ ചെലവ് വഹിച്ചത്; പുതിയ കെ.എസ്.ആർ.ടി.സി.- സ്വിഫ്റ്റ് ബസുകളുടെ സ്പെയർപാർട്ട്സുകൾ വ്യാപകമായി കേടായത് സംബന്ധിച്ച് കെ.എസ്.ആർ.ടി.സി.ക്ക് പുറത്തുള്ള ഏതെങ്കിലും വിദഗ്ദ്ധരെ കൊണ്ട് അന്വേഷണം നടത്തുമോ;

(എഫ്) കെ.എസ്.ആർ.ടി.സി. ബസുകളിലെ ഗിയർ ബോക്സ്, വീൽ ബെയറിംഗ്, ക്ലച്ച് അസ്സംബ്ലി, ഷാക്കിൾ, ബ്രേക്ക് പാഡ് തുടങ്ങി പ്രധാന സ്പെയർപാർട്ട്സുകൾ ബസ്സുകൾ എത്ര കിലോമീറ്റർ ഓടി കഴിയുമ്പോൾ ആണ് മാറ്റാറുള്ളത്; പ്രസ്തുത സ്പെയർപാർട്ട്സുകൾ സ്വിഫ്റ്റ് കമ്പനിയിലെ ഡീസൽ ബസുകൾക്ക് എത്ര കിലോമീറ്ററിലാണ് മാറിയിട്ടുള്ളത്; എങ്കിൽ എത്ര ബസുകൾക്കാണെന്നും ഏതൊക്കെ പാർട്ട്സുകളാണ് മാറിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ; കെ.എസ്.ആർ.ടി.സി.യിൽ കഴിഞ്ഞ മൂന്ന് വർഷം നടന്ന സ്പെയർപാർട്ട്സ് പർച്ചേസ് ഇടപാടുകൾ സംബന്ധിച്ച് അന്വേഷണം നടത്തുമോ; അതിലെ ഉദ്യോഗസ്ഥ അഴിമതി അന്വേഷിക്കുമോ; വ്യക്തമാക്കുമോ;

(ജി) കെ.എസ്.ആർ.ടി.സി.യിൽ നടന്നുവെന്ന് ആരോപിക്കപ്പെടുന്ന അഴിമതി ആരോപണങ്ങളിന്മേൽ വിജിലൻസ് അന്വേഷണം നടത്തണമെന്ന അന്നത്തെ സി.എം.ഡി.യുടെ ശിപാർശ ഉണ്ടായിരിക്കെ എന്തുകൊണ്ടാണ് വിജിലൻസ്

അന്വേഷണത്തിന് തയാറാകാത്തത്; പ്രസ്തുത വിഷയത്തിൽ വിജിലൻസ് അന്വേഷണം നടത്തുമോയെന്ന് അറിയിക്കാമോ?

## ബസ് സമയം യാത്രക്കാർക്ക് ഓൺലൈനായി അറിയുന്നതിനുള്ള ക്രമീകരണം

3712 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ ബസ്സുകളുടെയും കെ.എസ്.ആർ.ടി.സി. ബസ്സുകളുടേയും ടൈം ഷെഡ്യൂൾ യാത്രക്കാർക്ക് ഓൺലൈനായി അറിയുന്നതിന് ക്രമീകരണം ഏർപ്പെടുത്താൻ ആലോചനയുണ്ടോ; സമയക്രമം യാത്രക്കാർക്ക് ലഭ്യമാക്കുന്നതിനായി നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ വ്യക്തമാക്കുമോ?

## സർവീസ് അവസാനിപ്പിച്ച ബസ്സുകൾ ഒഴിവാക്കാൻ നടപടി

3713 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ കെ.എസ്.ആർ.ടി.സി. യുടെ എത്ര ബസ്സുകൾ കാലാവധി കഴിഞ്ഞതിനാൽ സർവീസ് നിർത്തിയിട്ടുണ്ട്; ബസ്സുകളുടെ മോഡൽ നമ്പർ, വാങ്ങിയ വർഷം ഉൾപ്പെടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം സർവീസ് അവസാനിപ്പിക്കുന്ന ബസ്സുകൾ കെ.എസ്.ആർ.ടി.സി. പൊളിച്ച് വിൽക്കുന്ന രീതിയുണ്ടോ; ഇല്ലെങ്കിൽ ഇത്തരം ബസുകൾ ഏത് രീതിയിലാണ് ഒഴിവാക്കുന്നതെന്നും ഇതിന്റെ നടപടിക്രമം എന്താണെന്നും വ്യക്തമാക്കുമോ;

(സി) സർവീസ് അവസാനിപ്പിച്ച ബസ്സുകൾ മേൽപ്പറഞ്ഞ രീതിയിൽ ഒഴിവാക്കിയ ഇനത്തിൽ മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ കെ.എസ്.ആർ.ടി.സി.ക്ക് എത്ര തുക ലഭിച്ചിട്ടുണ്ടെന്ന് സാമ്പത്തിക വർഷ അടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കുമോ?

## കെ.എസ്.ആർ.ടി.സി. കൊറിയർ സർവ്വീസ്

3714 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി കെ.എസ്.ആർ.ടി.സി. ആരംഭിച്ച കൊറിയർ സർവ്വീസ് മുഖാന്തിരം ഇതുവരെ എത്ര തുക വരുമാനമായി ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ എല്ലാ ഡിപ്പോകൾ കേന്ദ്രീകരിച്ചും കൊറിയർ സർവ്വീസ് നടത്തുന്നുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത കൊറിയർ സർവ്വീസിന്റെ പ്രത്യേകതകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) കൊറിയർ സർവ്വീസിനെ സംബന്ധിച്ച് പരാതികൾ ഉണ്ടെങ്കിൽ എവിടെയാണ് നൽകേണ്ടത്; വിശദമാക്കാമോ?

## കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് പെരുമാറ്റച്ചട്ടം

3715 **ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് പെരുമാറ്റച്ചട്ടം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ജീവനക്കാരുടെ മോശം പെരുമാറ്റമടക്കമുള്ള വിവിധ കുറ്റങ്ങൾക്ക് പിഴ ചുമത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) പെരുമാറ്റച്ചട്ടം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന് ശേഷം കെ.എസ്.ആർ.ടി.സി. യുടെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോയെന്നു പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## കെ.എസ്.ആർ.ടി.സിയുടെ മരാമത്ത് പണികൾ

3716 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സിയുടെ മരാമത്ത് പണികൾ പി.ഡബ്ല്യു.ഡി മുഖേന നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതു സാഹചര്യത്തിലാണ് ഇപ്രകാരം തീരുമാനമെടുത്തതെന്ന് വ്യക്തമാക്കുമോ;

(ബി) വകുപ്പിന്റെ ഫണ്ട് ഉപയോഗിക്കുന്ന പ്രവർത്തനങ്ങൾക്ക് പുറമേ എം.എൽ.എ ഫണ്ട് ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾക്കും പി.ഡബ്ല്യു.ഡിയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) ഇപ്രകാരം മരാമത്ത് പണികൾ ചെയ്യുന്നത് സംബന്ധിച്ച് കെ.എസ്.ആർ.ടി.സിയും പി.ഡബ്ല്യു.ഡിയും തമ്മിൽ കരാർ ഉണ്ടാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രധാനപ്പെട്ട വ്യവസ്ഥകൾ എന്തൊക്കെയാണ്; കരാറിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## കെ.എസ്.ആർ.ടി.സി.-യും വിനോദസഞ്ചാര വകുപ്പും സംയോജിച്ച് നടപ്പിലാക്കിയ പദ്ധതികൾ

3717 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യും വിനോദസഞ്ചാര വകുപ്പുമായി സംയോജിച്ച് സംസ്ഥാനത്ത് എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നും ഓരോ പദ്ധതിയിലും കെ.എസ്.ആർ.ടി.സി. നൽകുന്ന സേവനങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ നിന്നും മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും എത്ര വരുമാനം ലഭിച്ചിട്ടുണ്ടെന്നും ഈ പദ്ധതികൾക്കായി എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം ഇനം തിരിച്ച് ലഭ്യമാക്കുമോ?

## കെ.എസ്.ആർ.ടി.സിയുടെ എ.സി പ്രീമിയം സൂപ്പർ ഫാസ്റ്റ് ബസ് സർവ്വീസ്

3718 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. പുതുതായി ആരംഭിച്ച എ.സി പ്രീമിയം സൂപ്പർ ഫാസ്റ്റ് ബസ് സർവ്വീസിനായി എത്ര ബസ്സുകളാണ് സർവീസ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ?

## കെ.എസ്.ആർ.ടി.സി. ഡ്യൂട്ടി പരിഷ്കരണം

3719 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യിൽ ഡ്യൂട്ടി പരിഷ്കരണത്തിന്റെ ഭാഗമായി എട്ട് മണിക്കൂർ ഡ്യൂട്ടി നടപ്പാക്കിയ സാഹചര്യത്തിൽ സ്വന്തം ജില്ലയിൽ ഒഴിവുള്ള പക്ഷം ജീവനക്കാരെ പരമാവധി സ്വന്തം ജില്ലയിൽ തന്നെ ഡ്യൂട്ടിക്ക് നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) സ്വന്തം ജില്ലകളിലേയ്ക്ക് മ്യൂച്ചൽ ട്രാൻസ്ഫർ നൽകുന്ന കാര്യം പരിഗണിക്കുമോ?

## കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിൽ ഡ്രൈവർ കം കണ്ടക്ടർ തസ്തികയിലെ നിയമനം

3720 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് ബസിൽ ഡ്രൈവർ കം കണ്ടക്ടർ തസ്തികയിൽ നിയമനം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്നും എങ്കിൽ എത്ര തസ്തികകളിലാണ് നിയമനം നടത്താൻ ഉദ്ദേശിക്കുന്നതെന്നും നിയമന യോഗ്യത എന്താണെന്നും അറിയിക്കാമോ?

## പുതുതായി ആരംഭിച്ച കെ.എസ്.ആർ.ടി.സി. സർവീസുകൾ

3721 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2021 മുതൽ കെ.എസ്.ആർ.ടി.സി. ഏതെല്ലാം റൂട്ടുകളിൽ താൽക്കാലികമായും സ്ഥിരമായും പുതിയ സർവീസുകൾ ആരംഭിച്ചുവെന്ന് ജില്ല, വർഷം, റൂട്ട് എന്നിവ തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവയിൽ ഏതെല്ലാം സർവീസുകൾ നിർത്തലാക്കിയെന്നും അവയുടെ കാരണങ്ങളും അറിയിക്കാമോ?

## ബസ് സർവീസ് അനുവദിക്കാൻ നടപടി

3722 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടിയിൽ നിന്ന് ആരംഭിച്ച് കുറ്റ്യാടി വഴി തിരുവനന്തപുരത്തേക്ക് പോകുന്ന ബസ്സിൽ ടിക്കറ്റ് കിട്ടാത്ത വിഷയം നിരവധി ആളുകൾ അറിയിക്കുന്ന സാഹചര്യത്തിൽ ഈ റൂട്ടിൽ പുതുതായി കെ.എസ്.ആർ.ടി.സി. ബസ് സർവീസ് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## ഗുരുവായൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് പുതിയ ബസ്സുകൾ

3723 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് 2016-17 സാമ്പത്തിക വർഷം മുതൽ 2023-24 വരെ എത്ര പുതിയ ബസ്സുകളാണ് നൽകിയതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഡിപ്പോയിൽ നിന്ന് നിലവിൽ എത്ര സർവീസുകൾ നടത്തുന്നുണ്ടെന്ന് അറിയിക്കുമോ?

## കൊല്ലം കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ സമഗ്ര വികസനം

3724 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം കെ.എസ്.ആർ.ടി.സി. ഡിപ്പോ കെട്ടിടത്തിന്റെ ശോചനീയാവസ്ഥയും അപകടാവസ്ഥയും പരിഹരിക്കുന്നതിനും ഡിപ്പോയുടെ സമഗ്ര വികസനത്തിനുമായി കിഫ്ബി ധനസഹായത്തോടെ പ്രഖ്യാപിക്കപ്പെട്ട പദ്ധതിയുടെ രൂപീകരണ പുരോഗതി അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## വടക്കാഞ്ചേരി മണ്ഡലത്തിൽ ഗ്രാമവണ്ടി പദ്ധതി

3725 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ ഏതെങ്കിലും പഞ്ചായത്തുകളിൽ ഗ്രാമവണ്ടി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

## വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ

3726 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ഏതെല്ലാം കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ നിന്ന് വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് സർവ്വീസ് നടത്തുന്നുണ്ട്;

(ബി) പ്രസ്തുത സർവ്വീസുകൾ ഏതെല്ലാം സ്ഥലങ്ങളിലേക്കാണ് നടത്തുന്നത്; ഈ സർവ്വീസുകളുടെ വിവരം ജനങ്ങളിലേക്ക് എത്തുന്ന രീതിയിൽ പരസ്യം നൽകുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

## കാസർഗോഡ് - മംഗലാപുരം അന്തർ സംസ്ഥാന റൂട്ടിൽ കെ.എസ്.ആർ.ടി.സി. കരാർ

3727 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് - മംഗലാപുരം അന്തർ സംസ്ഥാന റൂട്ടിലെ ചെയിൻ സർവ്വീസ് സംബന്ധിച്ച് കേരള - കർണാടക കരാർ ഉടമ്പടിയുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) കാസർഗോഡ് - മംഗലാപുരം അന്തർ സംസ്ഥാന റൂട്ടിൽ കെ.എസ്.ആർ.ടി.സി. യുടെ എത്ര ബസ്സാണ് നിലവിൽ സർവ്വീസ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത റൂട്ടിൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ എത്ര മിനുട്ടുകൾ ഇടവിട്ടാണ് ഓടുന്നതെന്നും അതിൽ നിന്നും പ്രതിമാസം ലഭിക്കുന്ന ശരാശരി വരുമാനം എത്രയാണെന്നും അറിയിക്കുമോ;

(ഡി) പ്രസ്തുത റൂട്ടിൽ കൂടുതൽ ബസ് സർവ്വീസ് നടത്തി യാത്രക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) കാസർഗോഡ് - തലപ്പാടി റൂട്ടിൽ ഓർഡിനറി ബസ് സർവ്വീസ് തുടങ്ങാനുള്ള നടപടി സ്വീകരിക്കുമോ;

(എഫ്) കാസർഗോഡ് നിന്നും ദേശീയപാത വഴി കർണാടക ബി.സി. റോഡിലേക്ക് കെ.എസ്.ആർ.ടി.സി. ബസുകൾ ഓടിക്കാൻ കരാറുണ്ടോ;

(ജി) എങ്കിൽ കേരളത്തിന്റെ എത്ര ബസുകൾ ഈ റൂട്ടിൽ ഓടുന്നുണ്ടെന്ന് അറിയിക്കാമോ; ഇല്ലെങ്കിൽ ഏറെ ലാഭകരമായ പ്രസ്തുത റൂട്ടിൽ കെ.എസ്.ആർ.ടി.സി. ബസ് സർവീസ് നടത്തുമോയെന്ന് വ്യക്തമാക്കാമോ?

## മൂന്നാർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നുള്ള സർവ്വീസുകൾ

3728 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും ദിവസേന നടത്തുന്ന സർവ്വീസുകളുടെ എണ്ണം എത്രയെന്ന് വിശദമാക്കാമോ;

(ബി) ഡിപ്പോയിൽ നിലവിലുള്ള ബസുകളുടെ എണ്ണം എത്രയെന്ന് വിശദമാക്കാമോ;

(സി) ദിവസ സർവ്വീസ് ആവശ്യങ്ങൾക്കുള്ള ബസുകൾക്ക് പുറമേ അധികം എത്ര ബസുകൾ ഉണ്ടെന്ന് അറിയിക്കാമോ;

(ഡി) മൂന്നാർ-സൈലന്റ്‌വാലി റൂട്ടിൽ ബസ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഇ) ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; ഈ റൂട്ടിൽ സർവ്വീസ് ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

## മാവേലിക്കര കെ.എസ്.ആർ.ടി.സി. വർക് ഷോപ്പ് നവീകരണം

3729 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാവേലിക്കര കെ.എസ്.ആർ.ടി.സി. വർക് ഷോപ്പിന്റെ നവീകരണത്തിനായി സ്വീകരിച്ച നടപടികളും അനുവദിച്ച തുകയും വിശദമാക്കുമോ;

(ബി) മാവേലിക്കര മണ്ഡലത്തിൽ ഗതാഗത വകുപ്പിന്റെയും കെ.എസ്.ആർ.ടി.സി.യുടെയും ഉടമസ്ഥതയിലുള്ള സ്ഥലങ്ങളുടെയും കെട്ടിടങ്ങളുടെയും വിശദവിവരം ലഭ്യമാക്കുമോ?

## ഗ്രാമ വണ്ടികൾ അനുവദിക്കുന്നതിനുള്ള നടപടികൾ

3730 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവണ്ടികൾ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണ്; ഗ്രാമവണ്ടികളിൽ നിന്നും ഗ്രാമ പഞ്ചായത്തുകൾക്ക് വരുമാനം ലഭിക്കുമോ; വിശദമാക്കാമോ;

(ബി) ഈ സർക്കാർ നാളിതുവരെ എത്ര ഗ്രാമവണ്ടികളാണ് അനുവദിച്ചിട്ടുള്ളത് വിശദമാക്കാമോ?

**<u>പാലക്കാട് ജില്ലയിലെ കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകൾ</u>**

3731 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ നിന്നും നിലവിൽ ഓപ്പറേറ്റ് ചെയ്യുന്ന കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ജില്ലയിൽ നിന്നും കെ.എസ്.ആർ.ടി.സി.യുടെ ദൈനംദിന ശരാശരി വരുമാനം എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ജില്ലയിൽ കെ.എസ്.ആർ.ടി.സി.യിലെ സ്ഥിരം ജീവനക്കാരുടേയും താൽക്കാലിക ജീവനക്കാരുടേയും നിലവിലെ എണ്ണം തസ്തിക തിരിച്ച് ലഭ്യമാക്കാമോ?

**<u>കോവിഡ് കാലത്ത് നിർത്തലാക്കിയ ബസ് സർവ്വീസുകൾ</u>**

3732 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കോവിഡ് കാലഘട്ടത്തിൽ നിർത്തലാക്കിയ ലാഭകരമായ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകളിൽ പുനരാരംഭിക്കാത്തവയുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(സി) ഇത്തരം സർവ്വീസുകൾ പുനരാരംഭിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; ഉണ്ടെങ്കിൽ എന്ന് മുതൽ പുനരാരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

**<u>കെ.എസ്.ആർ.ടി.സി. ബസ് സർവീസ് നിർത്തിയത് പുനസ്ഥാപിക്കുന്നതിന് നടപടി</u>**

3733 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മേപ്പയ്യൂർ-പള്ളിക്കര വഴി കോഴിക്കോട് മെഡിക്കൽ കോളേജിലേയ്ക്ക് സർവീസ് നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. ബസ് സർവീസ് നിർത്തിയിട്ട് എത്ര കാലമായി എന്ന് വ്യക്തമാക്കാമോ;

(ബി) ജനങ്ങൾക്ക് വളരെയധികം ഉപകാരപ്രദവും നല്ല കളക്ഷനുമുണ്ടായിരുന്ന പ്രസ്തുത സർവീസ് നിർത്തലാക്കാനുള്ള കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത സർവീസ് പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## മൊബിലിറ്റി ഹബ്ബ്

3734 **ശ്രീ. കെ.കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് കെ.എസ്.ആർ.ടി.സി. മൊബിലിറ്റി ഹബ്ബ് സ്ഥാപിക്കുമെന്ന മുൻ ബജറ്റിലേയും നയപ്രഖ്യാപനങ്ങളിലേയും പ്രഖ്യാപനം യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ദേശീയ പാത 544-നോട് ചേർന്ന് കിടക്കുന്നതും വാണിജ്യ പ്രാധാന്യമുള്ളതുമായ പുതുക്കാട് കെ.എസ്.ആർ.ടി.സി. യുടെ സ്ഥലത്ത് കോർപ്പറേഷന് വരുമാനം ലഭിക്കുന്നതും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമായ മൊബിലിറ്റി ഹബ്ബ് പോലെയുള്ള വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## കെ.എസ്.ആർ.റ്റി.സി. വാഹനങ്ങളുടെ സർവീസ് വിവരം

3735 **ശ്രീ . മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ കൂടി കടന്നു പോകുന്ന കെ.എസ്.ആർ.ടി.സി. യുടെ ദീർഘദൂര സർവീസ് നടത്തുന്ന വാഹനങ്ങളുടെ വിവരങ്ങൾ നൽകാമോ;

(ബി) ഏതൊക്കെ ദീർഘദൂര കെ.എസ്.ആർ.ടി.സി. വാഹനങ്ങൾക്കാണ് പട്ടാമ്പി ബസ് സ്റ്റാന്റിൽ സ്റ്റോപ്പുള്ളത്; ഈ ബസ്സുകൾ സ്റ്റാന്റിൽ എത്തിചേരുന്നതും പുറപ്പെടുന്നതുമായ സമയം ഉൾപ്പെടെയുള്ള വിവരങ്ങൾ നൽകാമോ;

(സി) ഏതെല്ലാം ഭാഗങ്ങളിലേക്കുള്ള ബസുകളാണ് പട്ടാമ്പി ബസ് സ്റ്റാന്റിൽ നിന്നും ആരംഭിക്കുന്നതും അവസാനിക്കുന്നതുമെന്ന വിവരം നൽകാമോ;

(ഡി) ഇതിൽ കോവിഡിന് ശേഷം നിർത്തലാക്കിയതും ആരംഭിച്ചതുമായ ബസുകളുടെ വിവരം അറിയിക്കാമോ;

(ഇ) ദീർഘദൂര കെ.എസ്.ആർ.ടി.സി. വാഹനങ്ങൾക്ക് പട്ടാമ്പി സ്റ്റാന്റിൽ സ്റ്റോപ്പ് അനുവദിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## "പുതുക്കാട് കെ.എസ്.ആർ.ടി.സി മൊബിലിറ്റി ഹബ്ബ്"

3736 **ശ്രീ. കെ.കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് കെ.എസ്.ആർ.ടി.സി വക സ്ഥലത്ത് മൊബിലിറ്റി ഹബ്ബ് ആരംഭിക്കുന്നതിനുള്ള നടപടികൾ എത് ഘട്ടത്തിലാണ് എന്നറിയിക്കാമോ;

(ബി) 2021-22 ലെ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

## വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പയ്യന്നൂർ സബ് ആർ.ടി.ഒ. ഓഫീസ്

3737 **ശ്രീ. ടി.ഐ.മധുസൂദനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പയ്യന്നൂർ സബ് ആർ.ടി.ഒ. ഓഫീസ് കെ.എസ്.ആർ.ടി.സി യുടെ ഉടമസ്ഥതയിൽ ഉള്ള കെട്ടിടത്തിലേക്ക് മാറ്റുന്നതിന്റെ സാധ്യതാ പഠനത്തിനായി കണ്ണൂർ ആർ.ടി.ഒ.-യെ ചുമതലപ്പെടുത്തിയിരുന്നോ; ഉണ്ടെങ്കിൽ ഏത് വർഷം, ഏത് മാസമാണ് ചുമതലപ്പെടുത്തിയത് എന്ന് അറിയിക്കാമോ;

(ബി) കണ്ണൂർ ആർ.ടി.ഒ.യുടെ സാധ്യത പഠന റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എപ്പോഴാണ് സമർപ്പിച്ചത് എന്ന് വിശദമാക്കാമോ; ഇല്ലെങ്കിൽ അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത വിഷയത്തിൽ സർക്കാർ തീരുമാനം എടുക്കാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കാമോ?

## ഖൻസ വനിതാ കോളേജിന് മുന്നിൽ ബസ് സ്റ്റോപ്പ്

3738 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് കുമ്പള-ബദിയടുക്ക കെ.എസ്.ടി.പി. റോഡിൽ കണ്ണൂർ യൂണിവേഴ്സിറ്റിയുടെ അംഗീകൃത കലാലയമായ ഖൻസ വനിതാ കോളേജിന് മുന്നിൽ പി,ഡബ്ല്യു.ഡി. നിർമ്മിച്ച ബസ് കാത്തിരിപ്പ് കേന്ദ്രത്തിൽ ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രത്യേക കേസായി പരിഗണിച്ച് നിലവിലെ നിയമത്തിൽ ഇളവ് ചെയ്ത് പ്രസ്തുത വനിതാ കോളേജിന് മുന്നിൽ ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കോഴിക്കോട് നഗരത്തിലെ ഗതാഗത തടസ്സം ഒഴിവാൻ നടപടി

3739 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിലെ വർദ്ധിച്ച ഗതാഗത തടസ്സം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ഗതാഗത പ്രശ്നം പരിഹരിക്കുന്നതിന് ലൈറ്റ് ട്രാം, മോണോ റെയിൽ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

## ഈരാറ്റുപേട്ട കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ വികസനം

3740 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈരാറ്റുപേട്ട കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ വികസനത്തിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ; ഡിപ്പോയിലെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലം പ്രയോജനപ്പെടുത്തി ഡോർമെറ്ററി, റെസ്റ്റോറന്റ്, ടേക് എ ബ്രേക്ക് പദ്ധതി, ടോയ്‌ലെറ്റ് ബ്ലോക്ക് എന്നിവ ആരംഭിക്കണമെന്ന

നിർദ്ദേശത്തിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഈരാറ്റുപേട്ട ഡിപ്പോയിൽ നിന്ന് കൂടുതൽ ദീർഘദൂര സർവ്വീസുകൾ ആരംഭിക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ;

(സി) സമീപ പ്രദേശങ്ങളിലെ ഡിപ്പോകളിൽനിന്നും ആരംഭിക്കുന്നതും അവസാനിക്കുന്നതുമായ പ്രധാനപ്പെട്ട ദീർഘദൂര സർവീസുകൾ ഈരാറ്റുപേട്ട ഡിപ്പോയിലേക്ക് നീട്ടി റൂട്ട് പുനഃക്രമീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## ജലഗതാഗത മേഖലയിലെ ബോട്ടുകളുടെ വിവരങ്ങൾ

3741 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം ജലഗതാഗത മേഖലയിൽ എത്ര പുതിയ ബോട്ടുകൾ വാങ്ങിയെന്നും 2016 മുതൽ ജലഗതാഗത വകുപ്പ് വാങ്ങിയ ബോട്ടുകൾ എത്രയെന്നും പ്രസ്തുത ബോട്ടുകൾ നിർമ്മിച്ച കമ്പനികൾ ഏതെല്ലാമെന്നും വിശദമാക്കാമോ;

(ബി) പുതിയ ബോട്ടുകൾ വാങ്ങുമ്പോൾ എത്ര വർഷമാണ് ബോട്ടുകൾക്ക് കമ്പനി ഗ്യാരന്റി നൽകുന്നതെന്നും എത്ര വർഷത്തിനുശേഷമാണ് കമ്പനികൾക്ക് എ.എം.സി. നൽകുന്നതെന്നും അറിയിക്കാമോ;

(സി) ഇത്തരത്തിൽ ജലഗതാഗത വകുപ്പിൽ എത്ര ബോട്ടുകൾക്ക് എ.എം.സി. നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ഡി) എ.എം.സി. നൽകിയ ബോട്ടുകളിലെ സർവീസ് നടത്തുന്നതും പാർട്സുകൾ മാറ്റുന്നതും കമ്പനി തന്നെയാണോയെന്ന് വ്യക്തമാക്കാമോ;

(ഇ) 2016-ന് ശേഷം ഡോക്ക് ആൻഡ് റിപ്പയർ സെക്ഷനിൽ പുതുതായി എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്നും നിലവിൽ മൊത്തം എത്ര ജീവനക്കാർ പ്രസ്തുത സെക്ഷനിൽ ഉണ്ടെന്നും വിശദമാക്കാമോ;

(എഫ്) 2016-ന് ശേഷം വാങ്ങിയതും എ.എം.സി. ഉള്ളതുമായ എത്ര ബോട്ടുകൾ ഡോക്ക് ആൻഡ് റിപ്പയർ വിഭാഗത്തിൽ നന്നാക്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ജി) വൈക്കം - എറണാകുളം റൂട്ടിൽ സർവീസ് നടത്തിയിരുന്ന വേഗാ ബോട്ട് ഇപ്പോൾ ഏത് റൂട്ടിലാണ് സർവീസ് നടത്തുന്നത് എന്ന് വിശദമാക്കാമോ?

## പറശ്ശിനിക്കടവിലെ ബോട്ട് സർവീസുകൾ

3742 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പറശ്ശിനിക്കടവിൽ നിന്നും ജലഗതാഗത വകുപ്പ് എത്ര ബോട്ട് സർവീസുകൾ നടത്തുന്നുണ്ടെന്നും ഒരു ദിവസത്തെ ശരാശരി യാത്രക്കാർ

എത്രയെന്നും അറിയിക്കാമോ; നിലവിൽ പറശ്ശിനിക്കടവിൽ സർവീസ് നടത്തുന്ന ബോട്ടുകളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) നടപ്പ് സാമ്പത്തിക വർഷം പറശ്ശിനിക്കടവിൽ നടപ്പാക്കാനുദ്ദേശിക്കുന്ന ജലഗതാഗത വകുപ്പിന്റെ പദ്ധതികൾ ഏതൊക്കെയാണ്;

(സി) പറശ്ശിനിക്കടവിൽ തൊണ്ണൂറ് പാസഞ്ചർ കപ്പാസിറ്റിയിലുള്ള സോളാർ ഇലക്ട്രിക് ബോട്ടുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

## സ്വകാര്യ ബസുകളുടെ മത്സരയോട്ടം

3743 **ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. എൻ. ഷംസുദ്ദീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ ബസുകളുടെ മത്സരയോട്ടത്തെത്തുടർന്നുള്ള അപകടങ്ങൾ വർദ്ധിച്ച വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്വകാര്യ ബസുകളിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) നിയമലംഘനം നടത്തുന്ന സ്വകാര്യ ബസുകളെ നിരീക്ഷിക്കാനും നിയമലംഘനങ്ങൾക്ക് എതിരെ നടപടിയെടുക്കാനും നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്നറിയിക്കുമോ; വിശദമാക്കുമോ;

(ഡി) നിയമലംഘനങ്ങൾ കണ്ടെത്തി സത്വര നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ?

## സേഫ് കേരള പദ്ധതി യിലെ എ.എം.വി.ഐ, എം.വി.ഐ, ആർ.ടി.ഒ. തസ്തികകൾ

3744 **ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 ജനുവരി മുതൽ 2024 മെയ് 31 വരെ സംസ്ഥാനത്ത് ആകെ റോഡപകടങ്ങളും അതുമൂലമുള്ള മരണങ്ങളും എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) സേഫ് കേരള സ്ക്വാഡ് വരുന്നതിന് മുൻപ് മോട്ടോർ വാഹന വകുപ്പിൽ എത്ര സ്ക്വാഡുകൾ ഉണ്ടായിരുന്നുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) മോട്ടോർ വാഹന വകുപ്പിലെ എ.എം.വി.ഐ. മാരുടെ കുറവ് സേഫ് കേരള പദ്ധതിയുടെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് സാധിക്കാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഡി) സേഫ് കേരള പദ്ധതിയിൽ പുതുതായി വന്ന എ.എം.വി.ഐ, എം.വി.ഐ, ആർ.ടി.ഒ. തസ്തികകൾ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഇ) സേഫ് കേരള വഴി നിയമിതമായ ഉദ്യോഗസ്ഥരെ ഓഫീസിലേക്ക് മാറ്റുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; ഇവരെ

ഓഫീസിലേക്ക് മാറ്റുമ്പോൾ ഒഴിവ് വരുന്ന തസ്തികയിലേക്ക് നിയമനം നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം വ്യക്തമാക്കാമോ; സേഫ് കേരള പദ്ധതിയിൽ എ.എം.വി.ഐ, എം.വി.ഐ, ആർ.ടി.ഒ. എന്നീ തസ്തികകളിൽ ആകെ എത്ര പേർ വീതം ജോലി ചെയ്യുന്നുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കാമോ?

**റോഡ് സുരക്ഷ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻ നടപടി**

3745 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾ കുറയ്ക്കുന്നതിനും റോഡ് സുരക്ഷ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും വേണ്ടി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; ഇതിനായി വിവിധ ഓഫീസുകളിൽ ബോധവൽകരണ ക്ലാസ്സുകൾ നടത്തുന്നുണ്ടോ; എങ്കിൽ ഓഫീസുകൾ തിരിച്ച് വ്യക്തമാക്കുമോ;

(ബി) റോഡപകടങ്ങൾ കുറയ്ക്കുന്നതിനുവേണ്ടി നടപ്പിലാക്കിയ സേഫ് കേരള പദ്ധതിയിൽ എത്ര ഡ്രൈവർമാർ ജോലി ചെയ്യുന്നുണ്ടെന്ന് അറിയിക്കാമോ;

(സി) 24 മണിക്കൂറും എൻഫോഴ്സ്മെന്റ് നടപടികൾ ഉറപ്പുവരുത്താൻ മതിയായ ഉദ്യോഗസ്ഥർ വകുപ്പിലില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് തുടർനടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) വാഹന ബാഹുല്യത്തിനനുസരിച്ച് മോട്ടോർ വാഹന വകുപ്പിൽ കൂടുതൽ ഓഫീസുകൾ തുടങ്ങുന്ന കാര്യം പരിഗണിക്കുമോ?

**ആർ.സി.ബുക്ക്, ഡ്രൈവിംഗ് ലൈസൻസ് എന്നിവ വിതരണം ചെയ്യുന്നതിലെ കാലതാമസം**

3746 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആർ.ടി ഓഫീസുകളിൽ നിന്നും ആർ.സി.ബുക്ക്, ഡ്രൈവിംഗ് ലൈസൻസ്, പേരുമാറ്റൽ സർട്ടിഫിക്കറ്റ് തുടങ്ങിയവ അപേക്ഷകർക്ക് നൽകുന്നതിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിനുള്ള കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത രേഖകൾ ലഭ്യമാക്കുന്നതിനായുള്ള കാലതാമസം ഒഴിവാക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ;

(സി) ആർ.സി.ബുക്ക്, ഡ്രൈവിംഗ് ലൈസൻസ്, ഉടമസ്ഥന്റെ പേരുമാറ്റൽ സർട്ടിഫിക്കറ്റുകൾ എന്നിവ വിതരണം ചെയ്യുന്നതിൽ നിലവിൽ എത്രമാസത്തെ കാലതാമസമാണ് നേരിടുന്നതെന്ന് വ്യക്തമാക്കാമോ?

**ആർ.സി. ബുക്ക്, ഡ്രൈവിംഗ് ലൈസൻസ് കാർഡുകൾ എന്നിവ വിതരണം ചെയ്യുന്നതിലെ കാലതാമസം**

3747 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആർ.ടി.ഒ.കളിൽ നിന്ന് ആർ.സി. ബുക്ക്, ഡ്രൈവിംഗ് ലൈസൻസ് കാർഡുകൾ എന്നിവ വിതരണം ചെയ്യുന്നതിലെ കാലതാമസം എപ്പോൾ

പരിഹരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**മോട്ടോർ വാഹന വകുപ്പിൽ കാസർഗോഡ് ജില്ലയിലെ തസ്തികകൾ**

3748 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ കാസർഗോഡ് ജില്ലയിൽ എത്ര തസ്തികകളുണ്ടെന്ന് ഓഫീസ് തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ തസ്തികകളിൽ ഏതെങ്കിലും ഒഴിഞ്ഞു കിടക്കുന്നുണ്ടോയെന്നും എങ്കിൽ എത്ര കാലമായി ഒഴിഞ്ഞു കിടക്കുന്നുവെന്നും വിശദമാക്കാമോ;

(സി) കാസർഗോഡ് ജില്ലയിൽ മോട്ടോർ വാഹന വകുപ്പിനു എത്ര ഓഫീസുകളുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിൽ സ്ഥലപരിമിതിയും മറ്റു അസൗകര്യങ്ങളും കാരണം ബുദ്ധിമുട്ടുന്ന ഓഫീസുകളുണ്ടോയെന്ന് വിശദമാക്കാമോ;

(ഇ) എങ്കിൽ ഏതെല്ലാം തരത്തിലുള്ള അസൗകര്യങ്ങളാണെന്ന് വിശദമാക്കാമോ; പരിഹാര മാർഗ്ഗങ്ങൾ ആലോചനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

**മോട്ടോർ വാഹന വകുപ്പിലെ ജി.പി.എസ്. കൺട്രോൾ റൂമുകൾ**

3749 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ എത്ര ചെക്ക് പോസ്റ്റുകൾ ഉണ്ടെന്നറിയിക്കാമോ; ഓരോ ചെക്ക് പോസ്റ്റുകളിലെയും ജീവനക്കാരുടെ എണ്ണം ഓഫീസ് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ; വകുപ്പിൽ നിലനിൽക്കുന്ന സ്റ്റാഫ് പാറ്റേൺ ഏതു വർഷമാണ് നിലവിൽ വന്നത് എന്നറിയിക്കാമോ;

(ബി) സ്ത്രീസുരക്ഷ മുൻ നിർത്തി നടപ്പിലാക്കിയ സുരക്ഷ മിത്ര, ജി. പി. എസ്. മോണിറ്ററിംഗ് സിസ്റ്റം എന്നിവ നിരീക്ഷിക്കാൻ വേണ്ടി എത്ര ജി.പി.എസ്. കൺട്രോൾ റൂമുകൾ ഉണ്ടെന്ന വിവരം ജില്ല തിരിച്ച് വ്യക്തമാക്കാമോ; അതിൽ ആകെ എത്ര ജീവനക്കാർ നിലവിൽ ജോലി ചെയ്യുന്നുണ്ടെന്നറിയിക്കാമോ;

(സി) കേരള മോട്ടോർ വാഹന വകുപ്പിൽ ആകെ എത്ര ജി.പി.എസ്. കൺട്രോൾ റൂമുകൾ ഉണ്ട്; അതിൽ ആകെ എത്ര ഉദ്യോഗസ്ഥർ നിലവിൽ ജോലി ചെയ്യുന്നുണ്ട്; വിശദമാക്കാമോ;

(ഡി) അസി. മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ പരീക്ഷയുടെ റാങ്ക് ലിസ്റ്റിൽ കൂടുതൽ ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് സർക്കാർ പി. എസ്. സി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

**മോട്ടോർ വാഹന വകുപ്പിലെ വിവിധ തസ്തികകൾ**

3750 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മോട്ടോർ വാഹന വകുപ്പിൽ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ തുടങ്ങിയ തസ്തികകളിൽ എത്ര ഒഴിവുകളുണ്ട്; എക്സിക്യൂട്ടീവ് വിഭാഗം ഉദ്യോഗസ്ഥരുടെ ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ബി) മോട്ടോർ വാഹനവകുപ്പിൽ എൻഫോഴ്സ്മെന്റ് ഓഫീസുകളിൽ മിനിസ്റ്റീരിയൽ ജീവനക്കാരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(സി) വകുപ്പിന്റെ വിവിധ ഓഫീസുകളിൽ ജോലി ചെയ്യുന്ന മിനിസ്റ്റീരിയൽ എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാരുടെ അധിക ജോലിഭാരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ഡി) മോട്ടോർ വാഹന വകുപ്പിൽ ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ തസ്തിക നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത തസ്തിക എത്രയെണ്ണമുണ്ടെന്നും അതിൽ എത്ര ഉദ്യോഗസ്ഥരുണ്ടെന്നും കാറ്റഗറി തിരിച്ച് വ്യക്തമാക്കുമോ;

(ഇ) ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്; ഇവിടെ ജോലി ചെയ്യുന്ന അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ എത്ര പേരുണ്ടെന്ന് അറിയിക്കാമോ;

(എഫ്) ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ ജോലി ചെയ്യുന്ന മിനിസ്റ്റീരിയൽ ജീവനക്കാർ എത്രയാണെന്ന് അറിയിക്കാമോ?

## മോട്ടോർ വാഹനവകുപ്പിലെ ഉദ്യോഗസ്ഥർ

3751 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹനവകുപ്പിൽ വിവിധ ആർ.ടി.ഒ., സബ് ആർ.ടി.ഒ., ഡി.ടി.സി., ടി.സി. ഓഫീസുകളിലെ എ.എം.വി.ഐ., എം.വി.ഐ., ജോയിന്റ് ആർ.ടി.ഒ., ആർ.ടി.ഒ., ഡി.ടി.സി., ജെ.ടി.സി. എന്നിവർ എത്രയാണെന്ന് ഓഫീസ് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള ആകെ വാഹനങ്ങളുടെ എണ്ണം എത്രയാണ്; രജിസ്റ്റർ ചെയ്ത വാഹനത്തിന് ആനുപാതികമായി വാഹനങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ ഉദ്യോഗസ്ഥർ നിലവിലുണ്ടോ; എങ്കിൽ ആകെ എത്ര ഉദ്യോഗസ്ഥർ എന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് മോട്ടോർ വാഹനവകുപ്പിന്റെ എത്ര ഓഫീസുകൾ പ്രവർത്തിക്കുന്നെന്നും എത്ര കൺട്രോൾ റൂമുകൾ ഉണ്ടെന്നും ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ഡി) മോട്ടോർ വാഹനവകുപ്പ് എൻഫോഴ്സ്മെന്റ് ആർ.ടി.ഒ., സബ് ആർ.ടി.ഒ. തുടങ്ങിയ വിവിധ ഓഫീസുകളിൽ പിഴയിനത്തിൽ സർക്കാരിന് ലഭിക്കാനുള്ള തുക എത്രയാണെന്ന് ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ഇ) സംസ്ഥാനത്ത് ഏതെല്ലാം താലൂക്കിൽ എം.വി.ഡി. ഓഫീസ് നിലവിലില്ലായെന്ന് വ്യക്തമാക്കാമോ?

## <u>സേഫ് കേരള എൻഫോഴ്സ്മെന്റ് സ്ക്വാഡ്</u>

3752 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സേഫ് കേരള എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ നിലവിൽ 24 മണിക്കൂർ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ എത്ര വീതം സ്ക്വാഡുകൾ ഉണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) സേഫ് കേരള എൻഫോഴ്സ്മെന്റ് സ്ക്വാഡിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് ജോലി ചെയ്യുന്നതിന് നൽകിയിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) സേഫ് കേരള എൻഫോഴ്സ്മെന്റ് സ്ക്വാഡ് ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗിക്കുന്നതു മൂലം എൻഫോഴ്സ്മെന്റിന്റെ പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ഡി) 2018 ൽ സേഫ് കേരള പദ്ധതി നടപ്പിലാക്കിയപ്പോൾ സ്ക്വാഡിൽ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ എത്ര വീതമാണ് ഉണ്ടായിരുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) സേഫ് കേരള പദ്ധതിയിലെ നിലവിലെ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, ആർ.റ്റി.ഒ. മാരുടെ എണ്ണം എത്രയെന്നും നിലവിൽ എത്ര സ്ക്വാഡുകൾ പ്രവത്തിക്കുന്നുണ്ടെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

## <u>കോട്ടയം ജില്ലയിലെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകൾ</u>

3753 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ എത്ര ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകളും എത്ര സ്പീഡ് ക്യാമറകളും സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ക്യാമറകൾ വഴി നാളിതുവരെ എത്ര നിയമലംഘനങ്ങൾ കണ്ടെത്തിയെന്നും എത്ര രൂപ പിഴയായി ഈടാക്കിയെന്നും വ്യക്തമാക്കുമോ?

## <u>പുകപരിശോധനാ കേന്ദ്രങ്ങൾ</u>

3754 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുക പരിശോധനാകേന്ദ്രങ്ങൾ പുതുതായി അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ, അപേക്ഷാരീതി, ലഭ്യമാക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ, രേഖകൾ എന്നിവ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പുതുതായി പുക പരിശോധനാകേന്ദ്രങ്ങൾ അനുവദിക്കുന്നതിന് പ്രസ്തുത കേന്ദ്രങ്ങൾ തമ്മിലുള്ള ദൂരപരിധി നിശ്ചയിച്ചിട്ടുണ്ടോ; ഏത് തീയതിയിലെ എത് ഉത്തരവ് പ്രകാരമാണ് അത്തരമൊരു നിബന്ധന ഏർപ്പെടുത്തിയതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഉത്തരവിന്റെയും ഉത്തരവിന് അടിസ്ഥാനമായ ഫയലിലെ കറണ്ട് ഫയൽ, കുറിപ്പ് ഫയൽ എന്നിവയുടെ എല്ലാ പേജിന്റെയും പകർപ്പ് ലഭ്യമാക്കാമോ;

(സി) വാഹനങ്ങൾ വർദ്ധിച്ചുവരുന്ന കേരളത്തിൽ സൗകര്യപ്രദമായി പുക പരിശോധന സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് കൂടുതൽ പരിശോധനാകേന്ദ്രങ്ങൾ ദൂരപരിധി നോക്കാതെ അനുവദിക്കാൻ നടപടി സ്വീകരിക്കാമോ?

## <u>സർക്കാർ വാഹനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കുന്നതിന് നടപടി</u>

3755 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനഞ്ച് വർഷം പൂർത്തിയായ സർക്കാർ വാഹനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കുന്നതിൽ തടസ്സങ്ങൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ; ഇത്തരം വാഹനങ്ങളുടെ കാര്യത്തിൽ എന്ത് നടപടിയാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) ഇത്തരം വാഹനങ്ങൾ ഏതെല്ലാം വകുപ്പുകളിൽ എത്ര വീതമുണ്ടെന്നും ഇതിൽ പുനരുപയോഗക്ഷമതയുള്ളവ എത്രയെണ്ണമുണ്ടെന്നും അറിയിക്കാമോ;

(സി) നടപ്പ് ബജറ്റിൽ പ്രഖ്യാപിച്ച സ്ക്രാപ്പ് നയത്തിന്റെ ഭാഗമായി ഇത്തരം വാഹനങ്ങൾ വിൽക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പുനരുപയോഗക്ഷമതയുള്ളവ കാലാവധിയെത്തുന്നതിന് മുമ്പ് ലേലം ചെയ്യാറുണ്ടോ; വിശദമാക്കുമോ?

## <u>ഹൈ സെക്യൂരിറ്റി രജിസ്ട്രേഷൻ പ്ലെയിറ്റ്</u>

3756 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹനങ്ങളിൽ ഹൈ സെക്യൂരിറ്റി രജിസ്ട്രേഷൻ പ്ലെയിറ്റ് (എച്ച്.എസ്.ആർ.പി.) ഘടിപ്പിക്കുന്നതിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകാമോ;

(ബി) ഇല്ലെങ്കിൽ അതിന്റെ കാരണങ്ങൾ എന്താണെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്ത് എച്ച്.എസ്.ആർ. പ്ലെയിറ്റുകൾ ഘടിപ്പിക്കേണ്ട വാഹനങ്ങളുടെ എണ്ണം എത്രയാണെന്നും ഇതിനുള്ള കേന്ദ്രങ്ങൾ എവിടെയെല്ലാമാണ് ഉള്ളതെന്നും ജില്ല തിരിച്ച് വിവരം ലഭ്യമാക്കാമോ;

(ഡി) എച്ച്.എസ്.ആർ. പ്ലെയിറ്റുകൾ ഘടിപ്പിക്കാൻ കൂടുതൽ കേന്ദ്രങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

## പരപ്പയിൽ ഓട്ടോമാറ്റിക് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷൻ ആരംഭിക്കാൻ നടപടി

3757 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളരിക്കുണ്ട് ആർ.ടി.ഒ.യുടെ പരിധിയിൽ വരുന്ന പരപ്പ എന്ന സ്ഥലത്ത് ഓട്ടോമാറ്റിക് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷൻ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) എങ്കിൽ മേൽ വിഷയത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത സ്റ്റേഷൻ സ്ഥാപിക്കാൻ കാലതാമസമുണ്ടാകുന്നതിന്റെ കാരണം വിശദമാക്കാമോ?

## ഡ്രൈവിംഗ് ലൈസൻസ് പരിഷ്കരണം

3758 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതിന് മോട്ടോർ വാഹന വകുപ്പിന് കീഴിൽ എത്ര കമ്പ്യൂട്ടറൈസ്ഡ് ഡ്രൈവിംഗ് ടെസ്റ്റ് ട്രാക്കുകളുണ്ടെന്ന് ജില്ല തിരിച്ച് വിവരം ലഭ്യമാക്കാമോ;

(ബി) സ്വകാര്യ മേഖലയിൽ എത്ര കമ്പ്യൂട്ടറൈസ്ഡ് ടെസ്റ്റ് ട്രാക്കുകളുണ്ടെന്ന് വിശദമാക്കുമോ?

## സാരഥി പോർട്ടൽ മുഖേന ലഭിക്കുന്ന സേവനങ്ങൾ

3759 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിന്റെ സാരഥി പോർട്ടൽ മുഖേന ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

## തേർഡ് പാർട്ടി ഇൻഷ്വറൻസ് പരിധിയിൽ യാത്രക്കാരെക്കൂടി ഉൾപ്പെടുത്തുന്നതിന് നടപടി

3760 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തേർഡ് പാർട്ടി ഇൻഷ്വറൻസ് മാത്രമുള്ള വാഹനങ്ങൾ നിയന്ത്രണം വിട്ട് ഇടിച്ചുണ്ടാകുന്ന അപകടങ്ങളിൽ വണ്ടിയിലുള്ള യാത്രക്കാർക്ക് പറ്റുന്ന പരിക്കിന് നഷ്ടപരിഹാരം നൽകാൻ തങ്ങൾക്ക് ബാധ്യതയില്ലെന്ന ഇൻഷ്വറൻസ് കമ്പനികളുടെ വാദം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം കേസുകളിൽ ഇൻഷ്വറൻസ് കമ്പനികൾ ബാധ്യത ഏറ്റെടുക്കാത്തത് മൂലം ആർ.സി ഉടമകളും ഡ്രൈവർമാരും പ്രതിസന്ധിയിലാവുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പുതിയ വാഹനങ്ങൾ എടുക്കുമ്പോൾ ആദ്യത്തെ വർഷം ഫുൾ കവർ ഇൻഷ്വറൻസും ശേഷമുള്ള നാല് വർഷക്കാലം തേർഡ് പാർട്ടി ഇൻഷ്വറൻസും എന്ന വ്യവസ്ഥയിൽ ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് നൽകുന്നത് മൂലം ആദ്യ വർഷത്തിന് ശേഷം ഫുൾ

കവർ ഇൻഷ്വറൻസ് തുടരുന്നതിൽ ഉടമകൾ ശ്രദ്ധ ചെലുത്താത്തത് വലിയ നഷ്ടത്തിന് ഇടയാക്കുന്നതായി ശ്രദ്ധിച്ചിട്ടുണ്ടോ;

(ഡി) തേർഡ് പാർട്ടി ഇൻഷ്വറൻസ് പരിധിയിൽ വണ്ടിയിലുള്ള യാത്രക്കാരെക്കൂടി ഉൾപ്പെടുത്തുന്നതിനുള്ള വ്യവസ്ഥ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ?

## എ. ഐ. ക്യാമറകൾ

3761 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എ. ഐ. ക്യാമറയുടെ പ്രവർത്തനഫലമായി കണ്ടെത്തുന്ന മുഴുവൻ ട്രാഫിക് കുറ്റകൃത്യങ്ങൾക്കും നടപടി സ്വീകരിച്ചു വരുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ബി) എ.ഐ. ക്യാമറ വഴി കണ്ടെത്തിയ നിയമലംഘനങ്ങൾ പരിശോധിക്കുന്നതിന് സാങ്കേതിക വിഭാഗം ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേരെയെന്ന് വെളിപ്പെടുത്താമോ;

(സി) മോട്ടോർ വാഹന വകുപ്പിന്റെ 14 കൺട്രോൾ റൂമുകളിലും എ. ഐ. ക്യാമറയുടെ പ്രവർത്തനങ്ങൾ മനസ്സിലാക്കി കുറ്റകൃത്യങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനുള്ള സംവിധാനങ്ങൾ ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കാമോ?

## മിലിട്ടറി കാന്റീനുകൾ മുഖാന്തിരം വാങ്ങുന്ന വാഹനങ്ങൾക്കുള്ള റോഡ് നികുതി

3762 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈനികർ/വിമുക്തഭടന്മാർ മിലിട്ടറി കാന്റീനുകൾ മുഖാന്തിരം വാങ്ങുന്ന വാഹനങ്ങൾക്ക് മിലിട്ടറി കാന്റീൻ ഇൻവോയ്സ് വിലയിൽ നിന്നും വ്യത്യസ്തമായി പൊതുമാർക്കറ്റിലെ വിലയ്ക്ക് ആനുപാതികമായി റോഡ് നികുതി ഈടാക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം വാഹനം വാങ്ങുന്ന വിലയ്ക്ക് ആനുപാതികമായി അല്ലാതെ ഉയർന്ന നിരക്കിൽ സൈനികർ/വിമുക്തഭടന്മാർ അടക്കേണ്ടിവരുന്ന റോഡ് നികുതി കുറയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ?

## ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റിനുള്ള പുതിയ വ്യവസ്ഥകൾ

3763 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റിന് പുതുതായി ഏർപ്പെടുത്തിയ വ്യവസ്ഥകൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

## എ.ഐ. ക്യാമറകൾ സ്ഥാപിക്കുന്നതിന് മുൻപും ശേഷവും നടന്ന അപകടങ്ങളും നിയമലംഘനങ്ങളും

3764 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗത നിയമലംഘനങ്ങൾ കണ്ടെത്തുന്നതിനായി എ.ഐ. സാങ്കേതിക വിദ്യയിലൂന്നിയ ക്യാമറകൾ സ്ഥാപിക്കുന്നതിന് എത്ര രൂപയാണ് സർക്കാർ ചെലവഴിച്ചത്; പദ്ധതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) ക്യാമറകൾ സ്ഥാപിക്കുന്നതിന് മുൻപും ശേഷവും നടന്ന അപകടങ്ങൾ, നിയമലംഘനങ്ങൾ എന്നിവ സംബന്ധിച്ച താരതമ്യ ഡേറ്റ ലഭ്യമാണോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇത്തരം ക്യാമറകൾ കൂടുതൽ സ്ഥലങ്ങളിൽ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## സ്ക്രാപ്പേജ് പോളിസി

3765 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ക്രാപ്പേജ് പോളിസി അനുസരിച്ച് പഴയ വാഹനം സ്ക്രാപ് ചെയ്ത് പുതിയത് വാങ്ങുന്ന ഉടമകൾക്ക് ലഭിക്കേണ്ട അഞ്ച് ശതമാനം റോഡ് നികുതി ഇളവ് ഇവർക്ക് ലഭിക്കുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള പരാതികൾക്ക് പരിഹാരം കാണുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

## ന്യൂനപക്ഷ അവകാശങ്ങൾ സംരക്ഷിക്കാൻ നടപടി

3766 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ന്യൂനപക്ഷ പദവി ഉള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അവരുടെ അവകാശങ്ങൾ ഹനിക്കുന്നതിനുള്ള ശ്രമങ്ങൾ കർശനമായി തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## ന്യൂനപക്ഷങ്ങൾക്കായുള്ള കേന്ദ്ര-സംസ്ഥാന ക്ഷേമ പദ്ധതികൾ

3767 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 ലെ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് വിവിധ ന്യൂനപക്ഷ ക്ഷേമ പദ്ധതികൾക്കായി വകയിരുത്തിയ തുക, അനുവദിച്ച തുക, ചെലവഴിച്ച തുക, ബാക്കിയായ തുക, ലാപ്സായ തുക എന്നിവ സംബന്ധിച്ച വിശദാംശം വർഷം തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ കേന്ദ്രസർക്കാരിൽ നിന്നും വിവിധ ന്യൂനപക്ഷ ക്ഷേമ പദ്ധതികൾക്കായി വകയിരുത്തിയ തുക, അനുവദിച്ച തുക, ചെലവഴിച്ച തുക,

ബാക്കിയായ തുക, ലാപ്സായ തുക എന്നിവ സംബന്ധിച്ച വിശദാംശം വർഷം തിരിച്ച് ലഭ്യമാക്കുമോ?

**<u>ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ ധനസഹായങ്ങളുടെ വിതരണം</u>**

3768 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന നൽകുന്ന വിവിധ ധനസഹായങ്ങളും ആനുകൂല്യങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ധനസഹായങ്ങളും ആനുകൂല്യങ്ങളും നിലവിൽ കുടിശികയുണ്ടോ; എങ്കിൽ ഓരോ ഇനത്തിലുമുള്ള കുടിശികയുടെ വിശദാംശവും എന്നുമുതലാണ് കുടിശിക വന്നിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) ന്യൂനപക്ഷ ക്ഷേമ വകുപ്പ് നൽകുന്ന ധനസഹായങ്ങളും ആനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിനായി മുൻ സർക്കാരിന്റെ കാലം മുതൽ ഓരോ സാമ്പത്തിക വർഷവും എത്ര തുക വകയിരുത്തിയെന്നും എത്ര തുക ചെലവഴിച്ചുവെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

**<u>കുറ്റ്യാടി മണ്ഡലത്തിൽ നിന്നും പി.എം.ജെ.വി.കെ. പദ്ധതിക്കായി ലഭിച്ച പ്രൊപ്പോസലുകൾ</u>**

3769 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജെ.വി.കെ. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി കുറ്റ്യാടി മണ്ഡലത്തിൽ നിന്നും ലഭിച്ച പ്രൊപ്പോസലുകൾ ഏതൊക്കെയെന്നും ഈ പ്രൊപ്പോസലുകളിൽ എന്തൊക്കെ തീരുമാനം കൈക്കൊണ്ടിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) പി.എം.ജെ.വി.കെ. പദ്ധതി സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയെന്ന് ഇതിനായി നിശ്ചയിച്ചിട്ടുള്ള സമയക്രമം സഹിതം വ്യക്തമാക്കാമോ?

**<u>പൂഞ്ഞാർ മണ്ഡലത്തിലെ ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ</u>**

3770 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമ വകുപ്പ് നേരിട്ടും കേന്ദ്രാവിഷ്കൃത പദ്ധതികൾ വഴിയും പൂഞ്ഞാർ മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുകയും പദ്ധതികളുടെ നിലവിലെ സ്ഥിതിയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

**<u>ഒറ്റപ്പാലം മണ്ഡലത്തിലെ കളിസ്ഥലങ്ങൾ</u>**

3771 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തെ ബഡ്ജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയിട്ടുള്ളതും കായിക വകുപ്പിന് നിർവ്വഹണ ചുമതലയുള്ളതുമായ ഒറ്റപ്പാലം മണ്ഡലത്തിലെ ലക്കിടി- പേരൂർ, അമ്പലപ്പാറ, തച്ചനാട്ടുകര എന്നീ പഞ്ചായത്തുകളിൽ കളിസ്ഥലം പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; ഈ പ്രവൃത്തികളുടെ എസ്റ്റിമേറ്റും ഡി.പി.ആറും തയ്യാറാക്കി ധനകാര്യ വകുപ്പിൽ സമർപ്പിക്കുന്നത് എന്നാണെന്ന് അറിയിക്കാമോ;

(സി) ഇതുവരെ ഡി.പി.ആർ. സമർപ്പിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

## പൂഞ്ഞാർ മണ്ഡലത്തിൽ കായിക വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

3772 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടപ്പിലാക്കിയതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഹെൽത്തി കിഡ്സ്, ഗോൾ എന്നീ പദ്ധതികൾ മണ്ഡലത്തിൽ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

## കൊല്ലം മണ്ഡലത്തിലെ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി

3773 **ശ്രീ എം മുകേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം നിയോജകമണ്ഡലത്തിലെ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുടെ നിർവ്വഹണ പുരോഗതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) കൊല്ലം ആശ്രാമം മൈതാനത്തിലെ വാക്‌വേയ്ക്ക് സമീപം ഓപ്പൺ ജിംനേഷ്യം സ്ഥാപിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിന് അനുമതി നൽകുമോ; വിശദാംശം ലഭ്യമാക്കുമോ?

## ചാവക്കാട് ബീച്ചിൽ ഓപ്പൺ ജിം

3774 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ഏതൊക്കെ സ്ഥലങ്ങളിൽ ടൂറിസം വകുപ്പുമായി ചേർന്ന് ഓപ്പൺ ജിം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) തൃശ്ശൂർ ജില്ലയിലെ ചാവക്കാട് ബീച്ചിൽ ടൂറിസം വകുപ്പുമായി ചേർന്ന് ഓപ്പൺ ജിം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഗുരുവായൂർ മണ്ഡലത്തിൽ കായികവകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

## വൈപ്പിൻ മണ്ഡലത്തിലെ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി

3775 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി ഞാറക്കൽ ഗ്രാമപഞ്ചായത്തിലെ ജയ്ഹിന്ദ് മൈതാനത്തിന്റെ നവീകരണത്തിന് ഭരണാനുമതി നൽകിയത് എന്നാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം എന്തെന്നും എന്തൊക്കെ നടപടികളാണ് പൂർത്തികരിക്കാനുള്ളതെന്നും വിശദമാക്കാമോ;

(സി) ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## തളിപ്പറമ്പ് മണ്ഡലത്തിൽ കായിക വകുപ്പിന്റെ പ്രവർത്തനങ്ങൾ

3776 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് മണ്ഡലത്തിൽ കായിക വകുപ്പ് നടപ്പാക്കിവരുന്ന പദ്ധതികൾ വിശദമാക്കാമോ; ഓരോ പ്രവൃത്തിയുടേയും പുരോഗതി അറിയിക്കാമോ;

(ബി) ഈ സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ തുക വകയിരുത്തിയ ഷീ ടർഫിന് ഭരണാനുമതി ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## പട്ടാമ്പി മണ്ഡലത്തിലെ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി

3777 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ഭാഗമായി പട്ടാമ്പി മണ്ഡലത്തിൽ അനുവദിച്ച സ്റ്റേഡിയത്തിന്റെ വിശദാംശവും പ്രവർത്തന പുരോഗതിയും അറിയിക്കുമോ?

## പഞ്ചായത്ത്-മുനിസിപ്പാലികളിൽ കളിസ്ഥലങ്ങൾ

3778 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലികളിലും ജനങ്ങൾക്ക് ഒത്തു കൂടുന്നതിനും ലഘുവ്യായാമം ചെയ്യുന്നതിനും ആവശ്യമായ കളിസ്ഥലങ്ങൾ ഉണ്ടാക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്ന് വിശദമാക്കാമോ; ഇല്ലെങ്കിൽ ഇവ ആരംഭിക്കുന്നതിനു പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി സംസ്ഥാനത്ത് എല്ലാ പഞ്ചായത്തിലും നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ പദ്ധതിയുടെ പ്രവർത്തന പുരോഗതി അറിയിക്കുമോ?

## കൊല്ലം ജില്ലയിൽ കായിക വകുപ്പിന്റെ പ്രവർത്തനങ്ങൾ

3779 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊല്ലം ജില്ലയിൽ കായിക വകുപ്പ് പ്ലാൻ, നോൺ പ്ലാൻ , കിഫ്ബി എന്നീ ഫണ്ടുകൾ വിനിയോഗിച്ച് നടപ്പിലാക്കിയ വിവിധ പദ്ധതികളും പ്രവർത്തനങ്ങളും ഏതെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ?

**<u>ഉടുമ്പൻചോല മണ്ഡലത്തിലെ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി</u>**

3780 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിലെ ഇരട്ടയാർ ഗ്രാമപഞ്ചായത്തിൽ അനുവദിച്ച ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതിയുടെ പ്രവർത്തന പുരോഗതിയുടെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തി നിർമ്മാണം ആരംഭിക്കാവുന്ന ഘട്ടത്തിലാണോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് ആകെ എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളതെന്നും എന്തൊക്കെ പ്രവൃത്തികളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും വിശദമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസി ഏതാണെന്ന് അറിയിക്കാമോ?

**<u>അരൂർ മണ്ഡലത്തിൽ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി</u>**

3781 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി അരൂർ മണ്ഡലത്തിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചു എന്ന് വിശദമാക്കാമോ?

**<u>ഓപ്പൺ ജിം</u>**

3782 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം കായിക വകുപ്പിന്റെ സഹായത്താൽ എവിടെയെല്ലാം ഓപ്പൺ ജിമ്മുകൾ അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഇവിടെയെല്ലാം എന്തെല്ലാം സൗകര്യങ്ങളും ഉപകരണങ്ങളും ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) തിരുവമ്പാടി മണ്ഡലത്തിലെ മുക്കം നഗരസഭയിൽ ഒരു ഓപ്പൺ ജിം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>മട്ടന്നൂർ മണ്ഡലത്തിലെ ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി</u>**

3783 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം

മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം എന്ന പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ഇതുവരെ എത്ര കളിസ്ഥലങ്ങൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) മട്ടന്നൂർ മണ്ഡലത്തിൽ ഇതിന്റെ ഭാഗമായി പുതിയ കളിസ്ഥലങ്ങൾ നിർമ്മിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

## കായിക രംഗത്തെ അടിസ്ഥാന സൗകര്യങ്ങൾ

3784 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനങ്ങളെ കായിക രംഗത്തേക്ക് ആകർഷിക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികളുടെ നിലവിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് കായിക രംഗത്തെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്;

(സി) യുവജനങ്ങൾക്കിടയിൽ ജീവിതശൈലീ രോഗങ്ങളെ നിയന്ത്രിക്കുന്നതിൽ വ്യായാമത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് വേണ്ട അവബോധം സൃഷ്ടിക്കുന്നതിനും വ്യായാമം ചെയ്യുന്നതിനായുള്ള സൗകര്യം ഒരുക്കുന്നതിനും എന്തെല്ലാം പ്രവർത്തനങ്ങളാണ് ചെയ്തുവരുന്നത്; വിശദമാക്കുമോ?

## തിരുവനന്തപുരം ജില്ലയിൽ ഒരു പഞ്ചായത്ത് ഒരു കളിസ്ഥലം പദ്ധതി

3785 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ഒരു പഞ്ചായത്ത് ഒരു കളിസ്ഥലം പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര കളിസ്ഥലം നിർമ്മിക്കുന്നതിന് ഭരണാനുമതി നല്കിയിട്ടുണ്ടെന്നും അവ ഏതെല്ലാം സ്ഥലങ്ങളിലെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

## മണലൂർ മണ്ഡലത്തിലെ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി

3786 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി കളിക്കള നിർമ്മാണത്തിന് ഭരണാനുമതി നൽകിയിരിക്കുന്നത്;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

## ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി

3787 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം മണ്ഡലങ്ങളിലാണ് ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര പദ്ധതികളുടെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ സ്പോർട്സ് ഡയറക്ടറേറ്റിന് നേരിട്ട് നടത്താനുള്ള സംവിധാനമില്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ചെയ്യുന്നതിനുള്ള അനുമതി നൽകുമോ; വിശദാംശം ലഭ്യമാക്കാമോ?

## പേരാമ്പ്ര മണ്ഡലത്തിലെ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി

3788 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ എത്ര പഞ്ചായത്തുകളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലേയ്ക്ക് പേരാമ്പ്ര മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളെ പരിഗണിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) കളിസ്ഥലം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പേരാമ്പ്ര മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളിൽ നിന്നും അപേക്ഷകൾ ലഭിച്ചുവെന്നും പ്രസ്തുത അപേക്ഷകളിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വിശദമാക്കാമോ?

## മാവേലിക്കര മണ്ഡലത്തിലെ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി

3789 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തിയുടെ നിർമ്മാണ നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ അടിയന്തരമായി ആരംഭിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) മണ്ഡലത്തിൽ തെക്കേക്കര ഗ്രാമപഞ്ചായത്തിലെ കുറത്തികാടിൽ സ്ഥാപിച്ച ഫിറ്റ്നെസ്സ് സെന്റർ പ്രവർത്തന സജ്ജമായിട്ടുണ്ടോ; എങ്കിൽ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## ഫുട്ബോൾ പരിശീലനം

3790 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായിക വകുപ്പ് ഡയറക്ടറേറ്റിന് കീഴിൽ എവിടെയെല്ലാമാണ് ഫുട്ബോൾ പരിശീലനം നടത്തിവരുന്നതെന്ന് അറിയിക്കുമോ;

(ബി) സ്പോർട്സ് സ്കൂളിലെ ഫുട്ബോൾ പരിശീലനം ഏതെങ്കിലും ഏജൻസിയെ ഏൽപ്പിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ അതിന്റെ എം.ഒ.യു.

ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) നിലവിൽ ഏതെല്ലാം സ്പോർട്സ് സ്കൂളുകളിൽ ഫുട്ബോൾ പരിശീലനം കേരള ബ്ലാസ്റ്റേഴ്സ് മുഖേന നിർവഹിക്കപ്പെടുന്നുണ്ടെന്ന് വിശദമാക്കാമോ; ഇല്ലെങ്കിൽ ഇതിനായി മറ്റേതെങ്കിലും സംവിധാനം ഒരുക്കിയിട്ടുണ്ടോ;

(ഡി) സ്പോർട്സ് സ്കൂളിലെ ഫുട്ബോൾ പരിശീലനം കേരള ബ്ലാസ്റ്റേഴ്സിനെ ഏൽപ്പിക്കാനുള്ള സാഹചര്യം വ്യക്തമാക്കുമോ;

(ഇ) കേരള ബ്ലാസ്റ്റേഴ്സുമായുള്ള സാമ്പത്തികം ഉൾപ്പെടെയുള്ള കരാർ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

## കോളേജ് തലത്തിൽ പ്രൊഫഷണൽ ലീഗ്

3791 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായികവിനോദങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കോളേജ് തലത്തിൽ പ്രൊഫഷണൽ ലീഗ് നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഏതെല്ലാം കായികയിനങ്ങളാണ് പ്രൊഫഷണൽ ലീഗിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ളത് എന്നറിയിക്കാമോ?

## കായിക വളർച്ച ലക്ഷ്യമിട്ട് നടപ്പാക്കിയ പദ്ധതികൾ

3792 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം സംസ്ഥാനത്തെ കായിക വളർച്ച ലക്ഷ്യമിട്ട് നടപ്പാക്കിയ പദ്ധതികളും അവയ്ക്കായി മുടക്കിയ തുകയുടെയും വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഗ്രാമീണ മേഖലയിലെ കളിക്കളങ്ങളുടെ വികസനത്തിന് നടപ്പാക്കിയ പദ്ധതി പ്രകാരം പുതുതായി സൃഷ്ടിക്കപ്പെട്ട സ്റ്റേഡിയങ്ങളുടെയും മറ്റ് കളിസ്ഥലങ്ങളുടെയും വിശദാംശം ലഭ്യമാക്കാമോ;

(സി) കായിക മേഖലയിലെ താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി പ്രകാരം എത്ര പേർക്ക് ഈ സർക്കാരിന്റെ കാലത്ത് ജോലി ലഭിച്ചിട്ടുണ്ടെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ?

## കായിക മേഖലയുടെ അടിസ്ഥാന സൗകര്യ വികസനം

3793 **ശ്രീ. പി. വി. അൻവർ**
**ഡോ. സുജിത് വിജയൻപിള്ള**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക മേഖലയുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി കിഫ്ബി ഫണ്ടും, പ്ലാൻ ഫണ്ടും ഉപയോഗിച്ച് എന്തെല്ലാം പ്രവൃത്തികളാണ് ഇപ്പോൾ നടന്നുവരുന്നത്;

(ബി) നിലവിൽ ഓരോ പ്രവൃത്തിയും ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകാമോ;

(സി) സംസ്ഥാനത്ത് കായിക വകുപ്പിന്റെ എല്ലാ സ്ഥാപനങ്ങൾക്കുമായി പ്രത്യേക കേന്ദ്രം നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ?

**<u>പഞ്ചായത്ത് സ്പോർട്ട്സ് കൗൺസിലുകളുടെ പ്രവർത്തനം</u>**

3794 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് സ്പോർട്ട്സ് കൗൺസിലുകളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പഞ്ചായത്ത് സ്പോർട്ട്സ് കൗൺസിലുകൾ എത്ര പഞ്ചായത്തുകളിൽ നിലവിൽ വന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പഞ്ചായത്ത് സ്പോർട്ട്സ് കൗൺസിലുകളുടെ പ്രവർത്തനത്തിനും പഞ്ചായത്തുകളിലെ സ്പോർട്ട്സ് വികസനത്തിനും എത്ര തുകയാണ് പഞ്ചായത്തുകളിൽ വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**<u>സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ</u>**

3795 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക സംസ്കാരം വളർത്തിയെടുക്കുന്നതിനും ആരോഗ്യകരമായ ജീവിതം പ്രോത്സാഹിപ്പിക്കുന്നതിനും സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ജില്ല തിരിച്ച് വിശദമാക്കുമോ?

**<u>കേരള ഹോക്കി സംഘടനയിലെ സാമ്പത്തിക ക്രമക്കേടുകൾ</u>**

3796 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2008-09 മുതൽ 2013-14 വരെ ഹോക്കി ഇന്ത്യയുമായി അഫിലിയേഷൻ ഉണ്ടായിരുന്ന ഹോക്കി കേരള എന്ന സംഘടനയുടെ ഭാരവാഹികൾ പ്രസ്തുത കാലയളവിൽ ഹോക്കി ഇന്ത്യ ഗ്രാന്റിനത്തിൽ നൽകിയ തുകയുടെ വരവ് ചെലവുകൾ കാണിക്കാതെ സാമ്പത്തിക ക്രമക്കേടുകൾ നടത്തിയതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തിയതിനെത്തുടർന്ന് ഹോക്കി കേരളയെ ഹോക്കി ഇന്ത്യയുടെ അംഗത്വത്തിൽ നിന്നും പുറത്താക്കിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; 2014ൽ കേരള ഹോക്കി എന്ന പേരിൽ മറ്റൊരു കായിക സംഘടന സ്പോർട്സ് കൗൺസിലിന്റെ അംഗീകാരത്തോടെ രൂപീകരിച്ചിട്ടുണ്ടോയെന്നും എങ്കിൽ പ്രസ്തുത സംഘടനയുടെ ആദ്യ ഭാരവാഹികൾ ആരൊക്കെയായിരുന്നുവെന്നും പ്രസ്തുത ഭാരവാഹികളെ തെരഞ്ഞെടുത്ത നടപടിക്രമം എന്തായിരുന്നുവെന്നും സംഘടനയുടെ ബൈലോയുടെ പകർപ്പും ലഭ്യമാക്കുമോ;

(സി) കേരള ഹോക്കിയുടെ പ്രസിഡന്റ് രാജിവെച്ചതിനെ തുടർന്ന് 2017ൽ പുതിയ പ്രസിഡൻറിനെയും ജനറൽ സെക്രട്ടറിയെയും ട്രഷററേയും തെരഞ്ഞെടുത്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തെരഞ്ഞെടുപ്പിനായി സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെയാണ്; തെരഞ്ഞെടുപ്പ് സംബന്ധിച്ച് ബൈലോയിൽ വ്യക്തമാക്കിയിട്ടുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ്; ബൈലോയിലെ വ്യവസ്ഥകൾ പൂർണമായും പാലിച്ചാണോ തെരഞ്ഞെടുപ്പ് നടത്തിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ;

(ഡി) 2.10.2016 ന നടന്ന കേരള ഹോക്കിയുടെ വാർഷിക ജനറൽ ബോഡി യോഗത്തിൽ എത്ര ബൈലോ ഭേദഗതികൾ ആണ് പാസാക്കിയതെന്നും അവ എന്തൊക്കെയെന്നും ബൈലോ ഭേദഗതി ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ എല്ലാം പാലിച്ചാണോ അവ പാസാക്കിയതെന്നും എങ്കിൽ എന്തൊക്കെ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ; നടപടിക്രമങ്ങൾ പാലിക്കാതെയുള്ള ബൈലോ ഭേദഗതി റദ്ദാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) കേരള സ്പോർട്സ് ആക്റ്റിലെ വകുപ്പ് 31A(3) പ്രകാരം അംഗീകാരം റദ്ദാക്കപ്പെട്ട ഒരു കായിക സംഘടനയുടെ ഭാരവാഹിക്ക് സ്പോർട്സ് കൗൺസിൽ അംഗീകാരം ഉള്ള മറ്റൊരു കായിക സംഘടനയുടെ ഭാരവാഹി ആകുന്നതിന് വിലക്കുണ്ടോ; വിശദമാക്കുമോ; എങ്കിൽ 2014ൽ അംഗീകാരം റദ്ദാക്കപ്പെട്ട ഹോക്കി കേരള എന്ന സംഘടനയുടെ ഭാരവാഹി ആയിരുന്ന വ്യക്തി നിലവിൽ കേരള ഹോക്കിയുടെ പ്രസിഡണ്ടായി പ്രവർത്തിക്കുന്നത് നിയമവിരുദ്ധമായതിനാൽ പ്രസ്തുത വ്യക്തിയെ തൽസ്ഥാനത്തുനിന്നും അടിയന്തരമായി പുറത്താക്കുന്നതിനും കേരള ഹോക്കി എന്ന സംഘടനയുടെ അംഗീകാരം റദ്ദാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(എഫ്) കേരള ഹോക്കിക്കെതിരായ പരാതികൾ സംബന്ധിച്ച് ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തുവാനായി സ്പോർട്സ് കൗൺസിൽ നിയമിച്ച കമ്മിറ്റി അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; റിപ്പോർട്ടിലെ പ്രധാനപ്പെട്ട കണ്ടെത്തലുകൾ എന്തൊക്കെയാണ്; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ജി) റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലെങ്കിൽ ആയതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ; പ്രഥമദൃഷ്ട്യ നിയമലംഘനം നടന്നിട്ടുണ്ടെങ്കിൽ ഇക്കാര്യത്തിൽ അടിയന്തരമായി റിപ്പോർട്ട് സമർപ്പിച്ച് തുടർനടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>ജി. വി. രാജ സ്കൂളിലെ ഫുട്ബോൾ പരിശീലനം</u>

3797 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മൈലം ജി.വി. രാജ സ്പോർട്സ് സ്കൂളിലെ ഫുട്ബോൾ പരിശീലനം കേരള ബ്ലാസ്റ്റേഴ്സിനെ ഏൽപ്പിക്കാനുള്ള സാഹചര്യം വ്യക്തമാക്കുമോ;

(ബി) കേരള ബ്ലാസ്റ്റേഴ്സുമായി സാമ്പത്തികം ഉൾപ്പെടെയുള്ള കരാർ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ;

(സി) നിലവിൽ ജീ.വി.രാജയിലെ ഫുട്ബോൾ പരിശീലനം കേരള ബ്ലാസ്റ്റേഴ്സ് മുഖേന തന്നെയാണോ നിർവഹിക്കപ്പെടുന്നത്; അല്ലെങ്കിൽ അതിനായി മറ്റേതെങ്കിലും സംവിധാനം ഒരുക്കിയിട്ടുണ്ടോ;

(ഡി) കേരള ബ്ലാസ്റ്റേഴ്സ് നടത്തിവന്നിരുന്ന ഫുട്ബോൾ പരിശീലനം ഫലപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ഇ) മൈലം ജി. വി. രാജ സ്പോർട്സ് സ്കൂളിലെ ഫുട്ബോൾ പരിശീലനം മറ്റേതെങ്കിലും ഏജൻസിയെ ഏൽപ്പിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച എം.ഒ.യു. ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കുമോ;

(എഫ്) കായിക വകുപ്പ് ഡയറക്ടറേറ്റിന് കീഴിൽ മറ്റെവിടെയെല്ലാമാണ് ഫുട്ബോൾ പരിശീലനം നടത്തിവരുന്നതെന്ന് അറിയിക്കുമോ?

<u>**കോഴിക്കോട് ആർട്സ് ആന്റ് സയൻസ് കോളേജിൽ സ്പോർട്സ് കോംപ്ലക്സ്**</u>

3798 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ആർട്സ് ആന്റ് സയൻസ് കോളേജിൽ സ്പോർട്സ് കോംപ്ലക്സ് നിർമ്മാണത്തിനാവശ്യമായ തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

<u>**പൊന്മള സ്റ്റേഡിയം നിർമ്മാണം**</u>

3799 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിൽ പൊന്മള പഞ്ചായത്തിന്റെ കൈവശമുള്ള സ്ഥലത്ത് സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; എങ്കിൽ അതിന്മേൽ കായിക വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്ലാൻ ഫണ്ടിലോ മറ്റ് ഏതെങ്കിലും പദ്ധതിയിലോ ഉൾപ്പെടുത്തി മതിയായ തുക വകയിരുത്തി പ്രസ്തുത സ്റ്റേഡിയം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>**കോട്ടക്കൽ ഇൻഡോർ സ്റ്റേഡിയം നിർമ്മാണം**</u>

3800 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിൽ കോട്ടക്കൽ നഗരസഭ പരിധിയിൽ പകുതിയോളം പണി പൂർത്തികരിച്ച ഇൻഡോർ സ്റ്റേഡിയത്തിന്റെ തുടർ നിർമ്മാണം സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ഏറ്റെടുത്ത് പൂർത്തീകരിക്കണമെന്ന പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

<u>**പൂഞ്ഞാർ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിൽ ട്രാക്ക് ആന്റ് ഫീൽഡ് നിർമ്മാണം**</u>

3801 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ പൂഞ്ഞാർ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിൽ നിലവിലുള്ള കളിസ്ഥലം വിപുലീകരിച്ച് ഒരു സ്റ്റാൻഡേർഡ് ട്രാക്ക് ആന്റ് ഫീൽഡ് നിമ്മിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ചു വരുന്ന നടപടികളുടെ വിശദാംശം നൽകുമോ;

(ബി) ഖേലോ ഇന്ത്യ പദ്ധതിയിലോ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കളിസ്ഥലം നവീകരിക്കുന്ന പദ്ധതിയിലോ ഉൾപ്പെടുത്തി പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

## മലമ്പുഴ മണ്ഡലത്തിലെ മരുതറോഡ് ടി.എച്ച്.എസ്. സ്കൂൾ ഗ്രൗണ്ട് നവീകരണം

3802 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 3 കോടി രൂപ വകയിരുത്തിയ മലമ്പുഴ മണ്ഡലത്തിലെ മരുതറോഡ് ടി.എച്ച്.എസ്. സ്കൂൾ ഗ്രൗണ്ട് നവീകരണ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കുവാൻ വിഭാവനം ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ?

## ഗ്രാമീണ സ്റ്റേഡിയങ്ങൾ, വ്യായാമ പരിശീലന കേന്ദ്രങ്ങൾ എന്നിവയുടെ നിർമ്മാണം

3803 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക വകുപ്പിൽ എത്ര ഗ്രാമീണ സ്റ്റേഡിയങ്ങൾ, വ്യായാമ പരിശീലന കേന്ദ്രങ്ങൾ എന്നിവ നിർമ്മിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) സർക്കാർ ധനസഹായത്തോടൊപ്പം തദ്ദേശഭരണ സ്ഥാപനങ്ങളുടെയും എം.എൽ.എ./എം.പി. ഫണ്ടുകളും കൂടി ഉപയോഗിച്ച് പ്രാദേശിക വ്യായാമ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## പാലാ മുനിസിപ്പൽ സ്റ്റേഡിയം ഗാലറി നിർമ്മാണം

3804 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ മുനിസിപ്പൽ സ്റ്റേഡിയത്തിന്റെ വിപുലീകരണത്തിന്റെ ഭാഗമായി ഗാലറി നിർമ്മാണത്തിന് തുക അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഗാലറി നിർമ്മാണത്തിനായി തുക അനുവദിച്ച് കൂടുതൽ സ്പോർട്സ് മത്സരങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## നിലമ്പൂർ മാനവേദൻ സ്കൂളിലെ മിനി സ്റ്റേഡിയം കോംപ്ലക്സ്

3805 **ശ്രീ. പി. വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മാനവേദൻ സ്കൂളിലെ മിനി സ്റ്റേഡിയം കോംപ്ലക്സ് പദ്ധതിയുടെ മേൽനോട്ടത്തിനായി സംയുക്ത മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; ഇതിനായി നടത്തിയ നടപടികൾ വിശദമാക്കാമോ; ആരാണ് സംയുക്ത മാനേജ്മെന്റ് കമ്മറ്റി രൂപീകരിച്ച് ഉത്തരവിറക്കേണ്ടതെന്നും അറിയിക്കാമോ;

(ബി) നിലമ്പൂർ മിനി സ്റ്റേഡിയം കോംപ്ലക്സ് എന്ന പദ്ധതിയുടെ പരിപാലന, നടത്തിപ്പ് ചുമതലകൾ സംയുക്ത മാനേജ്മെന്റ് കമ്മിറ്റിക്കായിരിക്കുമോ എന്നറിയിക്കാമോ; പുൽമൈതാനം സംരക്ഷിക്കുന്നതിന് പ്രതിവർഷം എത്ര രൂപ ചെലവ് വരുമെന്നും ആയതിനുള്ള തുക എങ്ങനെ കണ്ടെത്തുമെന്നും വ്യക്തമാക്കാമോ;

(സി) സംയുക്ത മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കുന്നതിനായി വിവിധ സർക്കാർ സംവിധാനങ്ങളുടെ പ്രതിനിധികളെ ആവശ്യപ്പെട്ട് ഗവ. മാനവേദൻ സ്കൂളിന്റെ ഹെഡ്മാസ്റ്റർ ബന്ധപ്പെട്ടവർക്ക് കത്തുകളയച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഏതെല്ലാം സർക്കാർ സംവിധാനങ്ങളാണ് പ്രതിനിധികളെ രേഖാമൂലം അറിയിച്ചിട്ടുള്ളതെന്നും ആരെയൊക്കെയാണ് പ്രതിനിധികളാക്കണമെന്ന് അറിയിച്ചിട്ടുള്ളതെന്നും അവരുടെ പേരുവിവരങ്ങളും വിശദമാക്കാമോ; ആകെ എത്ര അംഗങ്ങളാണ് മാനേജ്മെന്റ് കമ്മിറ്റിയിൽ ഉണ്ടായിരിക്കുകയെന്നും സ്കൂളിന്റെ പ്രതിനിധികളായി ആരൊക്കെ ഉണ്ടായിരിക്കുമെന്നും വ്യക്തമാക്കാമോ;

(ഇ) കൃത്യമായ രീതിയിൽ പരിപാലനം ഇല്ലാത്തതിനാൽ നിലമ്പൂർ മിനി സ്റ്റേഡിയം കോംപ്ലക്സിലെ പലയിടങ്ങളും നശിച്ചു കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; പ്രസ്തുത സ്റ്റേഡിയം കോംപ്ലക്സിന്റെ നടത്തിപ്പിനായുള്ള സംയുകത മാനേജ്മെന്റ് കമ്മിറ്റി എന്നത്തേക്ക് രൂപീകരിക്കാനാവുമെന്നും ഇനിയുള്ള നടപടികളെന്തെല്ലാമെന്നും അറിയിക്കാമോ;

(എഫ്) അടിയന്തരമായി കമ്മിറ്റി രൂപീകരിച്ച് പ്രസ്തുത സ്റ്റേഡിയം സംരക്ഷിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുമോ?

## കോതമംഗലം മണ്ഡലത്തിലെ പല്ലാരിമംഗലം സ്റ്റേഡിയം നിർമ്മാണം

3806 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ പല്ലാരിമംഗലം സ്റ്റേഡിയം നിർമ്മാണം അനന്തമായി നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും ഇനി പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്റ്റേഡിയം നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## ബാലുശ്ശേരി ഗ്രാമ പഞ്ചായത്ത് സ്റ്റേഡിയം നവീകരണം

3807 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം,

കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി ഗ്രാമ പഞ്ചായത്തിലെ പഞ്ചായത്ത് സ്റ്റേഡിയം നവീകരിക്കുന്ന പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഓപ്പൺ സ്റ്റേഡിയം നവീകരിക്കുന്നതിനായി എന്തെല്ലാം പ്രവൃത്തികളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്; പ്രസ്തുത പ്രവൃത്തി എപ്പോൾ തുടങ്ങാൻ കഴിയുമെന്നാണ് കരുതുന്നത്; വിശദമാക്കാമോ?

## <u>പയ്യന്നൂർ മൾട്ടിപർപ്പസ് സ്റ്റേഡിയം നിർമ്മാണം</u>

3808 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മൾട്ടിപർപ്പസ് സ്റ്റേഡിയം നിർമ്മാണം നിർത്തിവെക്കാൻ ഉണ്ടായ സാഹചര്യം വിശദമാക്കാമോ; പദ്ധതി പുനരാരംഭിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് പദ്ധതിയുടെ നിർവ്വഹണം സമയബന്ധിതമായി നടത്തുന്നതിൽ എസ്.പി.വി. ആയ കിറ്റ്കോയുടെ ഭാഗത്ത് നിന്നുണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രവൃത്തി പുനരാരംഭിക്കാൻ കിഫ്ബിയും കിറ്റ്കോയും മുൻകൈ എടുക്കാത്ത സാഹചര്യത്തിൽ പ്രശ്നങ്ങൾ പരിഹരിച്ച് പദ്ധതി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>ഇരിമ്പിളിയം സ്റ്റേഡിയം നിർമ്മാണം</u>

3809 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിൽ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കാനുദ്ദേശിക്കുന്ന ഇരിമ്പിളിയം സ്റ്റേഡിയത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ടോട്ടൽ സ്റ്റേഷൻ സർവേ പൂർത്തിയായിട്ടുണ്ടോയെന്നും പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി സംബന്ധിച്ച് സ്പോർട്ട്സ് കേരള ഫൗണ്ടേഷൻ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; സ്റ്റേഡിയത്തിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## <u>ഒറ്റപ്പാലം മണ്ഡലത്തിലെ മുന്നൂർക്കോട് ഹൈസ്കൂൾ ഗ്രൗണ്ട് നവീകരണം</u>

3810 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 വർഷത്തെ ബഡ്ജറ്റിൽ 20% തുക വകയിരുത്തിയിട്ടുള്ള ഒറ്റപ്പാലം മണ്ഡലത്തിലെ മുന്നൂർക്കോട് ഹൈസ്കൂൾ ഗ്രൗണ്ട് നവീകരണം എന്ന പ്രവൃത്തിയുടെ

എസ്റ്റിമേറ്റും ഡി.പി.ആർ- ഉം തയ്യാറാക്കി ഭരണാനുമതിക്കായി ധനകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് സമർപ്പിക്കും; വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

**<u>സ്റ്റേഡിയങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനം</u>**

3811 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക വകുപ്പിന്റെ മേൽനോട്ടത്തിൽ നിർമ്മിച്ച സ്റ്റേഡിയങ്ങൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) കാസർഗോഡ് ജില്ലയിലെ നീലേശ്വരം ഇ.എം.എസ്. സ്റ്റേഡിയം കാര്യക്ഷമമായി നടത്തിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

**<u>സ്പോർട്സ് ക്വാട്ട നിയമനങ്ങൾ</u>**

3812 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 ലെ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സ്പോർട്സ് ക്വാട്ട നിയമനങ്ങൾക്കായുള്ള എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ടെന്നും അറിയിക്കുമോ;

(ബി) സ്പോർട്സ് ക്വാട്ട നിയമനങ്ങൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) സ്പോർട്സ് ക്വാട്ട നിയമനങ്ങൾ വൈകിപ്പിക്കുന്നത് രാജ്യത്തിനും സംസ്ഥാനത്തിനും വേണ്ടി അഭിമാനകരമായ നേട്ടങ്ങൾ കൈവരിച്ച കായികതാരങ്ങളോടുള്ള അനാദരവായതിനാൽ ഈ കാര്യത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**<u>സ്പോർട്സ് ക്വാട്ടയിൽ നൽകിയ നിയമനങ്ങൾ</u>**

3813 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 ലെ സർക്കാരിന്റെ കാലയളവിലും ഈ സർക്കാരിന്റെ കാലയളവിലും സ്പോർട്സ് ക്വാട്ടയിൽ എത്ര കായിക താരങ്ങൾക്ക് നിയമനം നല്കിയിട്ടുണ്ടെന്ന വിശദാംശം നൽകാമോ?

**<u>വഖഫ് ബോർഡ് നടപ്പാക്കുന്ന ക്ഷേമ പദ്ധതികൾ</u>**

3814 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വഖഫ് ബോർഡ് മുഖാന്തിരം നടപ്പാക്കുന്ന ക്ഷേമ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) 2023-24 വർഷം പ്രസ്തുത പദ്ധതികൾ പ്രകാരം എത്ര ഗുണഭോക്താക്കൾക്ക് എത്ര രൂപ ധനസഹായം അനുവദിച്ചു എന്ന് വ്യക്തമാക്കുമോ?

## ഹജ്ജ് തീർത്ഥാടകർക്കുള്ള സൗകര്യങ്ങൾ

3815 **ശ്രീ. സി. ആർ. മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു നിന്നുള്ള ഹജ്ജ് തീർത്ഥാടകർക്ക് എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് നിന്നും ഹജ്ജ് കർമ്മങ്ങൾക്കായി ഈ വർഷവും കഴിഞ്ഞവർഷവും പോയ തീർത്ഥാടകരുടെ എണ്ണം വ്യക്തമാക്കുമോ;

(സി) ഹജ്ജ് കർമ്മവുമായി ബന്ധപ്പെട്ട യാത്രാ രേഖകളും മറ്റും സുഗമമായി ലഭിക്കുന്നതിന് തീർത്ഥാടകരെ സഹായിക്കുന്നതിന് വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ?

## തിരുവെങ്കിടം റെയിൽവേ അടിപ്പാത

3816 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ തിരുവെങ്കിടം റയിൽവേ അടിപ്പാത നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

## കൊല്ലം പുള്ളിക്കട കോളനി നിവാസികളുടെ പുനരധിവാസം

3817 **ശ്രീ എം മുകേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുള്ളിക്കട കോളനി നിവാസികളുടെ പുനരധിവാസത്തിനായി റെയിൽവേയുടെ ഉടമസ്ഥതയിലുള്ള ഭൂമി കൊല്ലം കോർപ്പറേഷന് നൽകുന്നതിന് റെയിൽവേയുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ഊർജ്ജിത നടപടി സ്വീകരിക്കുന്നതിന് തയ്യാറാകുമോ; വിശദാംശം ലഭ്യമാക്കുമോ?

## തിരുവനന്തപുരം- ചെങ്കോട്ട റെയിൽവേ ലൈൻ

3818 **ശ്രീമതി സി. കെ. ആശ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ. പി. ബാലചന്ദ്രൻ**
**ശ്രീ. വാഴൂർ സോമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാകുന്നതോടെ ചരക്ക് നീക്കം സുഗമമാക്കുന്നതിനായി പുതിയ റെയിൽവേ ലൈനുകൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) തമിഴ്നാടുമായുള്ള ചരക്ക് നീക്കം സുഗമമാക്കുന്നതിനായി തിരുവനന്തപുരം-ചെങ്കോട്ട റെയിൽവേ ലൈൻ യാഥാർത്ഥ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്ത് റെയിൽവേ ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തത് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

## അങ്കമാലി- ശബരി റെയിൽ പാത

3819 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി-ശബരി റെയിൽ പാതയുടെ പകുതി ചെലവ് കിഫ്ബി വഴി നിർവഹിക്കാം എന്ന് സമ്മതിച്ച് സംസ്ഥാന സർക്കാർ 2021-ൽ കേന്ദ്രത്തിന് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത ഉറപ്പിൽ നിന്നും സംസ്ഥാന സർക്കാർ നിലവിൽ പിന്മാറിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) ശബരി റെയിൽ പദ്ധതിയുടെ പകുതി തുക മുടക്കാൻ സമ്മതപത്രം നൽകണമെന്ന് കേന്ദ്രം നിർദേശിച്ചിട്ടുണ്ടോ; കിഫ്ബിയിൽ നിന്ന് നിലവിൽ ഇതിന് ഫണ്ട് കണ്ടെത്തുവാൻ കഴിയാത്ത സാഹചര്യം ആണോ ഉള്ളതെന്ന് വ്യക്തമാക്കുമോ; എങ്കിൽ ഏതു രീതിയിൽ ഫണ്ട് കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാന സർക്കാർ വിഹിതം നൽകാത്തതിനാൽ പദ്ധതി പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കാത്ത സാഹചര്യം നിലവിലുണ്ടോ; സംസ്ഥാന സർക്കാർ വിഹിതത്തിന്റെ കാര്യത്തിൽ ഉടനെ തീരുമാനം ഉണ്ടാകാത്തപക്ഷം മലയോര മേഖലയ്ക്ക് പ്രയോജനകരമായ പ്രസ്തുത പദ്ധതി ഉപേക്ഷിക്കപ്പെടാനുള്ള സാധ്യത ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം പ്രസ്തുത പദ്ധതിക്ക് ആകെ ചെലവ് എത്ര കോടി രൂപയാണെന്നാണ് കണക്കാക്കിയിട്ടുള്ളത്; ഇതിൽ എത്ര കോടി രൂപയാണ് സംസ്ഥാനം നൽകേണ്ടതെന്നും നാളിതുവരെ ഈ പദ്ധതിക്കായി കേന്ദ്രസർക്കാർ ചെലവഴിച്ചിട്ടുള്ള തുകയെത്രയെന്നും ഏതൊക്കെ ഇനത്തിലാണ് ചെലവഴിച്ചതെന്നുമുള്ള വിശദാംശം നൽകാമോ?

## തലശ്ശേരി-മൈസൂർ, നിലമ്പൂർ-നഞ്ചങ്കോട് റെയിൽവേ ലൈനുകൾ

3820 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. പി. വി. അൻവർ**
**ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാനപ്പെട്ട റെയിൽവേ പദ്ധതികളായ തലശ്ശേരി-മൈസൂർ, നിലമ്പൂർ-നഞ്ചങ്കോട് റെയിൽവേ ലൈനുകൾ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള പ്രവൃത്തികൾ നിലവിൽ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

## എറണാകുളം കുറ്റിപ്പുറം തീരദേശ റെയിൽവേ പാത

3821 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ റെയിൽവേ പാതയുമായി ബന്ധപ്പെട്ട എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; വിശദമാക്കുമോ;

(ബി) ചരിത്രപ്രസിദ്ധമായ സ്ഥലങ്ങളുമായി ബന്ധപ്പെട്ട് കിടക്കുന്നതും കൊടുങ്ങല്ലൂർ നിവാസികൾക്ക് വളരെ പ്രയോജനകരവുമായ എറണാകുളം കുറ്റിപ്പുറം തീരദേശ റെയിൽവേ പാത നടപ്പിലാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) ഇതിനായി കേന്ദ്ര സർക്കാരിൽ ആവശ്യമായ സമ്മർദ്ദം ചെലുത്തുമോ;?

## ഇൻഷ്വറൻസ് പരിരക്ഷ ഇല്ലാതിരുന്ന കർഷകർക്ക് നഷ്ടപരിഹാരം

3822 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉരുക്കൾ, കോഴി, താറാവ് എന്നിവ ചത്തു പോയതിൽ ഇൻഷ്വറൻസ് പരിരക്ഷ ഇല്ലാതിരുന്ന എത്ര കർഷകർക്ക് മുൻ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കാലയളവിൽ നഷ്ടപരിഹാരം നല്കിയിട്ടുണ്ടെന്നും ആയതിനു ചെലവായ തുക എത്രയെന്നും വിശദമാക്കാമോ?

## ഉദുമ മണ്ഡലത്തിലെ ആട് ഫാം നിർമ്മാണ പ്രവൃത്തി

3823 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ മണ്ഡലത്തിൽ നിർമ്മാണ പ്രവൃത്തി ആരംഭിച്ച ആട് ഫാമിന്റെ നിലിവിലെ സ്ഥിതി എന്താണ്; വിശദമാക്കാമോ;

(ബി) പ്രസ്തുത ഫാമുമായി ബന്ധപ്പെട്ട് എന്തൊക്കെ നിർമ്മാണ പ്രവൃത്തികളാണ് ഇതുവരെ നടന്നിട്ടുള്ളത്; വിശദാംശം നൽകുമോ;

(സി) പ്രസ്തുത ആട് ഫാം എന്നു മുതൽ പൂർണ്ണമായ തോതിൽ പ്രവർത്തന സജ്ജമാകും; വ്യക്തമാക്കാമോ?

## പോത്തിൻ കിടാരി വിതരണ പദ്ധതി

3824 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മണ്ഡലത്തിലെ ഓണാട്ടുകര വികസന ഏജൻസി വഴി നടപ്പിലാക്കിയ പോത്തിൻ കിടാരി വിതരണ പദ്ധതി പ്രകാരം എത്ര പേർക്ക് പോത്തിൻ കിടാരികളെ ലഭിച്ചു; പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത പദ്ധതി നിർത്തലാക്കിയിട്ടുണ്ടോ ; എങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; പദ്ധതി പുനരാരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ?

## മൃഗസംരക്ഷണ വകുപ്പിന്റെ വിവിധ സഹായങ്ങൾ

3825 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പ് മുഖേന നൽകുന്ന വിവിധ ധനസഹായങ്ങൾ, ആനുകൂല്യങ്ങൾ എന്നിവ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ധനസഹായങ്ങളും ആനുകൂല്യങ്ങളും വിതരണം ചെയ്യാൻ നിലവിൽ കുടിശികയുണ്ടോ; എങ്കിൽ ഓരോ ഇനത്തിലും ഉള്ള കുടിശികയുടെ വിശദാംശങ്ങളും എന്നുമുതലാണ് കുടിശികയുള്ളതെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനായി കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ ഓരോ സാമ്പത്തിക വർഷവും വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും വ്യക്തമാക്കുമോ?

## കാലിത്തീറ്റയ്ക്ക് സബ്സിഡി

3826 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലിത്തീറ്റയുടെ ലഭ്യത ഉറപ്പുവരുത്താനായി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) കാലിത്തീറ്റയ്ക്കും മറ്റ് അനുബന്ധ വസ്തുക്കൾക്കും സബ്സിഡി നൽകാൻ നടപടി സ്വീകരിക്കുമോ?

## ഏറനാട് മണ്ഡലത്തിലെ മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള പദ്ധതികൾ

3827 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഏറനാട് മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പിന് കീഴിൽ ആരംഭിച്ച പദ്ധതികൾ, നടപ്പ് സാമ്പത്തിക വർഷം പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്നിവ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദാംശം ലഭ്യമാക്കാമോ;

(സി) മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനായി എത്ര തുകയാണ് നടപ്പ് വർഷം ബഡ്ജറ്റ് വിഹിതമായി നീക്കി വെച്ചിട്ടുള്ളതെന്നും ഏതെല്ലാം ബജറ്റ് ശീർഷകങ്ങളിലാണ് പ്രസ്തുത തുക നീക്കിവെച്ചിട്ടുള്ളതെന്നും അറിയിക്കുമോ;

(ഡി) ഏറനാട് മണ്ഡലത്തിനായി ഈ സർക്കാർ വന്നത് മുതൽ നാളിതുവരെയായി എത്ര തുകയാണ് ബഡ്ജറ്റ് വിഹിതമായി വിവിധ പദ്ധതികൾക്കായി നീക്കിവെച്ചത്; വിശദാംശം വെളിപ്പെടുത്തുമോ?

## കുന്നത്തുനാട് മണ്ഡലത്തിലെ മൃഗസംരക്ഷണ/ക്ഷീരവികസന പദ്ധതികൾ

3828 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ വകുപ്പുകളുടെ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കാമോ;

(ബി) അവ ഓരോന്നിന്റെയും പ്രവർത്തന പുരോഗതിയും വിശദാംശവും വ്യക്തമാക്കാമോ?

## <u>ഗോരക്ഷാ സുരക്ഷ ഇൻഷ്വറൻസ് പദ്ധതി</u>

3829 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോരക്ഷാ സുരക്ഷ ഇൻഷ്വറൻസ് പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി എല്ലാ ജില്ലകളിലും നടപ്പാക്കിയിട്ടുണ്ടോ; എത്ര മൃഗങ്ങളെയാണ് ഇതിനകം ഇൻഷ്വർ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി മുഖേന കർഷകർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത പദ്ധതിക്ക് കേന്ദ്രസർക്കാർ സഹായം ലഭ്യമായിട്ടുണ്ടോയെന്നറിയിക്കാമോ?

## <u>പക്ഷിപ്പനി വ്യാപനം തടയാൻ നടപടി</u>

3830 **ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീമതി ഒ എസ് അംബിക**
**ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ പ്രദേശങ്ങളിലാണ് അടുത്ത കാലത്ത് പക്ഷിപ്പനി സ്ഥിരീകരിച്ചിട്ടുള്ളത്; ഓരോ പ്രദേശത്തും എത്രമാത്രം നഷ്ടങ്ങളുണ്ടായിട്ടുണ്ട്; വിശദമാക്കാമോ;

(ബി) പക്ഷിപ്പനി വ്യാപനം തടയുന്നതിനായി സ്വീകരിച്ചുവരുന്ന നടപടി വിശദമാക്കാമോ;

(സി) പക്ഷിപ്പനിമൂലം കർഷകർക്കുണ്ടായ നഷ്ടം നികത്തുന്നതിലേയ്ക്കായി സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

## <u>സ്കൂൾ പൗൾട്രി ക്ലബ് പദ്ധതി</u>

3831 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ /എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്ക് കോഴിക്കുഞ്ഞുങ്ങളും തീറ്റയും വിതരണം ചെയ്യുന്ന സ്കൂൾ പൗൾട്രി ക്ലബ് പദ്ധതി പ്രകാരം 2016-21 കാലയളവിലും നിലവിലെ സർക്കാരിന്റെ കാലയളവിലും എത്ര കുട്ടികൾക്ക് കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

## ഇറച്ചിക്കോഴിയുടെ വില നിയന്ത്രണം

3832 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിപണിയിൽ ഇറച്ചിക്കോഴിയുടെ വില ക്രമാതീതമായി വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിപണിയിൽ ഇടപെട്ട് ഇറച്ചിക്കോഴിയുടെ വില നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ;

(സി) കോഴിക്കർഷകരിൽ ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് കുടുംബശ്രീ യൂണിറ്റുകളുടെ സേവനം പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നല്കുമോ?

## വടക്കാഞ്ചേരി മണ്ഡലത്തിലെ മൃഗാശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനം

3833 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22, 2022-23, 2023-24 വർഷങ്ങളിൽ വടക്കാഞ്ചേരി മണ്ഡലത്തിലെ മൃഗാശുപത്രികളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി ആവിഷ്കരിച്ച പദ്ധതികൾ, അനുവദിച്ച തുക, പദ്ധതികളുടെ പുരോഗതി എന്നിവയെക്കുറിച്ചുള്ള വിശദാംശം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

## ആലത്തൂർ വെറ്ററിനറി പോളി ക്ലിനിക്ക് വഴി വിതരണം ചെയ്ത വെറ്ററിനറി മരുന്നുകൾ

3834 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ വെറ്ററിനറി പോളി ക്ലിനിക്കിൽ കഴിഞ്ഞ സാമ്പത്തിക വർഷം ആകെ എത്ര രൂപയുടെ വെറ്ററിനറി മരുന്നുകൾ വിതരണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ ഒ.പി. വിഭാഗത്തിൽ ദൈനംദിനം എത്ര കേസുകൾ ശരാശരി എത്തുന്നുണ്ട്; അറിയിക്കാമോ;

(സി) വെറ്ററിനറി മരുന്ന് ഏറ്റവും കൂടുതൽ ആവശ്യമായി വരുന്നത് ഏത് വിഭാഗത്തിൽപ്പെട്ട മൃഗങ്ങൾക്കാണെന്ന് വ്യക്തമാക്കാമോ?

## മണലൂർ മണ്ഡലത്തിലെ വെറ്റിനറി ഡിസ്പെൻസറി,ആശുപത്രി എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വിവരങ്ങൾ

3835 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വെറ്ററിനറി ഡിസ്പെൻസറികൾ, ആശുപത്രികൾ എന്നിവയിലെ ഡോക്ടർമാർ, മറ്റ് ജീവനക്കാർ എന്നിവരുടെ വിശദാംശം സ്ഥാപനങ്ങൾ തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ ജീവനക്കാരുടെ ഒഴിവ് നിലവിലുണ്ടോ; വിശദാംശം നൽകാമോ?

## ഗുരുവായൂർ മണ്ഡലത്തിലെ മൃഗസംരക്ഷണ - ക്ഷീരവികസന പദ്ധതികൾ

3836 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ മൃഗസംരക്ഷണ - ക്ഷീരവികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ വെറ്ററിനറി പോളി ക്ലിനിക് സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## മൃഗചികിത്സാ സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപടി

3837 **ശ്രീ പി എസ് സുപാൽ**
**ശ്രീമതി സി. കെ. ആശ**
**ശ്രീ. പി. ബാലചന്ദ്രൻ**
**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് മൃഗചികിത്സാ സേവനങ്ങൾ ആയാസരഹിതമായി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) മൃഗാശുപത്രികളുടെ പ്രവർത്തന സമയത്തിന് ശേഷം മൃഗങ്ങൾക്കുണ്ടാകുന്ന അസുഖങ്ങൾ മൂലം കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) നിലവിൽ മൃഗാശുപത്രി സേവനങ്ങൾ കർഷകർക്ക് പ്രയോജനകരമായ രീതിയിൽ ഓൺലൈനായി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) മൃഗസംരക്ഷണവകുപ്പ് നടപ്പിലാക്കുന്ന മൃഗചികിത്സാ സേവനങ്ങളെക്കുറിച്ച് കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## വെറ്ററിനറി ആശുപത്രികളുടെ പുതിയ കെട്ടിട നിർമ്മാണം

3838 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കറുകച്ചാൽ, നെടുങ്കുന്നം വെറ്ററിനറി ആശുപത്രികളുടെ പുതിയ കെട്ടിട നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഇതിനായി ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോയെന്നും തുക എത്രയാണെന്നും അറിയിക്കാമോ; ഇല്ലെങ്കിൽ എന്താണ് തടസ്സമെന്നും എന്നത്തേക്ക് അനുമതി നല്കാനാകുമെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത ആശുപത്രികൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് അടിയന്തരമായി അനുമതി നല്കാമോ?

## തീറ്റപ്പുൽ കൃഷി

3839 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്നും എത്ര ഹെക്ടറിൽ തീറ്റപ്പുൽ കൃഷി നടപ്പാക്കി വരുന്നുവെന്നും വ്യക്തമാക്കാമോ?

## പുനലൂർ മണ്ഡലത്തിൽ മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പ് പദ്ധതികളുടെ വിശദാംശം

3840 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിൽ മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ്, വിവിധ വിഭാഗങ്ങളുടെ കീഴിൽ കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ അനുവദിച്ചതും, എന്നാൽ 2021 മാർച്ചിനു മുൻപ് പൂർത്തിയാക്കാൻ കഴിയാതിരുന്നതുമായ വിവിധ പ്രവൃത്തികളുടെ/പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; അനുവദിച്ച പ്രവൃത്തികളിൽ /പദ്ധതികളിൽ നടപ്പിലായ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത മണ്ഡലത്തിൽ മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് വിവിധ വിഭാഗങ്ങളുടെ കീഴിൽ നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ച വിവിധ പ്രവൃത്തികളുടെ/പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ പേരും, അനുവദിച്ച തുകയും, പദ്ധതി നിർവഹണ ഏജൻസിയുടെ വിവരങ്ങളും ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തിയാക്കിയിട്ടുള്ളതും നടന്നുവരുന്നതുമായ പ്രവൃത്തികളുടെ വിശദാംശവും, നിലവിലെ സ്ഥിതിയും ലഭ്യമാക്കാമോ; നടന്നുവരുന്നവ എപ്പോഴേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ;

(ഡി) മൃഗ സംരക്ഷണ-ക്ഷീരവികസന വകുപ്പ് പ്രസ്തുത മണ്ഡലത്തിൽ പുതുതായി നടപ്പാക്കാനുദ്ദേശിയ്ക്കുന്ന പ്രവൃത്തികൾ/പദ്ധതികൾ ഉണ്ടെങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കാമോ ?

## ഇറച്ചിക്കോഴി, പാൽ ഉല്പന്നങ്ങൾ, പക്ഷി മൃഗാദികൾ ഇവയുടെ ഗുണനിലവാര പരിശോധന

3841 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടു വരുന്ന ഇറച്ചിക്കോഴി, പാൽ ഉല്പന്നങ്ങൾ, പക്ഷി മൃഗാദികൾ എന്നിവ അതിർത്തിയിൽ കുറ്റമറ്റ രീതിയിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുവാൻ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സംവിധാനങ്ങൾ വിപുലീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## വനയോരമേഖലയിലെ ക്ഷീര കൃഷി പ്രതിസന്ധി പരിഹരിക്കാൻ പ്രത്യേക സഹായം

3842 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. സി. ആർ. മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടുമൃഗങ്ങളുടെ ശല്യം മൂലം വനയോരമേഖലയിലെ ക്ഷീര കൃഷി പ്രതിസന്ധിയിലാണ് എന്നത് വസ്തുതയാണോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) കാട്ടുമൃഗങ്ങളുടെ ആക്രമണം മൂലം വളർത്തുമൃഗങ്ങൾക്ക് മരണം സംഭവിച്ചാൽ കൃഷി വകുപ്പ് നഷ്ടപരിഹാരം നൽകുന്നുണ്ടോയെന്നറിയിക്കുമോ;

(സി) വനയോരമേഖലയിലെ ക്ഷീര കർഷകർക്ക് കൃഷി നടത്താൻ പ്രത്യേക സഹായം ലഭ്യമാക്കുമോ; വിശദമാക്കുമോ?

## കാലിത്തീറ്റ ഉൽപാദനത്തിൽ സ്വയം പര്യാപ്തത

3843 **ശ്രീ. എ. കെ. എം. അഷ്‌റഫ്**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കന്നുകാലി കർഷകരുടെ ആവശ്യത്തിനു വേണ്ട കാലിത്തീറ്റ സംസ്ഥാനത്തു തന്നെ ഉല്പാദിപ്പിക്കാൻ കഴിയുന്നുണ്ടോ;

(ബി) കാലിത്തീറ്റ ഉല്പാദനത്തിൽ സ്വയം പര്യാപ്തത നേടുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ;

(സി) മറ്റു സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## ക്ഷീരമേഖലയിലെ നൂതന ആശയങ്ങൾ

3844 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. ആന്റണി ജോൺ**
**ശ്രീമതി ദെലീമ**
**ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരമേഖലയിലെ നൂതന ആശയങ്ങളും സാങ്കേതിക വിവരങ്ങളും കർഷകരിലേക്ക് എത്തിക്കുന്നതിനായി സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ക്ഷീര സംഘങ്ങളുടെ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിനായി സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

## ക്ഷീര കർഷകർക്കുള്ള ഇൻഷ്വറൻസ് പദ്ധതി

3845 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷീര കർഷകർക്കുള്ള ഇൻഷ്വറൻസ് പദ്ധതി പ്രകാരം എത്ര രൂപയുടെ കവറേജ് ആണ് ഉറപ്പാക്കുന്നത്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ നിലവിൽ ഇതുവരെ എത്ര കർഷകർ അംഗങ്ങളായിട്ടുണ്ട്; വ്യക്തമാക്കാമോ?

## ഇൻഷ്വറൻസ് പരിരക്ഷ ഇല്ലാത്ത ക്ഷീരകർഷകർക്കുള്ള ധനസഹായം

3846 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രസവത്തോടനുബന്ധിച്ചോ മറ്റു രോഗങ്ങളാലോ കന്നുകാലികൾക്ക് മരണം സംഭവിക്കാനിടയായാൽ ഇൻഷ്യൂറൻസ് പരിരക്ഷ ഇല്ലാത്തതിനാൽ മറ്റൊരു പശുവിനെ വാങ്ങാൻ കഴിയാതെ ദുരിതം അനുഭവിക്കുന്ന ക്ഷീര കർഷകരുടെ പ്രയാസങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; അറിയിക്കാമോ;

(ബി) കന്നുകാലി ഉടമകളായ ഇത്തരം കർഷകർക്ക് മൃഗസംരക്ഷണവകുപ്പിന്റെ 1374/2014 നമ്പർ ഉത്തരവ് പ്രകാരമുള്ള ധനസഹായത്തിന് അർഹതയുണ്ടോ; വിശദാംശം നൽകാമോ ;

(സി) ഇല്ലെങ്കിൽ പ്രയാസങ്ങൾ കണക്കിലെടുത്തത് പ്രസ്തുത കന്നുകാലി ഉടമകൾക്കും ക്ഷീര കർഷകരുടെ ഗണത്തിൽ പെടുത്തി മൃഗസംരക്ഷണവകുപ്പിന്റെ കണ്ടിജൻസി ഫണ്ടിൽ നിന്നുമുള്ള ധനസഹായം അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

## വാമനപുരം മണ്ഡലത്തിലെ ക്ഷീരഗ്രാമം പദ്ധതി

3847 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ പുല്ലമ്പാറ ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയ ക്ഷീരഗ്രാമം പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര പേർക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്നും നാളിതുവരെ ചെലവ് ചെയ്ത തുക എത്രയാണെന്നും അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതി ഏതെല്ലാം സ്ഥലങ്ങളിലാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ സുതാര്യവും കാര്യക്ഷമവുമാക്കാൻ നടപടി

3848 **ശ്രീ. എം. എം. മണി**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് ഒരുക്കിയിട്ടുള്ള ക്രമീകരണങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ;

(ബി) ക്ഷീരമേഖലയിലെ നൂതന ആശയങ്ങളും സാങ്കേതിക വിവരങ്ങളും കർഷകർക്ക് കൈമാറുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്; വിശദാംശം നൽകാമോ?

## ക്ഷീരകർഷകർക്കുള്ള വിവിധ ധനസഹായങ്ങളും ആനുകൂല്യങ്ങളും

3849 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷകർക്ക് ക്ഷീരവികസന വകുപ്പ് മുഖേന നൽകുന്ന വിവിധ ധനസഹായങ്ങൾ, ആനുകൂല്യങ്ങൾ എന്നിവ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ധനസഹായങ്ങളും ആനുകൂല്യങ്ങളും നിലവിൽ വിതരണം ചെയ്യാൻ കുടിശ്ശികയുണ്ടോ; എങ്കിൽ ഓരോ ഇനത്തിലുമുള്ള കുടിശ്ശികയുടെ വിശദാംശവും എന്നുമുതലാണ് കുടിശ്ശിക വന്നിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(സി) ക്ഷീരവികസന വകുപ്പ് നൽകുന്ന ധനസഹായങ്ങളും ആനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിനായി മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെയുള്ള ഓരോ സാമ്പത്തിക വർഷവും എത്ര തുക വകയിരുത്തി എന്നും എത്ര തുക ചെലവഴിച്ചു എന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

## പശുക്കളെ ഇൻഷ്വർ ചെയ്യാനുള്ള പദ്ധതികൾ

3850 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര കർഷകർക്ക് സഹായകരമായ രീതിയിൽ കേരളത്തിലെ മുഴുവൻ പശുക്കളേയും ഇൻഷ്വർ ചെയ്യാനുള്ള പദ്ധതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

## ക്ഷീരമേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ നടപടി

3851 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടുത്ത വേനൽച്ചൂടിൽ പാലുൽപ്പാദനം കുറഞ്ഞതും പച്ചപ്പുല്ലിന്റെ ക്ഷാമവും കാരണം ക്ഷീര മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ നടത്തിയ ഇടപെടലുകൾ വിശദമാക്കുമോ;

(ബി) പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ക്ഷീരകർഷകർക്ക് പ്രത്യേക ഇൻസെന്റീവ് അടക്കമുള്ള ആനുകൂല്യങ്ങൾ നൽകാൻ തയ്യാറാകുമോ; വിശദമാക്കുമോ?

## ക്ഷീരകർഷകർക്ക് പരിശീലനം

3852 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ വിവിധ പദ്ധതികൾ ഉപയോഗിച്ച് ഇതരസംസ്ഥാനത്ത് നിന്നും വാങ്ങുന്ന കിടാരികളുടേയും കറവപ്പശുക്കളുടേയും ആരോഗ്യ നിലവാരം ഉറപ്പാക്കുന്നതിന് സംവിധാനം ഇല്ലാത്തതിനാൽ സർക്കാർ തലത്തിൽ ഗുണനിലവാരമുള്ള കിടാരികളെയും കറവപ്പശുക്കളെയും വാങ്ങിക്കൊടുക്കുന്നതിനുള്ള വിദഗ്ധ സമിതിയെ നിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) പ്രാദേശിക ക്ഷീര സംഘങ്ങളിലെ അംഗങ്ങൾക്ക് ഗുണനിലവാരമുള്ളതും ചെലവ് കുറഞ്ഞതുമായ കാലിത്തീറ്റ ഉല്പാദിപ്പിക്കുന്നതിനും പാല് ഉപയോഗിച്ചുകൊണ്ടുള്ള മൂല്യ വർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണരീതി എന്നിവ പരിശീലിപ്പിക്കുന്നതിനും നിലവിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അവ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ഇൻഷ്വറൻസ് പദ്ധതിയുടെ ഉടമസ്ഥാവകാശം കാലാവധി തീരുന്നതിന് മുമ്പ് മാറ്റുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കേണ്ടതെന്ന് വ്യക്തമാക്കാമോ?

## ക്ഷീര കർഷകർക്കുള്ള സഹായം

3853 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷീര കർഷകർക്ക് പാലുല്പാദനക്ഷമത കൂടിയ പശുക്കളെ എത്തിച്ചു നല്കുന്നതിന് എന്തെല്ലാം സഹായമാണ് നല്കി വരുന്നതെന്ന് വിശദമാക്കാമോ?

## കാലിത്തീറ്റ സബ്സിഡി

3854 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര കർഷകർക്ക് 50 kg കാലിത്തീറ്റയുടെ ചാക്ക് ഒന്നിന് എത്ര രൂപയാണ് സബ്സിഡിയായി നൽകുന്നത്; വ്യക്തമാക്കാമോ?

## ക്ഷീര കർഷകർക്ക് ഇൻസെന്റീവ്

3855 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീമതി കെ. കെ. രമ**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പാലിന് വില വർദ്ധിപ്പിച്ചാലും ഇടനിലക്കാർക്ക് മാത്രമേ ആനുകൂല്യം ലഭിക്കുന്നുള്ളുവെന്ന കർഷകരുടെ പരാതി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതു

പരിഹരിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(സി) പ്രസ്തുത പരാതി പരിഹരിക്കുന്നതിനായി കർഷകർ ആവശ്യപ്പെടുന്ന നിരക്കിൽ ഇൻസെന്റീവ് നൽകാൻ തയ്യാറാകുമോ?

## ക്ഷീര സാന്ത്വന ഇൻഷ്വറൻസ്

3856 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ- ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീര കർഷകർക്കായി ക്ഷീര സാന്ത്വന ഇൻഷ്വറൻസ് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ ഇൻഷ്വറൻസ് പ്രീമിയം ആരാണ് അടയ്ക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇൻഷ്വറൻസ് തുക ക്ഷീര കർഷകന് താങ്ങാവുന്നതിനും അപ്പുറമായതിനാൽ കർഷക ഇൻഷ്വറൻസിനൊപ്പം മൃഗങ്ങൾക്കു വേണ്ടിയുള്ള ഇൻഷ്വറൻസ് പ്രീമിയം കൂടി സർക്കാർ അടയ്ക്കുവാൻ തയ്യാറാകുമോ; വിശദമാക്കുമോ?

## വന്യമൃഗ ശല്യം രൂക്ഷമാകുന്ന മേഖലകളിലെ ക്ഷീര കൃഷി

3857 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. സജീവ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ- ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർ ഉപജീവനത്തിന് ആശ്രയിക്കുന്ന ക്ഷീരമേഖല കടുത്ത പ്രതിസന്ധി നേരിടുകയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വന്യമൃഗ ആക്രമണത്തെ തുടർന്ന് വയനാട് സന്ദർശിച്ച മന്ത്രിതല സംഘം വന്യമൃഗ ശല്യം രൂക്ഷമാകുന്ന മേഖലകളിൽ ക്ഷീരകൃഷി നിർത്തലാക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശം വകുപ്പിന് ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത വിഷയത്തിന്മേൽ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടി

3858 **ശ്രീ. റോജി എം. ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ- ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡയറി എക്സ്റ്റൻഷൻ സർവ്വീസ് യൂണിറ്റ് കൂത്ത്പറമ്പ് നിന്നും ഡയറി എക്സ്റ്റൻഷൻ ഓഫീസറായി 31.01.2014 ൽ വിരമിച്ച പരേതനായ സ്കറിയ ടി.യു വിന്റെ തടഞ്ഞ് വച്ചിരിക്കുന്ന ഗ്രാറ്റുവിറ്റി വിഹിതവും, പൂർണ്ണതോതിലുള്ള കുടുംബ പെൻഷനും ഭാര്യയായ ശ്രീമതി. സൂസമ്മയ്ക്ക് നാളിതുവരെയായി ക്ഷീരവികസന ഡയറക്ടർ അനുവദിച്ച് നൽകാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) ജീവനക്കാരൻ പെൻഷനായി പത്ത് വർഷവും, മരണപ്പെട്ടിട്ട് 7 വർഷവുമായിട്ടും പെൻഷനർക്കും, കുടുംബത്തിനും അർഹതപ്പെട്ട ആനുകൂല്യം നൽകാതിരുന്നതിന്റെ ഉത്തരവാദികൾ ആരെല്ലാമെന്ന് വ്യക്തമാക്കുമോ; എങ്കിൽ ഇവരുടെ അപേക്ഷ പൂഴ്ത്തി വച്ച ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത അപേക്ഷയിൽ തീർപ്പ് കൽപ്പിക്കാതെ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്നും പെൻഷനർക്ക് അർഹമായ തുകയുടെ ബാങ്ക് പലിശ ഉൾപ്പെടെ ഈടാക്കി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ദുരിതത്തിലും സാമ്പത്തിക പ്രയാസത്തിലും കഴിയുന്ന പ്രസ്തുത കുടുംബത്തിന്റെ അവസ്ഥ കണക്കിലെടുത്ത് കുടുംബപെൻഷൻ ഉൾപ്പെടെ മുഴുവൻ ആനുകൂല്യങ്ങളും നൽകുന്നതിനുള്ള നടപടിയും അതിൽ വീഴ്ച വരുത്തിയവർക്കെതിരെയുള്ള നടപടിയും അടിയന്തരമായി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>പട്ടണക്കാട് മിൽമ കാലിത്തീറ്റ ഫാക്ടറി</u>

3859 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല താലൂക്കിലെ പട്ടണക്കാട് മിൽമ കാലിത്തീറ്റ ഫാക്ടറി ഉല്പാദനത്തിലും വിതരണത്തിലും പ്രതിസന്ധി നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടി വിശദമാക്കാമോ?

## <u>മിൽമ ജീവനക്കാരുടെ ശമ്പളപരിഷ്കരണ കരാർ</u>

3860 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽമ ജീവനക്കാരുടെ നിലവിലെ ശമ്പളപരിഷ്കരണ കരാർ 30.06.2021-ൽ അവസാനിച്ചതിനെ തുടർന്ന് അഡീഷണൽ ലേബർ കമ്മീഷണറുടെ സാന്നിദ്ധ്യത്തിൽ 09.05.2023-ന് അംഗീകൃത ട്രേഡ് യൂണിയനും മാനേജ്മെന്റുമായി പുതുക്കിയ ശമ്പള കരാർ ഒപ്പു വെച്ചെങ്കിലും 13 മാസം പിന്നിട്ടിട്ടും സർക്കാർ അനുമതി ലഭിക്കാത്തതിനാൽ ശമ്പളപരിഷ്കരണം നടപ്പിലാക്കിയിട്ടില്ലെന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് അറിയിക്കാമോ; ശമ്പള പരിഷ്കരണ കരാറിന് അടിയന്തരമായി അംഗീകാരം നൽകി നടപ്പാക്കുമോയെന്ന് വ്യക്തമാക്കാമോ?

## <u>മിൽമയുടെ ഭരണഭാഷ മലയാളമാക്കാനും വിവരാവകാശ നിയമം 2005 നടപ്പാക്കാനും നടപടി</u>

3861 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് (മിൽമ) എന്ന സ്ഥാപനത്തിൽ വിവരാവകാശ നിയമം 2005 നടപ്പാക്കിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സ്ഥാപനത്തിൽ വിവരാവകാശ നിയമം നടപ്പാക്കാത്തതിനുള്ള കാരണമെന്തെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിലെ ഫയലുകൾ കൈകാര്യം ചെയ്യുന്നത് ഇംഗ്ലീഷ് ഭാഷയിലാണോ; എങ്കിൽ ഭരണഭാഷ മലയാളമാണെന്ന സർക്കാർ പ്രഖ്യാപനത്തിനു ശേഷവും പ്രസ്തുത സ്ഥാപനത്തിൽ ഇംഗ്ലീഷ് ഭാഷയിൽ ഫയലുകൾ കൈകാര്യം ചെയ്യുന്നതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(സി) മിൽമയുടെ ഭരണഭാഷ മലയാളമാക്കുന്നതിനും വിവരാവകാശ നിയമം നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

**<u>കോതമംഗലം ബ്ലോക്കിൽ ക്ഷീരവികസന സർവീസ് യൂണിറ്റ് ആരംഭിക്കുന്നതിന് നടപടി</u>**

3862 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ ക്ഷീരവികസന വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) കോതമംഗലം ബ്ലോക്കിൽ ഒരു ക്ഷീരവികസന സർവീസ് യൂണിറ്റ് കൂടി ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>പുതു തലമുറ ഉരുക്കളെ വളർത്തിയെടുക്കുന്നതിന് പ്രത്യേക പദ്ധതി</u>**

3863 **ശ്രീ എം രാജഗോപാലൻ**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതു തലമുറ ഉരുക്കളെ സംസ്ഥാനത്ത് തന്നെ വളർത്തിയെടുക്കുകയെന്ന ലക്ഷ്യത്തോടെ പ്രത്യേക പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നറിയിക്കുമോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്ന് അറിയിക്കാമോ;

(സി) കിടാരികളെ വാങ്ങുന്നതിന് കർഷകർക്ക് ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ; വ്യക്തമാക്കാമോ?

**<u>റിപ്പോർട്ടിന്മേൽ നടപടി</u>**

3864 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മേഖല സഹകരണ ക്ഷീരോത്പാദക യൂണിയനിൽ 1969 ലെ കേരള സഹകരണ സംഘം നിയമം, വകുപ്പ് 64 (10) പ്രകാരം 2024 ജനുവരി ഒന്നിന് സമർപ്പിച്ച അഡ്മിനിസ്ട്രേറ്റീവ് റിപ്പോർട്ട് പ്രകാരം മേഖല യൂണിയന് 93,40,970 രൂപ നഷ്ടമുണ്ടായതായി രേഖപ്പെടുത്തിയതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും നഷ്ടമുണ്ടായതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർ ആരൊക്കെയാണെന്നും അറിയിക്കുമോ ?

## <u>കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിലെ ഒഴിവുകൾ</u>

3865 **ശ്രീ. പി. വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ വർക്കർ/പ്ലാന്റ് അറ്റൻഡർ ഗ്രേഡ് III എന്ന തസ്തികയിൽ സംസ്ഥാനത്ത് ഏതെല്ലാം ജില്ലയിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് ഇനം തിരിച്ച് വിശദമാക്കാമോ;

(ബി) പി.എസ്.സി. മുഖേന കാറ്റഗറി നമ്പർ 066/2021 പ്രകാരം പ്രസ്തുത സ്ഥാപനത്തിൽ വർക്കർ/പ്ലാന്റ് അറ്റൻഡർ ഗ്രേഡ് III തസ്തികയിൽ നിയമിക്കുന്നതിനായി എത്ര പേർക്ക് നിയമന ഉത്തരവ് അയച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; നിയമന ഉത്തരവ് അയയ്ക്കുന്നത് സംബന്ധിച്ച നിലവിലെ സ്റ്റാറ്റസ് ലഭ്യമാക്കാമോ;

(സി) കേരള പി.എസ്.സി. കാറ്റഗറി നമ്പർ 066/2021 പ്രകാരം പ്രസ്തുത സ്ഥാപനത്തിൽ വർക്കർ/പ്ലാന്റ് അറ്റൻഡർ ഗ്രേഡ് III എന്ന തസ്തികയുടെ റാങ്ക് ലിസ്റ്റിന്റെ കാലാവധി 2024 ജൂൺ 15-ന് അവസാനിക്കുന്നതിനാൽ 2024 മാർച്ച് 15-ന് അഡ്വൈസ് മെമ്മോ അയച്ചവരുടെ നിയമന ഉത്തരവിനെ ഇത് ബാധിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

## <u>തൃശ്ശൂർ ജില്ലയിലെ മൊബൈൽ വെറ്ററിനറി യൂണിറ്റുകളുടെ സേവനം</u>

3866 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ഏതെല്ലാം ബ്ലോക്കുപഞ്ചായത്തുകളിൽ മൊബൈൽ വെറ്ററിനറി യൂണിറ്റുകളുടെ സേവനം ലഭിക്കുന്നുണ്ടെന്ന് വിശദമാക്കാമോ;

(ബി) അതു വഴി എന്തെല്ലാം സേവനങ്ങളാണ് ക്ഷീരകർഷകർക്ക് ലഭിക്കുന്നതെന്ന് വിശദമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
20-06-2024

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].